# ജീവമൊഴികൾ

വാല്യം 2 ഏപ്രിൽ 2004 ലക്കം 4



## ക്രിസ്തീയ ജീവിതത്തിന്റെ ഭദ്രത

എലിസബത്ത് ജിം എലിയറ്റ്

**എഡിറ്റോറിയൽ**

# ചോദ്യങ്ങൾ, ചോദ്യങ്ങൾ, ചോദ്യങ്ങൾ



1956 ജനുവരിയിലെ ഒരു പ്രഭാതം. തെക്കേ അമേരിക്കയിലെ ഇക്വഡോറിലുള്ള മിഷൻ കേന്ദ്രത്തിൽനിന്ന് ഒരു ഹെലിക്കോപ്റ്റർ പറന്നുയർന്നു. ഇക്വഡോർ വനാന്തരത്തിലെ കുറാറെ നദിക്കരയിലെ പാം ബീച്ചായിരുന്നു ലക്ഷ്യം.

മുപ്പതുവയസ്സിൽതാഴെ പ്രായമുള്ള അഞ്ചു യുവതികളായിരുന്നു ഹെലിക്കോപ്റ്ററിലെ യാത്രക്കാർ. ചില ദിവസങ്ങൾക്കു മുൻപാണ് അവർ അഞ്ചുപേരും പൊടുന്നനെ വിധവകളായത്. ഭർത്താക്കന്മാരുടെ ശവശരീരം പോലും ഒരുനോക്കുകാണുവാൻ അവർക്ക് കഴിഞ്ഞില്ല. ഭർത്താക്കന്മാരുടെ മൃതദേഹങ്ങൾ സംസ്കരിച്ച പാംബീച്ച് ഇപ്പോൾ ഹെലികോപ്റ്ററിലിരുന്ന് ഒന്നു കാണുക-അതായിരുന്നു ആ യാത്രയുടെ ഉദ്ദേശ്യം.

ഇരുപതാം നൂറ്റാണ്ടിലെ മിഷനറി പ്രവർത്തനങ്ങളുടെ ചരിത്രത്തിലെ ഏറ്റവും ധീരോദാത്തമായ ഒരേടാണ് ജിം എലിയറ്റിന്റേയും കൂട്ടരുടേയും സാഹസികയാത്രയും തുടർന്ന് സംഭവിച്ച രക്തസാക്ഷിമരണങ്ങളും. (ഇതിന്റെ വിശദമായ വിവരണം ഈ ലക്കം 'ജീവമൊഴികളിൽ' വായിക്കുക) പരിഷ്കൃതലോകത്തുനിന്ന് തങ്ങളുടെ അടുത്തേക്ക് വന്നിട്ടുള്ള എല്ലാവരേയും വകവരുത്തിയ ചരിത്രം മാത്രമുള്ള ഓക്ക വംശജർക്ക് ക്രിസ്തുവിന്റെ സ്നേഹത്തെ പരിചയപ്പെടുത്തുവാനാണ് ജിം എലിയറ്റ്, എഡ്വേർഡ്, പീറ്റ് ഫ്ളെമിങ്, റോജർ, നേറ്റ് സെയിന്റ് എന്നീ ചെറുപ്പക്കാർ ഏറെ പ്രാർത്ഥനയ്ക്കും തയ്യാറെടുപ്പിനുംശേഷം കൊടുംവനത്തിലേക്ക് പോയത്. ആദ്യം ഓക്ക വംശജർ സൗഹൃദം ഭാവിച്ചു. പക്ഷേ ഓർക്കാപ്പുറത്ത് അഞ്ച് മിഷനറിമാരേയും അവർ മൃഗീയമായി വധിച്ചു. മിഷൻ കേന്ദ്രത്തിൽനിന്നു പിന്നീട് അന്വേഷിച്ച് എത്തിയ സംഘം, ആ മൃതദേഹങ്ങൾ നാട്ടിലേക്കു കൊണ്ടുവരുവാൻ പറ്റിയ സ്ഥിതിയല്ലാത്തതിനാൽ ആ മണൽപ്പരപ്പിൽ തന്നെ മറവുചെയ്തശേഷം മടങ്ങുകയായിരുന്നു...

കുറാറെ നദിക്കരയിലെ ആ ബീച്ചിൽ ചെന്നിറങ്ങുന്നതു അപകടം ക്ഷണിച്ചു വരുത്തുകയാണെന്ന് ഉറപ്പുണ്ടായിരുന്നതിനാൽ ആ യുവവിധവകൾക്ക് ഹെലിക്കോപ്റ്റർ താണുപറക്കുമ്പോൾ അതിലിരുന്ന് ആ വിശാലമായ മണൽപ്പരപ്പ് ഒരുനോക്ക് കാണുകയേ നിർവാഹമുണ്ടായിരുന്നുള്ളു. ചില ദിവസങ്ങൾക്ക് മുൻപ് തങ്ങളോട് ചിരിച്ചു യാത്രപറഞ്ഞ് പോയ പ്രിയപ്പെട്ടവർ ഇന്ന് ഈ മണൽപ്പരപ്പിലെവിടെയോ ശാന്തമായി ഉറങ്ങുന്നു. അവരുടെ ചോരപുരണ്ട മണൽത്തരികളാണ് താഴെ നോക്കെത്താദൂരത്തോളം നീണ്ടുപരന്നു കിടക്കുന്നത്... ഹെലിക്കോപ്റ്ററിലിരുന്ന് നനഞ്ഞ കണ്ണുകളോടെ അവ്യക്തമായി ആ മണൽപ്പരപ്പ് ഒരുനോക്കു കണ്ടുപോകുമ്പോൾ ആ യുവതികളുടെ മനസ്സിലൂടെ എന്തെന്തു ചിന്തകളായിരിക്കും കടന്നുപോയിരിക്കുക? ഇതെല്ലാം എന്തിനുവേണ്ടി? തങ്ങളുടെ പ്രിയപ്പെട്ടവർ പവിത്രമായ ഒരു ഉദ്ദേശ്യത്തോടെയാണ് ഇവിടേക്ക് വന്നത്. എന്നിട്ടും ഈ മണൽപ്പരപ്പിൽ അവരുടെ ചോര ചിതറിവീണു. ഓർക്കാപ്പുറത്തുള്ള ആക്രമണത്തിൽ ഒന്ന് നിലവിളിക്കാൻപോലും ആകാതെ അവർ ഇവിടെ പിടഞ്ഞുവീണു. വെട്ടും കുത്തുമേറ്റ ആ ജഡങ്ങൾ ഇവിടെ അനാഥമായി വെയിലിൽ കരുവാളിച്ച് ദിവസങ്ങൾ കിടന്നു... ഇതെല്ലാം ദൈവം എന്തുകൊണ്ട് അനുവദിച്ചു? അവിടുന്ന് എന്തുകൊണ്ട് ഇതെല്ലാം നിശ്ശബ്ദമായി നോക്കിനിന്നു? ഭർത്താക്കന്മാരുടെ അന്ത്യവിശ്രമസ്ഥലം ഈ നിലയിൽ ഒന്നു സന്ദർശിച്ചുപോകുവാൻ മാത്രം തങ്ങളെ അനുവദിച്ചതിനുപിന്നിൽ എന്തു ദൈവിക ഉദ്ദേശ്യമാണുള്ളത്?... ചോദ്യങ്ങൾ, ചോദ്യങ്ങൾ. ഉത്തരമില്ലാത്ത ഒരു പിടി ചോദ്യങ്ങൾ.

പെട്ടെന്ന് ആ യുവതികളിലൊരാൾ-പീറ്റ് ഫ്ളെമിങിന്റെ ഭാര്യ ഒലീവ്-അന്നു രാവിലെ താൻ വായിച്ച ഒരു വചനം ഓർത്തു. "ഈ ഒരു കാര്യത്തിനായി ഞങ്ങളെ ഒരുക്കിയതു ദൈവംതന്നെയാണ്. ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം. ഞങ്ങൾക്ക് എല്ലായ്പ്പോഴും നല്ല ധൈര്യമുണ്ട്... എന്തെന്നാൽ ഞങ്ങൾ നയിക്കപ്പെടുന്നത് വിശ്വാസത്താലാണ്. കാഴ്ചയാലല്ല." (2 കൊരിന്ത്യർ 5:5-7). ദൈവം ഞങ്ങളെ സൃഷ്ടിക്കുകയും ഒരുക്കുകയും ചെയ്തത് ഈ ലക്ഷ്യത്തിനുവേണ്ടിയാണ്. ആത്മാവിനെ ഞങ്ങൾക്കു തന്നതും ഇതിനായാണ്. അതുകൊണ്ട് ഞങ്ങൾക്ക് നല്ല ധൈര്യമുണ്ട്. ഞങ്ങൾ കാഴ്ചയാലല്ല വിശ്വാസത്താലാണ് നയിക്കപ്പെടുന്നത്... ആ വചനം അവരെ ഉറപ്പിച്ചു. അവരുടെ ചോദ്യങ്ങൾ പ്രത്യാശയ്ക്കു വഴിമാറി.

ക്രിസ്തീയജീവിതം ഗൗരവമായി എടുത്തിട്ടുള്ളവരെല്ലാം ജീവിതത്തിൽ എപ്പോഴെങ്കിലുമൊക്കെ ഈമട്ടിൽ മറുപടിയില്ലാത്ത ചില ചോദ്യങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ടാവും. ദൈവം ഈ കാര്യങ്ങൾ അനുവദിച്ചതെന്തിനാണ്? തന്റെ മക്കൾ ആവശ്യമില്ലാതെ ദുഃഖിക്കുന്നത് ദൈവം എന്തുകൊണ്ടു നോക്കിനിൽക്കുന്നു? ഇതിലൂടെ ദൈവനാമത്തിന് എന്തു മഹത്വമാണു ലഭിക്കുന്നത്?...

'ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു' എന്നു തങ്ങളുടെ കറൻസിയിൽ രേഖപ്പെടുത്തിയിട്ടുള്ള, ക്രിസ്തീയ രാജ്യമെന്ന് അഭിമാനിക്കുന്ന, അമേരിക്ക ഒരു രാജ്യം എന്ന നിലയിൽ ഈ നിലയിലുള്ള ചോദ്യങ്ങളെ അടുത്തകാലത്ത് അഭിമുഖീകരിച്ചു. സെപ്റ്റംബർ 11ന് ഭീകരർ ടിൻ ടവർ തകർക്കുകയും അനേകം നിരപരാധികൾ പിടഞ്ഞുമരിക്കുകയും അമേരിക്ക മറ്റ് ലോകരാഷ്ട്രങ്ങളുടെ മുൻപിൽ പരിഹാസപാത്രമാകുകയും ചെയ്തപ്പോൾ ദേശീയതലത്തിൽ ഈ ചോദ്യങ്ങൾ ഉയർന്നുവന്നു. ദൈവം എന്തുകൊണ്ട് ഇതനുവദിച്ചു? 'തന്റെ മക്കൾക്കുള്ള ദിവ്യസംരക്ഷണം ഒരു കെട്ടുകഥയോ? നിരപരാധികൾ പിടഞ്ഞുമരിക്കുന്നത് ദൈവം എന്തുകൊണ്ടാണ് നോക്കിനിന്നത്? ഈ ചോദ്യങ്ങളെല്ലാം ഒടുവിൽ ഒരുചോദ്യത്തിൽവന്ന് കേന്ദ്രീകരിച്ചു- "കാരുണ്യവാനായ ദൈവം സെപ്റ്റംബർ 11ന് എവിടെയായിരുന്നു?"

ഡേവിഡ് വിൽക്കേഴ്സൺ ഉൾപ്പെടെയുള്ള ദൈവഭൃത്യന്മാർ ഒടുവിൽ ഈ ചോദ്യത്തിന് മറുപടിനൽകി. "തന്റെ ഏകജാതനായ പുത്രനെ കാൽവറിയിൽ ക്രൂശിക്കുകയും അപമാനിക്കുകയും ചെയ്തപ്പോൾ സർവ്വശക്തനായ ദൈവം എവിടെയായിരുന്നുവോ അവിടെ തന്നെയായിരുന്നു അവിടുന്നു സെപ്റ്റംബർ പതിനൊന്നിനും."

തന്റെ പുത്രൻ കാൽവറിയിൽ പിടഞ്ഞുമരിക്കുന്നതും അപമാനിക്കപ്പെടുന്നതും കണ്ടുകൊണ്ട് അതിൽ ഇടപെടാതെ ദൈവം എല്ലാം നിശ്ശബ്ദം കണ്ടുനിന്നെങ്കിൽ, നമ്മുടെ കാര്യത്തിൽ ഇപ്പോൾ ദൈവം എന്തുകൊണ്ട് ഇടപെടുന്നില്ലെന്നു ചോദിക്കാൻ നമുക്ക് എന്താണവകാശം? ദൈവം നമ്മുടെ പിതാവാണെന്നതു ശരി. പക്ഷേ ദൈവം ദൈവമാണെന്നും നാം ഓർക്കണം. നമ്മുടെ ചോദ്യങ്ങൾക്കെല്ലാം മറുപടി പറയുവാൻ അവിടുന്നു ബാധ്യസ്ഥനല്ല.

ബൈബിളിൽ ദൈവത്തോട് ഏറ്റവും കൂടുതൽ ചോദ്യം ചോദിച്ചിട്ടുള്ളത് ഇയ്യോബാണ്. ഇയ്യോബും സ്നേഹിതരും എത്രയെത്ര ചോദ്യങ്ങളാണ് ആ പുസ്തകത്തിൽ അന്യോന്യവും ദൈവത്തിനുനേരെയും തൊടുത്തുവിടുന്നത്? "സത്യത്തിൽ ഇയ്യോബും സ്നേഹിതരും തമ്മിൽ അടിസ്ഥാനപരമായ നിലപാടിൽ അഭിപ്രായവ്യത്യാസമില്ല. 'നിർദ്ദോഷിയായ ഒരുവനും നശിച്ചുപോകുകയില്ല' എന്ന കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരാണ്. അതുകൊണ്ട്, ഇയ്യോബ് നശിച്ചുപോകുന്നെങ്കിൽ അതിനു ദൈവ

*(ശേഷം പേജ് 19-ൽ)*

പേജ് 4 **വിശ്വാസത്തിന്റെ വിജയങ്ങൾ**
ഡി.എൽ. മൂഡി

പേജ് 5 **തക്കസമയത്ത് സഹായം**
സാക്പുന്നൻ

പേജ് 8 **വനാന്തരത്തിലെ ക്രിസ്തുവിന്റെ പോരാളികൾ**

പേജ് 10 **ക്രിസ്തീയജീവിതത്തിന്റെ ഭദ്രത**
എലിസബത്ത് ജിം എലിയറ്റ്

പേജ് 12 **ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല**
ഡേവിഡ് വിൽക്കേഴ്സൺ

പേജ് 16 **ആത്മാവിന്റെ ഫലം**
ജോസ് മാത്യു

പേജ് 18 **കാത്തിരിക്കുക**

പേജ് 19 **അധോലോകത്തിൽനിന്നുള്ള കത്തുകൾ**
സി.എസ്. ലൂയിസ്, മൊഴിമാറ്റം: സാജു ഏബ്രഹാം

പേജ് 23 **വാർത്തയും വിശകലനവും**

പേജ് 24 **താങ്കൾക്ക് താങ്കളെ അറിയാമോ?**
എ.ഡബ്ല്യൂ. ടോസർ


## വിചിന്തനത്തിന്

### നിത്യത

താൻ ദീർഘനാൾ ജീവിക്കുന്ന സ്ഥലത്തെക്കുറിച്ചാണല്ലോ ഒരുവൻ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്. എങ്കിൽ നിത്യതയെക്കുറിച്ചല്ലേ നാം ഏറ്റവും കൂടുതൽ ചിന്തിക്കേണ്ടത്?

**തോമസ് മാൻടൺ**

### ടോർച്ച് ലൈറ്റ്

അനുതാപമില്ലാത്ത അറിവ്, ആളുകളെ നരകത്തിലേക്ക് നയിക്കുന്ന ടോർച്ചുലൈറ്റുപോലെയാണ്.

**തോമസ് വാട്സൺ**


# ജീവമൊഴികൾ

**നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ**
*(യോഹ 6: 68)*

**എവിടെയുമുള്ള ക്രിസ്തുശിഷ്യന്മാരുടെ ആരോഗ്യകരമായ ആത്മീയവളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന ഒരു ക്രിസ്തീയകുടുംബമാസിക**

വാല്യം 2 ഏപ്രിൽ 2004 ലക്കം 4

ഫോട്ടോ: മുഖചിത്രം – അദിതി, കോട്ടയം



**എഡിറ്റോറിയൽ ബോർഡ്**

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സന്തോഷ് മാത്യു** (കോഴിക്കോട്)

**മാനേജർ**

**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479–2472643 (Res.)


**വാർഷികവരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |


*എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :*
**ജീവമൊഴികൾ**
**കുമാരനല്ലൂർ പി. ഒ., കോട്ടയം,**
**കേരള 686 016**
**ഫോൺ: 0481 – 2392753,**
e-mail : Info@jeevamozhikal.cjb.net


*മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.*


**വിദേശപ്രതിനിധികൾ**

*യു. എസ്. എ*
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
ഇ-മെയിൽ : benoyjames@hotmail.com

*ദുബായ്*
ഫ്രാൻസിസ് ജോൺ (റജി)
മൊബൈൽ: 97150 - 6584700
ഇ-മെയിൽ : francis@kitgulf.com

# ക്രിസ്ത്യാനിയുടെ പോരാട്ടം–II

## വിശ്വാസത്തിന്റെ വിജയങ്ങൾ

**ഡി.എൽ. മൂഡി**

**നാം** നമ്മുടെ എല്ലാ ശത്രുക്കളുടെമേലും ജയം നേടുന്നതെങ്ങനെയാണ്? ഗലാത്യർ 2:20ലേക്ക് ശ്രദ്ധതിരിക്കാം: “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്; ഇപ്പോൾ ഞാൻ ശരീരത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി സ്വയം ഏല്പിച്ചുകൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താലാണ്.” നാം വിശ്വാസത്താൽ ജീവിക്കുന്നു. വിശ്വാസത്താൽ നമുക്കീ ജീവിതം ലഭിക്കുകയും നാം ഇമ്മാനുവേലിനോട് (ദൈവം നമ്മോടുകൂടെ) കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്നു. എനിക്ക് ദൈവം ഉണ്ടെങ്കിൽ ഞാൻ ജയിക്കാൻ പോവുകയാണ്. ഈ അത്യന്തശക്തി നാം എങ്ങനെയാണ് നേടുന്നത്? *വിശ്വാസത്താൽ.*

അടുത്തതായി റോമർ 11:20ലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു: “അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി; നീ വിശ്വാസത്താൽ നിൽക്കുന്നു” യഹൂദന്മാർ തങ്ങളുടെ അവിശ്വാസം നിമിത്തം ഛേദിക്കപ്പെട്ടു; നാം നമ്മുടെ വിശ്വാസത്താൽ ഒട്ടിച്ചു ചേർക്കപ്പെട്ടു. *അതുകൊണ്ടു ശ്രദ്ധിക്കുക: നാം വിശ്വാസത്താൽ ജീവിക്കുകയും വിശ്വാസത്താൽ നിൽക്കുകയും ചെയ്യുന്നു.*

അടുത്തതായി, വിശ്വാസത്താൽ നാം നടക്കുന്നു 2 കൊരിന്ത്യർ 5:7: “നാം കാഴ്ചയാലല്ല, വിശ്വാസത്താലാണ് നടക്കുന്നത്.” എനിക്കറിയാവുന്ന എല്ലാ തെറ്റിപ്പോയിരിക്കുന്ന ക്രിസ്ത്യാനികളും കാഴ്ചയാൽ നടക്കുവാനിഷ്ടപ്പെടുന്നവരാണ്. അവർക്ക് ഒരു കാര്യം പര്യവസാനിക്കുന്നതെങ്ങനെയെന്ന് കണ്ടറിയണം. അത് വിശ്വാസത്താലുള്ള നടത്തമല്ല; കാഴ്ചയാലുള്ളതാണ്.

ഈ വ്യത്യാസത്തെ ഏറ്റവും നന്നായി ഉദാഹരിക്കുന്നത് യോസേഫിന്റേയും യാക്കോബിന്റെയും വ്യക്തിത്വങ്ങളാണെന്ന് ഞാൻ ചിന്തിക്കുന്നു. യാക്കോബ് കാഴ്ചയാൽ ദൈവത്തോടുകൂടെ നടന്ന ഒരു മനുഷ്യനായിരുന്നു. ബെഥേലിൽ വച്ചുള്ള അവന്റെ പ്രതിജ്ഞ നിങ്ങൾ ഓർക്കുന്നുവല്ലോ: “ദൈവം എന്നോടുകൂടെ ഇരിക്കുകയും, ഞാൻ പോകുന്ന വഴിയിൽ എന്നെ സൂക്ഷിക്കുകയും, എനിക്ക് ഭക്ഷിക്കുവാനാഹാരവും ധരിക്കുവാൻ വസ്ത്രവും നൽകുകയും ചെയ്ത് എന്റെ പിതൃഭവനത്തിൽ ഞാൻ സമാധാനത്തോടെ മടങ്ങിയെത്തുവാൻ സാധ്യമാക്കുമെങ്കിൽ, കർത്താവ് എന്റെ ദൈവമായിരിക്കും” യോസേഫ് ഈജിപ്റ്റിൽ നിന്ന് അയച്ചുകൊടുത്ത രഥങ്ങൾ കണ്ടപ്പോൾ യാക്കോബിന്റെ ഹൃദയം വീണ്ടും ചൈതന്യം പ്രാപിക്കുന്നതും നമ്മൾ ഓർക്കുന്നു. അവൻ അടയാളങ്ങൾ അന്വേഷിച്ചു. എന്നാൽ തന്റെ മകൻ യോസേഫ് കടന്നുപോയ തരത്തിലുള്ള പ്രലോഭനങ്ങളിലും പരീക്ഷകളിലും കൂടി അവന് ഒരിക്കലും കടന്നുപോകുവാൻ കഴിയുമായിരുന്നില്ല. യോസേഫ് ഒരു ഉന്നത നിലവാരം പുലർത്തുന്ന ക്രിസ്ത്യാനിയെ പ്രതിനിധാനം ചെയ്യുന്നു. അവന് ഇരുട്ടിൽ നടക്കുവാൻ കഴിഞ്ഞു. നല്ല സ്വപ്നങ്ങൾ കൈവശം ഇരിക്കെത്തന്നെ അവന് നിർഭാഗ്യകരമായ പതിമൂന്ന് വർഷങ്ങളെ അതിജീവിക്കുവാൻ കഴിഞ്ഞു. അതെല്ലാം അവന് നന്മയ്ക്കും ദൈവത്തിന്റെ കരുതലിനും കാരണമായിട്ടു ഭവിക്കുകയും ചെയ്തു.

> **വിശ്വാസത്താൽ നമുക്ക് സാത്താനെ ജയിക്കുവാൻ കഴിയും. ക്രിസ്തുവിൽ വിശ്വസിക്കുന്നതിനേക്കാൾ കൂടുതലായി ശത്രുവിൽ വിശ്വസിക്കുമ്പോൾ നിങ്ങൾ പേടിക്കുന്നു.**

ലോത്തും അബ്രഹാമും മറ്റൊരു നല്ല ദൃഷ്ടാന്തമാണ്. ലോത്ത് അബ്രഹാമിനെ വിട്ടുപിരിഞ്ഞ് സോദോമിന്റെ സമതലങ്ങളിൽ ചെന്നുപാർത്തു. അവന് നല്ല വിശാലമായ മേച്ചിൽപ്പുറങ്ങൾ കിട്ടി. എന്നാൽ അവന് ലഭിച്ചതോ ദുഷ്ടരായ അയൽവാസികളെയാണ്. ഒരു ബലഹീനവ്യക്തിയായിരുന്നതിനാൽ ശക്തിസംഭരിക്കുന്നതിന് അവന് അബ്രഹാമിന്റെ സംരക്ഷണം വേണ്ടിവന്നു. അനേകം ആളുകളും ഇതുപോലെയാണ്. അവരുടെ അമ്മമാർ ജീവിച്ചിരിക്കുന്നിടത്തോളം, അല്ലെങ്കിൽ അവർ ഏതെങ്കിലും ദൈവപുരുഷനാൽ താങ്ങിനിർത്തപ്പെടുന്നിടത്തോളം, വളരെ നന്നായി വർത്തിക്കുന്നു; എന്നാൽ അവർക്ക് ഒറ്റയ്ക്ക് നിൽക്കാനാവുന്നില്ല. ലോത്ത് കാഴ്ചയാൽ നടന്നു, എന്നാൽ അബ്രഹാം വിശ്വാസത്താൽ നടന്നു; അവൻ ദൈവത്തിന്റെ കാല്പാടുകൾ പിൻപറ്റി. “വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്ക് യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു. എവിടേക്ക് പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്നു വാഗ്ദത്തത്തിനു കൂട്ടവകാശികളായ ഇസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു.”

അടുത്തതായി നാം പോരാടുന്നത് വിശ്വാസത്താലാണ്. എഫേസ്യർ 6-ാം അദ്ധ്യായം 16-ാം വാക്യം “എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കേയും കെടുത്തുവാൻ തക്കതായ വിശ്വാസമെന്ന പരിച എടുത്തുംകൊണ്ട് നിൽക്കുവിൻ.” സാത്താന് നമ്മുടെ നേരെ എയ്യുവാൻ കഴിയുന്ന എല്ലാ തീയമ്പുകളേയും വിശ്വാസത്താൽ നമുക്ക് കെടുത്തുവാൻ കഴിയും. വിശ്വാസത്താൽ നമുക്ക് ദുഷ്ടനെ (സാത്താനെ) ജയിക്കുവാൻ കഴിയും. ക്രിസ്തുവിൽ വിശ്വസിക്കുന്നതിനേക്കാൾ കൂടുതലായി ശത്രുവിൽ വിശ്വസിക്കുമ്പോൾ നിങ്ങൾ പേടിക്കുന്നു.

അമേരിക്കയിൽ യുദ്ധം നടക്കുന്ന കാലത്ത് ലിങ്കന്റെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന സെവാർഡ് എന്ന കുശാഗ്രബുദ്ധിയായിരുന്ന രാജ്യതന്ത്രജ്ഞൻ, യുദ്ധം തൊണ്ണൂറ് ദിവസംകൊണ്ടവസാനിക്കുമെന്ന് പ്രവചിച്ചു. പതിനായിരക്കണക്കിന് യുവാക്കൾ ഇതുവിശ്വസിച്ച് തെക്കൻ നാട്ടിനോട് പോരാടുവാനായി സന്നദ്ധസേവകരായി മുന്നോട്ടുവന്ന് ഡിക്സിയിലേക്ക് പോയി.

*ശേഷം പേജ് 6-ൽ*

## അല്പകാര്യങ്ങളുടെ ദിവസം -3

# തക്കസമയത്ത് സഹായം

**സാക്പുന്നൻ**

**1**959 ജൂലായ്മാസം. കൊച്ചിയിലെ നേവൽബേസിൽ താമസിക്കുന്ന കാലം. ഒരു നാവിക ആഫീസറായി എനിക്ക് നിയമനം ലഭിച്ച ആദ്യ ദിനങ്ങൾ. ദൈവത്തിന്റെ രക്ഷയെപ്പറ്റിയുള്ള ഉറപ്പും എനിക്ക് ആ മാസം തന്നെയായിരുന്നു ലഭിച്ചത്. പൂർണ്ണമായും കർത്താവിനായി ജീവിക്കുവാൻ ഞാൻ തീരുമാനം എടുത്തിരുന്നു.

ഒരു സായാഹ്നം. എന്റെ രണ്ട് സഹപ്രവർത്തകരായ സ്നേഹിതർ എന്റെ അടുത്തുവന്ന് അന്ന് വൈകിട്ട് നേവൽബേസിലെ സിനിമാശാലയിൽ പ്രദർശിപ്പിക്കാൻപോകുന്ന ഒരു നല്ല സിനിമയെപ്പറ്റി സംസാരിക്കയും ഞങ്ങൾ മൂവരുംകൂടി ആദ്യപ്രദർശനത്തിന് പോകണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഇതിനുമുമ്പ് അവരോടൊത്ത് ഒന്നലധികം തവണ ഞാൻ സിനിമ കാണാൻ പോയിരുന്നു. എന്നാൽ ഇന്ന് ഞാൻ വീണ്ടും ജനനം പ്രാപിച്ചിരിക്കുന്നു. ഇത്തരം സിനിമകൾ കാണാൻ ഇനി പോകേണ്ട എന്ന് ഞാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. സിനിമ കാണാനുള്ള മോഹം തന്നെ കർത്താവ് എന്റെ ഹൃദയത്തിൽനിന്ന് നീക്കിയിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ വീണ്ടും ജനനം പ്രാപിച്ച ഒരു ക്രിസ്ത്യാനിയാണ് എന്ന് എന്റെ സ്നേഹിതരോട് പറയുവാൻ ഉള്ള ധൈര്യം എനിക്കില്ലായിരുന്നു. അതിനാൽ ഞാൻ അവരോടൊത്ത് സിനിമാശാല ലക്ഷ്യമാക്കി പുറപ്പെട്ടു. എന്നാൽ ആ യാത്രയിലുടനീളം ഈ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ നിന്നും എന്നെ ഏതുവിധമെങ്കിലും രക്ഷിക്കണമേ എന്ന പ്രാർത്ഥനയായിരുന്നു, ഒരു കരച്ചിലായി എന്നിൽ നിറഞ്ഞു നിന്നിരുന്നത്.

അത്ഭുതമെന്നുപറയട്ടെ, തീയേറ്ററിൽ എത്തിയപ്പോൾ ഭിത്തിയിൽ ഒരു നോട്ടീസ് പതിച്ചിരിക്കുന്നതാണ് ഞങ്ങൾ കണ്ടത്. സിനിമാ പ്രദർശനത്തിനാവശ്യമായ ഫിലിം റീലുകൾ തക്കസമയത്ത് എത്തിച്ചേരാത്തതിനാൽ അന്നത്തെ പ്രദർശനം റദ്ദുചെയ്തിരിക്കുന്നു എന്ന അറിയിപ്പായിരുന്നു അത്. താമസസ്ഥലത്തേക്കുള്ള മടക്കയാത്രയിൽ എന്റെ സ്നേഹിതർ ഇരുവരും അത്യധികം നിരാശരായിരുന്നു. എന്നാൽ എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. ദൈവം എനിക്കുവേണ്ടി ഒരു അത്ഭുതം ചെയ്തിരിക്കുന്നു എന്ന് ഗ്രഹിച്ച് ഞാൻ അത്യധികം സന്തോഷിച്ചു. ഈ സംഭവം എന്റെ വിശ്വാസത്തെ വളരെയധികം ശക്തിപ്പെടുത്തി എന്നു മാത്രമല്ല, "ആവശ്യ സമയത്ത് ഏറ്റവും അടുത്ത തുണയായ" (സങ്കീർ.46:1) ഒരു പിതാവ് എനിക്കായി സ്വർഗ്ഗത്തിൽ ഉണ്ട് എന്ന ബോദ്ധ്യവും എന്നിൽ ഉറയ്ക്കാൻ ഇടയായി. എന്റെ അധരങ്ങൾ കൊണ്ട് ഉച്ചരിക്കുക പോലും ചെയ്യാതെ എന്റെ ഹൃദയത്തിലെ കരച്ചിൽ മാത്രം കേട്ട് ദൈവം എനിക്ക് ഉത്തരം നൽകുകയായിരുന്നു.

പ്രാർത്ഥനയ്ക്കുള്ള അത്ഭുതകരമായ ഈ മറുപടി എനിക്ക് ആദ്യ അനുഭവമായിരുന്നു. തന്റെ മക്കൾക്കായി അത്ഭുതങ്ങൾ ചെയ്യുന്ന ഒരു പിതാവാണ് ദൈവം. ദൈവവചനം പറയുന്നു:-"യഹോവയിൽ തന്നേ രസിച്ചുകൊൾക;അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും."മുകളിൽ സൂചിപ്പിച്ച ആ ദിവസം ഞാൻ കർത്താവിൽ മാത്രം സന്തോഷിക്കുകയായിരുന്നു. മറ്റൊന്നും ഞാൻ ആഗ്രഹിച്ചിരുന്നില്ല. എന്റെ ഹൃദയത്തിന്റെ ആഗ്രഹം ആ സിനിമ കാണാൻ എനിക്ക് ഇടയാകരുത് എന്നായിരുന്നു. എന്റെ ഹൃദയത്തിലെ ആ ആഗ്രഹം അവിടുന്ന് എനിക്ക് നൽകുകയും ചെയ്തു.

ഞാൻ എന്റെ മുറിയിൽ മടങ്ങിയെത്തിയശേഷം കർത്താവ് എന്നോട് പറഞ്ഞത്. "അന്ന് എനിക്കുവേണ്ടി പ്രവർത്തിച്ച വിധത്തിൽ വീണ്ടും പ്രവർത്തിക്കും എന്ന് പ്രതീക്ഷിക്കരുത്" എന്നാണ്. ഇനി ഒരു അവസരം വന്നാൽ ഞാൻ തന്നെ എന്റെ സ്നേഹിതരോട് 'ഇല്ല' എന്ന് പറയാൻ ധൈര്യപ്പെടണം. അങ്ങനെ മാത്രമേ എനിക്ക് കൃപയിൽ ശക്തിപ്പെടുവാൻ കഴികയുള്ളൂ എന്നും ദൈവം എന്നെ മനസ്സിലാക്കി. ഓരോ തവണയും ദൈവം ഇപ്രകാരം അത്ഭുതം പ്രവർത്തിച്ചാൽ ഞാൻ ഒരിക്കലും ദൈവകൃപയിൽ ശക്തിപ്പെടുകയും ധൈര്യശാലിയായിത്തീരുകയും ചെയ്യുകയില്ല. അടുത്ത തവണ എന്റെ സ്നേഹിതർ എന്നേ സിനിമയ്ക്ക് പോകാൻ ക്ഷണിച്ചപ്പോൾ ധൈര്യപൂർവ്വം അവരോട് ഞാൻ ഒരു ക്രിസ്ത്യാനി ആയിത്തീർന്നതിനാൽ മേലാൽ സിനിമാകാണാൻ വരുന്നില്ല എന്ന് പറയാൻ എനിക്കു കഴിഞ്ഞു.

നമ്മുടെ പല പ്രാർത്ഥനകൾക്കും ദൈവം മറുപടി നൽകാത്തത് എന്തുകൊണ്ടാണെന്ന് അന്ന് എനിക്ക് മനസ്സിലായി. മിക്കപ്പോഴും നാം നമ്മുടെ ജീവിതം ആയാസരഹിതമാക്കാൻ അത്ഭുതങ്ങൾ ചെയ്യാനാണ് പ്രാർത്ഥിക്കുന്നത്. നമ്മുടെ ഇത്തരം അപേക്ഷകൾ എല്ലാം ദൈവം നൽകിയാൽ നാം ദുർമേദസ്സുള്ള, അലസരായ, ക്രിസ്ത്യാനികൾ ആയിത്തീരുകയായിരിക്കും ഫലം. എന്നാൽ നാം ശക്തരും, ഓജസ്സുള്ളവരും, ധീരരും ആയിത്തീരാൻ ദൈവം ആഗ്രഹിക്കുന്നു. എന്നിരുന്നാലും ചിലപ്പോഴൊക്കെ അത്ഭുതകരമായ നിലയിൽ ഉത്തരം നൽകി ദൈവം നമ്മേ ഉത്സാഹിപ്പിക്കാറുണ്ട് താനും. എന്നാൽ മിക്കപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് മറുപടി നൽകാത്തത് നാം ബലഹീനരും ഭീരുക്കളും ആയി തുടരാതിരിക്കാൻ തന്നെയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയതിനാൽ പ്രാർത്ഥനയെക്കുറിച്ചുള്ള പലരഹസ്യങ്ങളുടെയും ചുരുളഴിയുവാൻ ഇടയായിട്ടുണ്ട്.

കഴിഞ്ഞ 45 വർഷങ്ങളായി ദൈവം എന്റെ എല്ലാ പ്രാർത്ഥനകൾക്കും മറുപടി നൽകിയിട്ടുണ്ട്- അതേ നൂറുശതമാനം മറുപടികൾ! ഈ കാര്യം നിങ്ങളെ അത്ഭുതപ്പെടുത്തുന്നുണ്ടോ? ഞാൻ വിശദീകരിക്കാം. ട്രാഫിക്ക് ലൈറ്റിലെ മൂന്നുതരം വെളിച്ചങ്ങൾപോലെയാണ് ദൈവത്തിന്റെ മറുപടികൾ. ചിലപ്പോൾ പ്രാർത്ഥനയ്ക്ക് അതേ (പച്ച ലൈറ്റ്) എന്നാവും മറുപടി. മറ്റു ചില സന്ദർഭങ്ങളിൽ ഇല്ല, സാദ്ധ്യമല്ല (ചുവപ്പ് ലൈറ്റ്) എന്നുള്ള മറുപടി ഉണ്ടാകും. എല്ലാ പ്രാർത്ഥനകൾക്കും മറുപടി ഉണ്ടെന്നുള്ളത് ഉറപ്പാണ്. ട്രാഫിക്ക് ലൈറ്റ് അനുസരിക്കുന്നത് എത്രയധികം സുരക്ഷിതമാണെന്ന് പറയേണ്ടല്ലോ. ദൈവത്തിന്റെ മറുപടി എന്തുതന്നെ ആയാലും ഹൃദയംഗമമായി അത് സ്വീകരിക്കുന്നതിലാണ് ഞാൻ എന്റെ സുരക്ഷിതത്വം കണ്ടെത്തിയിരിക്കുന്നത്.

●

## *വിശ്വാസത്തിന്റെ വിജയങ്ങൾ* (4-ാം പേജിൽ നിന്ന് തുടർച്ച)

തൊണ്ണൂറ് ദിവസത്തിനകം മടങ്ങിയെത്താനാവുമെന്ന് അവർ വിചാരിച്ചു. എന്നാൽ യുദ്ധം നാലുവർഷം നീണ്ടുനിൽക്കുകയും, അഞ്ചുലക്ഷത്തോളം പേരുടെ ജീവൻ നഷ്ടപ്പെടുകയുമുണ്ടായി. അതിന്റെ കാരണമെന്തായിരുന്നു? വടക്കൻ നാട്ടുകാർ സങ്കല്പിച്ചതിനെക്കാൾ ശക്തരായിരുന്നു തെക്കൻ നാട്ടുകാർ.

യേശുക്രിസ്തു അത്തരം തെറ്റുവരുത്തുന്നില്ല. തന്റെ സേവനത്തിനായി ഒരുവനെ പേരുചേർക്കുമ്പോൾ, അവിടുന്ന് അവനെ പോരാട്ടത്തിന്റെ ഇരുണ്ടവശം കാണിക്കുന്നു. സ്വയത്തെ ത്യജിക്കുന്ന ഒരു ജീവിതം നയിക്കണെമെന്ന് അവിടുന്നു അവനെ അറിയിക്കുന്നു. കാൽവരിയുടെ പാതയിലൂടെ പോകാൻ തയ്യാറല്ലാത്ത ഒരുവന് സ്വർഗ്ഗത്തിൽ പോകാനാവില്ല. കുരിശില്ലാത്ത ക്രിസ്ത്യാനിത്വമാണ് അനേകരും ഇഷ്ടപ്പെടുന്നത്. എന്നാൽ ആ വഴിയിലൂടെ ഒരുവന് സ്വർഗ്ഗത്തിലെത്താൻ സാധ്യമല്ല. യേശുക്രിസ്തുവിന്റെ ശിഷ്യരായിരിക്കണമെങ്കിൽ, നാം നമ്മെതന്നെ ത്യജിച്ച്, നമ്മുടെ ക്രൂശെടുത്തുകൊണ്ട് അവനെ അനുഗമിക്കണം.

അതുകൊണ്ട് നമുക്ക് അതിന്റെ വില കണക്കാക്കാം. നിങ്ങൾ നസറായനെ അനുഗമിക്കുന്നെങ്കിൽ നിങ്ങൾക്ക് പോരാട്ടങ്ങളൊന്നുമില്ലെന്ന് ചിന്തിക്കരുത്. അനേകം പോരാട്ടങ്ങൾ നിങ്ങളുടെ മുന്നിലുണ്ട്. എനിക്ക് പതിനായിരം പേരുണ്ടായിരുന്നാലും എന്നെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു അവരെക്കാൾ ശ്രേഷ്ഠനായിരിക്കണം. തങ്ങൾ ജയിക്കുമെന്ന് മനുഷ്യർക്ക് വിശ്വാസമുണ്ടെങ്കിൽ അവർ യുദ്ധത്തിന് വിസമ്മതിക്കുകയില്ല. ദൈവത്തിനു നന്ദി, നാം തയ്യാറാണെങ്കിൽ നമ്മിൽ ഓരോരുത്തരും വിജയം നേടും. ശത്രുവിന്റെ യാഥാർത്ഥശക്തിയെ ചെറുതായി കാണുന്നതുകൊണ്ടാണ് പലരും തോല്ക്കുന്നത്. എന്റെ പ്രിയസ്നേഹിതരേ, നിങ്ങൾക്കും എനിക്കും നേരിടുവാനുള്ളത് ഒരു ഭയങ്കരനായ ശത്രുവിനെയാണ്. സാത്താൻ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. നിങ്ങൾ ആത്മീയമായി മരിച്ചവരല്ലെങ്കിൽ, നിങ്ങൾ പോരാട്ടത്തിലാണ്. നമ്മുടെ ചുറ്റുപാടുമുള്ള എല്ലാംതന്നെ നമ്മെ ദൈവത്തിൽനിന്ന് തടസ്സങ്ങളൊന്നുമില്ലാത്ത ഒരു പാതയിൽക്കൂടെയല്ല ദൈവമഹത്വത്തിലേക്ക് പ്രവേശിപ്പിക്കുന്നത്. നമുക്കു മരുഭൂമിയിലൂടെയുള്ള യാത്രയെയും, വിവിധസ്ഥലങ്ങളിലെ ശത്രുക്കളെയും തരണം ചെയ്യേണ്ടതുണ്ട്.

സഭയിൽ ചേരുന്നതാണ് താൻ ചെയ്യേണ്ട ഏക കാര്യമെന്ന് ഒരു പുരുഷനോ സ്ത്രീയോ ചിന്തിക്കാതിരിക്കട്ടെ. അതു നിങ്ങളെ രക്ഷിക്കുകയില്ല. ചോദ്യമിതാണ്, നിങ്ങൾ ലോകത്തെ ജയിക്കുകയാണോ, അതോ ലോകം നിങ്ങളെ ജയിക്കുകയാണോ? അഞ്ചുവർഷം മുമ്പുണ്ടായിരുന്നതിനെക്കാൾ ഇപ്പോൾ നിങ്ങൾ ക്ഷമയുള്ളവനാണോ? അങ്ങനെയല്ലെങ്കിൽ, നിങ്ങൾ ഒരു സഭയിൽ അംഗമായിരുന്നാൽത്തന്നെയും ലോകം നിങ്ങളെ ജയിക്കുകയാണ്. പൗലോസ് തീത്തോസിന് എഴുതിയ ലേഖനത്തിൽ നാം ക്ഷമയിലും, വിശ്വാസത്തിലും, സ്നേഹത്തിലും ആരോഗ്യമുള്ളവരായിരിക്കണം എന്നു പറഞ്ഞിരിക്കുന്നു. ചില സ്ഥാനങ്ങളിൽ നന്നായിരിക്കുന്ന ധാരാളം ക്രിസ്ത്യാനികളുണ്ട്. എന്നാൽ അവർ മറ്റു സ്ഥാനങ്ങളിൽ ഏറെ മോശക്കാരായിരിക്കുന്നു. അവരിൽ വളരെക്കുറച്ചുപേർ മാത്രമേ രക്ഷപ്പെട്ടുകാണുന്നുള്ളുവെന്ന് നിങ്ങൾക്കറിയാം. അവർ തങ്ങളുടെ സ്വഭാവമാഹാത്മ്യം ചിട്ടപ്പെടുത്തിയിട്ടില്ല. തങ്ങൾക്ക് ജയിക്കാനുള്ളത് ഒരു ഘോരനായ ശത്രുവിനെയാണെന്നുള്ള കാര്യത്തിൽ അവർക്ക് ശിക്ഷണം ലഭിച്ചിട്ടില്ലാത്തതാണതിന്റെ കാരണം.

ഒരുവൻ ക്രിസ്ത്യാനിയാണോ എന്നറിയുവാൻ, ഞാൻ അവന്റെ ശുശ്രൂഷ മാനദണ്ഡമായിട്ടെടുക്കാറില്ല. എന്നാൽ ഞാൻ അവന്റെ ഭാര്യയോട് അന്വേഷിക്കും. ഭവനത്തിലാണ് നമുക്ക് കൂടുതൽ ദൈവഭക്തി ആവശ്യമായിരിക്കുന്നതെന്ന് ഞാൻ നിങ്ങളോട് പറയുന്നു. തന്റെ ഭാര്യയെ വേണ്ടതുപോലെ പരിഗണിക്കാത്ത ഒരുവന്റെ ക്രിസ്തീയതയെക്കുറിച്ചുള്ള സംസാരം എനിക്കു കേൾക്കേണ്ട. തന്റെ കുടുംബത്തിന്റെ രക്ഷയെക്കുറിച്ച് വിചാരമില്ലാത്ത അവൻ മറ്റൊരുവന്റെ രക്ഷയെക്കുറിച്ച് സംസാരിക്കുന്നതിന്റെ അർത്ഥമെന്താണ്? നമ്മുടെ ഭവനങ്ങളിലേക്കും ദൈനംദിനജീവിങ്ങളിലേക്കും കടന്നുചെല്ലുന്ന ഒരു ക്രിസ്തീയതയാണ് നമുക്ക് ആവശ്യമായിരിക്കുന്നത്. ചിലരുടെ മതഭക്തി എന്നെ വളരെ ചിന്തിപ്പിച്ചിട്ടുണ്ട്. അവർ വളരെ വിശുദ്ധരാണെന്ന് തോന്നത്തക്കവണ്ണം വശ്യമായ ശബ്ദത്തിൽ, മതഭക്തിയുടെ സ്വരത്തിൽ വളരെ ഭക്തിപുരസ്സരം ഞായറാഴ്ച സംസാരിക്കുന്നു. എന്നാൽ തിങ്കളാഴ്ച അവർ തികച്ചും വ്യത്യസ്തരാണ്. അവർ തങ്ങളുടെ വസ്ത്രത്തോടൊപ്പം ദൈവഭക്തിയും മാറ്റിവയ്ക്കുന്നു. അടുത്ത ഞായറാഴ്ചവരെ അതിന്റെ ഒരംശവും നിങ്ങൾക്ക് അവരിൽ കാണുവാൻ കഴിയുകയില്ല. ഇതുകേട്ട് നിങ്ങൾ ചിരിച്ചേക്കാം; എന്നാൽ നാം ആ വിഭാഗത്തിൽപ്പെടുന്നില്ലെന്ന് നമുക്ക് ഉറപ്പുവരുത്താം.

എന്റെ സ്നേഹിതരേ, നമുക്ക് ഉന്നതനിലവാരത്തിലുള്ള ക്രിസ്തീയതയാണ് ആവശ്യമായിരിക്കുന്നത്. അല്ലെങ്കിൽ സഭയുടെ ലക്ഷ്യം നിറവേറുന്നില്ല. പുരുഷന്മാരോ സ്ത്രീകളോ, തങ്ങൾക്ക് ഇല്ലാത്തത് ഉണ്ടെന്ന് ഭാവിക്കുന്നത് തെറ്റാണ്. നിങ്ങൾ പ്രലോഭനങ്ങളെ ജയിക്കുന്നില്ലെങ്കിൽ, ലോകം നിങ്ങളെ ജയിക്കുകയാണ്. സ്നേഹിതരേ, നമുക്ക് ദൈവത്തിന്റെ അടുത്തു ചെന്നു നമ്മെ പരിശോധിക്കുവാൻ തന്നോട് അപേക്ഷിക്കാം. നമ്മെ ഉണർത്തുവാൻ പറയാം. നാം സഭയിലെ അംഗങ്ങലായിരിക്കുന്നതുകൊണ്ട് നാം ശരിയായിരിക്കുന്നുവെന്ന് നമുക്ക് ചിന്തിക്കാതിരിക്കാം. നാം പാപത്തിന്മേൽ ജയം നേടുന്നില്ലെങ്കിൽ നാം മുഴുവൻ തെറ്റുകാർ തന്നെ.

*(അവസാനിച്ചു)*

***മൊഴിമാറ്റം: എസ്. സുഭാഷ്***
***തിരുവനന്തപുരം***

## *ഏറ്റവും ഉത്തമമായത്*

**എ. ബി. സിംപ്സൺ**

*ശോധനകളെ സധൈര്യം നേരിടുന്ന ചുരുക്കം പേർക്ക്*
*ദൈവം ഏറ്റവും ഉത്തമമായതു നൽകുന്നു.*
*ഏറ്റവും ഉത്തമമായത് ലക്ഷ്യംവയ്ക്കാത്തവർക്ക്*
*രണ്ടാംതരംകൊണ്ടു തൃപ്തിയടയേണ്ടിവരും.*

*ഏറ്റവും ഉത്തമമായതു ചിലർ അന്വേഷിക്കാൻ*
*ആരംഭിക്കുമെങ്കിലും ശോധന കഠിനമാകുമ്പോൾ*
*ക്രൂശിന്റെ മാർഗ്ഗം ത്യജിച്ചു പിൻവാങ്ങി*
*ഏറ്റവും ഉത്തമമായതു അവർക്കു നഷ്ടമാകുന്നു.*

*മറ്റുള്ളവർ രണ്ടാംതരംകൊണ്ടു തൃപ്തരായാലും*
*അവിടുത്തെ ഏറ്റവും ഉത്തമമായതുതന്നേ,*
*കർത്താവേ, എനിക്കു നൽകേണമേ!*
*അവർ നല്ലതെന്നു വിളിക്കുന്നതൊന്നും*
*സത്യത്തിൽ എന്നെ ആകർഷിക്കുന്നില്ല.*

*ഈ ഹ്രസ്വജീവിതത്തിൽ ദൈവത്തേയും*
*മറ്റുള്ളവരേയും ശുശ്രൂഷിക്കാൻ എനിക്ക്*
*ഏറ്റവും ഉത്തമമായതെല്ലാം വേണം.*
*കർത്താവേ, അവിടുത്തെ ഏറ്റവും ഉത്തമനായ*
*ശിഷ്യനാക്കി അടിയനെ തീർക്കേണമേ.*

# തെറ്റിപ്പോയ ഒരാളെ തിരുത്തേണ്ടതെങ്ങനെ?

**ജോൺ വെസ്ലി**

ഒരു സഹോദരൻ വഴിതെറ്റി എന്ന് നിനക്ക് തോന്നുന്നുവോ? ഒരു പക്ഷേ നിന്റെ തോന്നൽ ശരിയാകാം. എന്നാൽ ഒരുകാര്യംകൂടി ചിന്തിക്കുക. അവന്റെ മനസ്സ് ഒരു പുതിയ ബോധ്യത്തിനായി തിരുത്തപ്പെടേണ്ട ആവശ്യമുണ്ടാകാം. വഴി കൂടുതൽ കൃത്യതയോടെ അറിയുവാൻ അവൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടാവാം.

അവൻ കാണുന്നതിനേക്കാൾ കാര്യങ്ങൾ കൂടുതൽ വ്യക്തമായി കാണാൻ നിനക്ക് കഴിയുന്നുണ്ട് എന്ന് ബോധ്യമുണ്ടോ? അങ്ങനെ എങ്കിൽ നീ തന്നെ തെറ്റിപ്പോയ ഒരുവനാണെങ്കിൽ എങ്ങനെ പരിഗണിക്കപ്പെടാന് ആഗ്രഹിക്കുന്നുവോ അതേവിധത്തിൽ അവനോടും പെരുമാറുക. ഇതുവരെ അവൻ ഗ്രഹിച്ചിട്ടുള്ളതിലും മെച്ചമായ വഴി അവന് ചൂണ്ടിക്കാണിച്ചുകൊടുക്കുക. തിരുവചനത്തിൽനിന്നും വ്യക്തമായ തെളിവോടുകൂടി ആ കാര്യം അവനെ കാണിച്ചുകൊടുക്കുക.

അതിനുശേഷവും അവൻ തനിക്ക് പരിചയമുള്ള പാതയിൽ തന്നെ തുടരുകയും ആ പാത വിട്ടുമാറാൻ വിമുഖത കാണിക്കുകയും ചെയ്താൽ:-

അവനോട് തികഞ്ഞ ക്ഷമ കാണിക്കുകയും അവനോടൊപ്പം കുറേസമയം ചെലവഴിക്കുകയും ചെയ്യുക. അവന് കഴിയുന്നത്ര വേഗതയിൽ അവനോടൊപ്പം നടക്കാൻ ശ്രമിക്കുക.

വേഗത്തിൽ മുമ്പോട്ട് പോകാനായി അവനെ അസഹ്യപ്പെടുത്താതിരിക്കുക. ഒരുപക്ഷേ സാവധാനത്തിലേ അവന് നടക്കാൻ കഴിയൂ. അല്ലാത്തപക്ഷം അവന് മുന്നോട്ടപോകാനേ കഴിയുകയില്ല.

ശരിയായ വഴിയിലേക്ക് അവനെ കൊണ്ടുവരാനായി അവനെ കഠിനരീതിയിൽ സംബോധന ചെയ്യാതിരിക്കുക.

അവനെ കോപിപ്പിക്കാതിരിക്കുക. മറ്റുള്ളവരിൽ ഒരിക്കലും കോപാഗ്നി കത്തിക്കുകയോ ആ അഗ്നിജ്വാല ഊതി വർദ്ധിപ്പിക്കുകയോ ചെയ്യാതിരിക്കു. ഒരുപക്ഷേ നരകത്തിലേക്ക് നയിക്കുന്ന ആ ജ്വാലയിൽ സത്യം ദർശിക്കാൻ കഴിയുമെങ്കിലും ആ കാഴ്ച ആത്യന്തികമായ നഷ്ടമേ ഉളവാക്കൂ.

എല്ലാ കാര്യങ്ങളിലും അവൻ സമ്പൂർണ്ണമായും തെറ്റിപ്പോയെങ്കിൽ തന്നേ മേൽപറഞ്ഞ ഉപാധികളൊരിക്കലും അവനെ നേർപാതയിലേക്ക് നയിക്കുകയില്ല. മറിച്ച് അത്തരത്തിലുള്ള സമീപനം നിങ്ങളിൽനിന്ന് അയാളെ കൂടുതൽ അകറ്റുകയും കൂടുതൽ വഴിതെറ്റിപ്പോകാൻ ഇടയാക്കുകയും ചെയ്തേക്കും.

സ്നേഹശൂന്യമായ സത്യത്തിന്റെ അറിവിനേക്കാൾ, തെറ്റായ അഭിപ്രായങ്ങളോടുകൂടിയ ദൈവിക സ്നേഹത്തേയാണ് നാം കൂടുതൽ വിലമതിക്കേണ്ടത്. അനേകം സത്യങ്ങളെക്കുറിച്ചുള്ള അറിവ് കൂടാതെ നാം മരിച്ചാലും ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശനം സാദ്ധ്യമാകും. എന്നാൽ സ്നേഹംകൂടാതെ നാം മരിച്ചാൽ സകല അറിവുകളും നമ്മെ ഒരുവിധത്തിലും സഹായിക്കുകയില്ല. ആ വിധത്തിലുള്ള അറിവുമായി മരണത്തെ അഭിമുഖീകരിച്ചാൽ എല്ലാ ഉപദേശത്തേക്കുറിച്ചും കൃത്യമായ അറിവുണ്ടായിട്ടും ദൈവരാജ്യത്തിൽ പ്രവേശനം ഇല്ലാത്ത പിശാചിനേക്കാൾ നാം ഒട്ടും മെച്ചമല്ല.

സ്നേഹം കൂടാതെയുള്ള സത്യങ്ങളെക്കുറിച്ചുള്ള അറിവ് നമ്മെ തന്റെ രാജ്യത്തിന് അവകാശികളാക്കിയേക്കാമോ എന്നുള്ള നേരിയ ചിന്തയിൽനിന്നുപോലും സ്നേഹവാനായ ദൈവം നമ്മെ സൂക്ഷിക്കട്ടെ. പകരം നമ്മുടെ ഹൃദയങ്ങളെ തന്റെ മുഴു സ്നേഹത്താലും നിറയ്ക്കുന്നതിലൂടെ എല്ലാ ദൈവികസത്യങ്ങളിലേക്കും അവൻ നമ്മെ നടത്തട്ടെ.

▯

# ഫലപൂർണ്ണത

**വാച്ച്മാൻ നീ**

അവന്റെ നിഴലിൽ പാർക്കുന്നവൻ വീണ്ടും ധാന്യം വിളയിക്കുകയും മുന്തിരിവള്ളിപോലെ തളിർക്കുകയും ചെയ്യും (ഹോശ. 14:7). മുന്തിരിവള്ളിയുടെ തളിർപ്പിനെക്കുറിച്ചു കാര്യമായി ചിന്തിച്ചിട്ടുണ്ടോ? അതിന്റെ പൂവിന്റെ ആയുസ്സ് അത്യന്തം ഹ്രസ്വമാണ്. അവ തീരെ ശ്രദ്ധേയമല്ല. വേഗത്തിൽ കൊഴിഞ്ഞ് ഫലമായിതീരുന്നു.

പ്രകൃതിയിൽ നമുക്ക് മൂന്നുതരം സസ്യങ്ങളെ കാണാം. ധാരാളം പുഷ്പിക്കുന്നവ, എന്നാൽ തീർത്തും ഫലമില്ലാത്തവ. ധാരാളം പുഷ്പവും എന്നാൽ ഫലവും ഉണ്ടായിരിക്കുന്നവ. മൂന്നാമത്തെ ഇനം മുന്തിരിച്ചെടിപോലെ ഫലത്തിനുവേണ്ടി മാത്രം നട്ടുവളർത്തപ്പെടുന്നവ. ഇവ ക്രിസ്തീയ ജീവിതത്തിനും സദൃശമാണ്. ഫലപൂർണ്ണത മാത്രമാണ് ദൈവവും ഒരുവനിൽ അന്വേഷിക്കുന്നത്.

തളിർപ്പുകൊണ്ടും, പുഷ്പസമൃദ്ധികൊണ്ടും ശ്രദ്ധിക്കപ്പെടുവാൻ നാം എത്രയധികം പരീക്ഷിക്കപ്പെടുന്നവരാണ്! ആകർഷണീയത, ആദരണീയത, കമനീയത എല്ലാറ്റിലും ഉണ്ടായിരിക്കണം! എല്ലാം അഭിനന്ദനീയമാം വിധം പ്രദർശിപ്പിക്കപ്പെടണം, മറ്റുള്ളവർക്ക് ഉത്തമ ധാരണയും നൽകപ്പെടണം! എന്നാൽ ഫലം കായ്ക്കുക എന്ന ഏകലക്ഷ്യത്തിൽ, മുന്തിരിവള്ളിയുടെ കൊമ്പുകളെന്നോണം നമ്മെ ആക്കിവെച്ചിരിക്കുന്നു.

ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി തോട്ടക്കാരൻ തന്റെ മുന്തിരിച്ചെടിയോടെന്നവണ്ണം പിതാവ് നമ്മോടും പെരുമാറുന്നു. നമ്മുടെ സ്വാഭാവികജീവന്റെ എല്ലാ സമൃദ്ധിയും പെരുമയും തോട്ടക്കാരന്റെ വെട്ടിപ്പാക്കലിന് വിധേയമാകുന്നു. പുതുജനനംകൊണ്ടു നമ്മിൽ ഉത്ഭൂതമാക്കിയിരിക്കുന്ന യേശുവിന്റെ ജീവന്റെ തളിർപ്പും ഫലസമൃദ്ധിയും മാത്രമാണ് അവൻ നമ്മിൽ ലക്ഷ്യമാക്കുന്നത്. അതിനാൽ നമ്മുടെ ദൈനംദിനജീവിതം പിതാവിന്റെ കൈയാൽ ദ്വിമുഖ പ്രവൃത്തിക്ക് വിധേയമാക്കപ്പെടുന്നു. ക്രിസ്തുവിന്റെ ജീവന്റെ സമൃദ്ധിയിലേക്കുള്ള വളർച്ചയും, ആദാമ്യവും, മലിനവുമായ സ്വയജീവന്റെ മരണത്തിനായുള്ള ഏൽപ്പിക്കലും ആ ദ്വിമുഖ പ്രവൃത്തിയുടെ ലക്ഷ്യങ്ങളാണ്. ഇത് വലിയ ഫലപ്രാപ്തിക്കും പിതാവ് വളരെ മഹത്വപ്പെടേണ്ടതിനും കാരണമായിത്തീരുന്നു.

●

# വനാന്തരത്തിലെ ക്രിസ്തുവിന്റെ പോരാളികൾ

***ഇക്വഡോറിലെ വനാന്തരങ്ങളിൽ കിരാതരായിക്കഴിഞ്ഞ ഓക്ക വംശജരെ ക്രിസ്തുവിനായി നേടുവാനുള്ള സാഹസിക ശ്രമത്തിൽ രക്തസാക്ഷികളായ അഞ്ചുപേർ. ഭർത്താക്കന്മാരുടെ ചോരവീണ ഭൂമിയിൽ സ്നേഹസന്ദേശവുമായി ചെന്ന് അവിടെ ഒടുവിൽ 'സുവിശേഷക്കൊടി' നാട്ടിയ അഞ്ചു യുവതികൾ. അവരുടെ കണ്ണീരിന്റെയും സഹനത്തിന്റെയും കോരിത്തരിപ്പിക്കുന്ന കഥകൾ......***

അവർ അഞ്ചുപേർ ഉണ്ടായിരുന്നു. ജിം എലിയറ്റ് എന്ന ചെറുപ്പക്കാരനായിരുന്നു അവരുടെ നേതാവ്. എഡ്വേർഡ്, പീറ്റ് ഫ്ളമിങ്, റോജർ, നേറ്റ് സെയ്ന്റ് എന്നിവരായിരുന്നു സംഘത്തിലെ മറ്റംഗങ്ങൾ. എല്ലാവരും ചെറുപ്പക്കാർ. ക്രിസ്തുവിനോടുള്ള തീക്ഷ്ണമായ സ്നേഹം അവരുടെയുള്ളിൽ കത്തിജ്വലിച്ചുകൊണ്ടിരുന്നു. അവർക്കെല്ലാം പൊതുവായി ഒരു സ്വപ്നം ഉണ്ടായിരുന്നു- തെക്കേ അമേരിക്കയിലെ ഇക്വഡോറിൽ വനാന്തരങ്ങളിൽ തികച്ചും അപരിഷ്കൃതരായിക്കഴിയുന്നവരും യേശുവിനെക്കുറിച്ച് ഒരിക്കൽപോലും കേട്ടിട്ടില്ലാത്തവരുമായ ഓക്കവംശജരെ ക്രിസ്തുവിനായി നേടുക.

ഓക്കവംശജർ അന്ന് പരിഷ്കൃത ലോകത്തിന് ഒരു പേടിസ്വപ്നം ആയിരുന്നു. അവരെക്കുറിച്ച് പുറംലോകത്തിന് അറിയാവുന്ന കഥകളെല്ലാം ഭയപ്പെടുത്തുന്നവയും. ക്രൂരന്മാരും അന്യരെ നിർദ്ദയം കൊന്നൊടുക്കുന്നവരുമായിരുന്നു അവർ. നൂറ്റാണ്ടുകളായി പുറംലോകത്തുനിന്നും തങ്ങളെ സമീപിച്ചിട്ടുള്ള എല്ലാവരേയും വകവരുത്തിയ ചരിത്രമേ അവർക്കുള്ളു. കിരാതന്മാർ. വിഷം പുരട്ടിയ അമ്പും വില്ലും ആയുധമായുപയോഗിക്കുന്നവർ. ഇക്വഡോറിലെ വനാന്തരത്തിൽ ജോലിക്കായി ചെന്ന ഷെൽ ഓയിൽ കമ്പനിയിലെ തൊഴിലാളികളെ ക്രൂരമായി ആക്രമിച്ചുകൊന്നവർ എന്ന നിലയിലും ഓക്ക വംശജർ കുപ്രസിദ്ധരായിരുന്നു.

ജിം എലിയറ്റിനും കൂട്ടർക്കും ഓക്ക വംശജരെ സമീപിക്കുന്നതിന്, ഈ ഭീകര കഥകൾക്കപ്പുറം, പ്രായോഗികമായ ചില തടസ്സങ്ങളുണ്ടായിരുന്നു. വനാന്തരത്തിൽ ഇവർ കൃത്യമായി ഏതു ഭാഗത്താണ് താമസിക്കുന്നതെന്ന് അറിഞ്ഞുകൂടാ. അവിടെ ചെന്നെത്താനുള്ള വഴിയും ആർക്കും പരിചിതമല്ല. അവരുടെ പ്രാകൃതമായ ഭാഷയും അവരെ സമീപിക്കുന്നതിന് തടസ്സമായി.

ജിം എലിയറ്റിന്റേയും കൂട്ടുകാരുടേയും നിശ്ചയദാർഢ്യത്തിനും പ്രാർത്ഥനയ്ക്കും മുമ്പിൽ തടസ്സങ്ങൾ ഒന്നൊന്നായി വഴിമാറുന്നതാണ് തുടർന്നു നാം കാണുന്നത്. ജിം എലിയറ്റിന്റെ കൂട്ടത്തിലുള്ള നേറ്റ് സെയിന്റ് ഒരു വൈമാനികൻ കൂടിയായിരുന്നു. 1955ലെ ശരത്കാലത്ത് നേറ്റ് സെയിന്റ് വനത്തിനു മുകളിൽകൂടി താണ് പറക്കുമ്പോൾ അത് കണ്ടു- ഓക്ക വംശജരുടെ താവളം. നേറ്റ് സെയിന്റ് പല വട്ടം അതിന് മുകളിലൂടെ താണുപറന്നു സ്ഥലനിശ്ചയം വരുത്തി. വനാന്തരങ്ങളിലൂടെ ഒഴുകുന്ന കുറാറെ നദിയുടെ തീരത്തെ വിശാലമായ മണൽപ്പരപ്പിൽ വിമാനം സുരക്ഷിതമായി ഇറക്കാൻ കഴിയുമെന്നും നേറ്റ് സെയിന്റ് കണ്ടെത്തി.

> **പിന്നെ അവർ തങ്ങളുടെ ഭാര്യമാരോട് യാത്രചോദിച്ചു. അവരെ ധൈര്യപ്പെടുത്തി. യുവതികളും കൈക്കുഞ്ഞുങ്ങളുടെ അമ്മമാരുമായ അവരെല്ലാം തങ്ങളുടെ ഭർത്താക്കന്മാർക്ക് ശക്തമായ പിന്തുണ നൽകിയിരുന്നു.**

ഓക്ക വംശജരുടെ ഭാഷ മനസ്സിലാക്കാനും ദൈവം അത്ഭുതകരമായി വഴി തുറന്നു. ഒരു ഗോത്രവർഗ്ഗ യുവതിയിൽനിന്ന് ഓക്ക ഭാഷ കുറച്ചൊക്കെ വശമാക്കാൻ എലിയറ്റിനും കൂട്ടർക്കും കഴിഞ്ഞു.

അതോടെ ജിം എലിയറ്റും കൂട്ടരും ഓക്കവംശജരെ തേടിയുള്ള യാത്രയ്ക്ക് ഒരുക്കങ്ങൾ ദ്രുതഗതിയിൽ ചെയ്യുവാൻ തുടങ്ങി. കുറാറെ നദിയുടെ തീരത്തെ മണൽപ്പരപ്പിൽ വിമാനത്തിൽ ചെന്നിറങ്ങുക. തുടർന്ന് വനാന്തർ ഭാഗത്ത്നിന്ന് നദിയിലേക്ക് വരുന്ന ഓക്ക വംശജരോട് ക്ഷമയോടും കരുണയോടും ഇടപെടുകയും അവരുടെ സ്നേഹം ആർജ്ജിക്കുകയും ചെയ്യുക. ഈ സ്നേഹബന്ധം ക്രമേണ ശക്തിപ്പെടുമ്പോൾ ഓക്ക വംശജരുടെ താവളത്തിലേക്കും കുടിലുകളിലേക്കും പ്രവേശനം കിട്ടും. അങ്ങനെ അവരോട് ഏറ്റവും വലിയ സ്നേഹസന്ദേശം-സുവിശേഷം- പങ്കുവെയ്ക്കാൻ ഒരവസരം ലഭിക്കും.... ഇതായിരുന്നു. ജിമ്മിന്റേയും കൂട്ടരുടേയും പദ്ധതിയും പ്രതീക്ഷയും.

യാത്രയ്ക്കുള്ള ഒരുക്കങ്ങളുടെ ഭാഗമായി അവരുടെ താമസസ്ഥലത്തിന് മുകളിൽകൂടി താണുപറന്ന് അനേകം പ്രാവശ്യം സമ്മാനങ്ങൾ വിമാനത്തിൽനിന്ന് വർഷിച്ചു.

ഒടുവിൽ നിർണായകമായ ആ ദിവസം വന്നെത്തി. 1956 ജനുവരി 3. ഇക്വഡോറിലെ മിഷൻ കേന്ദ്രത്തിൽ എല്ലാം റെഡി. യാത്രയ്ക്ക് മുമ്പായി അവർ ഒന്നിച്ച് പ്രാർത്ഥിച്ചു. തുടർന്ന് 'ഞങ്ങൾ നിന്നിൽ വിശ്രമിക്കുന്നു' എന്ന പാട്ട് അവർ ചേർന്നുപാടി.

*"ഞങ്ങളുടെ പരിചയും പലകയുമായ*
*കർത്താവേ*
*ഞങ്ങൾ നിന്നിൽ വിശ്രമിക്കുന്നു.*
*യുദ്ധം അവിടുത്തേത്, സ്തുതിയും*
*അങ്ങേയ്ക്ക്*
*മുത്തുമയമായ പട്ടണത്തിലെത്തിഞങ്ങൾ*
*ജയാളികൾ ഞങ്ങൾ നിന്നിൽ നിത്യം*
*വിശ്രമിക്കും"*

അവസാനവരികൾ ആവർത്തിച്ച് പാടി നിർത്തുമ്പോൾ അവർ സന്തുഷ്ടരായിരുന്നു- തങ്ങളുടെ ദൗത്യം അവസാന ഘട്ടത്തിലേക്ക് എത്തുന്നതിന്റെ സന്തോഷം.



*പ്രതീക്ഷാപൂർവ്വം: എഡ്വേർഡ്, പീറ്റ് ഫ്ളെമിങ്, ജിം എലിയറ്റ്*

പിന്നെ അവർ അഞ്ചുപേരും തങ്ങളുടെ ഭാര്യമാരോട് യാത്രചോദിച്ചു. അവരെ ധൈര്യപ്പെടുത്തി. ജിം എലിയറ്റിന്റെ ഭാര്യ എലിസബത്ത്. എഡ്വേർഡിന്റെ ഭാര്യ മാരിലൊ (ആ സമയം മാരിലൊ എട്ടുമാസം ഗർഭിണിയായിരുന്നു) റോജർ, പീറ്റ് ഫ്ളെമിങ്, വൈമാനികൻ കൂടിയായ നേറ്റ് സെയിന്റ് എന്നിവരുടെ ഭാര്യമാരായ ബർബറാ, ഒലീവ്, മാർജ്. യുവതികളും കൈക്കുഞ്ഞുങ്ങളുടെ അമ്മമാരുമായ അവരെല്ലാം തങ്ങളുടെ ഭർത്താക്കന്മാർക്ക് ശക്തമായ പിന്തുണ നൽകിയിരുന്നു.

അങ്ങനെ മിഷൻ കേന്ദ്രത്തിൽനിന്ന് വിമാനം പറന്നുയർന്നു. അടുത്തുവന്നവരെയെല്ലാം വകവരുത്തിയ ചരിത്രം മാത്രമുള്ള ഭീകരരായ ഓക്ക വംശജരുമായി സ്നേഹബന്ധം സ്ഥാപിക്കുകയും അവരോട് സുവിശേഷം പങ്കിടുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇക്വഡോർ വനാന്തരങ്ങളിലെ അവരുടെ താവളം ലക്ഷ്യമാക്കിയുള്ള യാത്ര അവിടെ ആരംഭിച്ചു...

* * * *

ഈ ആപൽക്കരമായ ദൗത്യവുമായി ഇറങ്ങിപ്പുറപ്പെട്ട അഞ്ചംഗസംഘത്തിന് നേതൃത്വം നൽകിയ ജിം എലിയറ്റിന്റെ ജീവിതം നന്നേ ചെറുപ്പത്തിൽതന്നേ പ്രേഷിത പ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവച്ചതായിരുന്നു.

അമേരിക്കയിൽ ഓറിഗണിൽ പോർട്ട്ലാന്റിലെ ഒരു കൊച്ചുവീട്ടിലായിരുന്നു ജിം എലിയറ്റിന്റെ ജനനം. നന്നേ ചെറുപ്പത്തിൽ തന്നേ ജിം എലിയറ്റ് യേശുക്രിസ്തുവിനെ രക്ഷിതാവായി കണ്ടുമുട്ടി. വീട്ടിൽ എന്നും രാവിലെ പിതാവ് തന്റെ നാല് മക്കൾക്കുമായി നടത്തിയിരുന്ന ബൈബിൾ പഠനങ്ങളാണ് മൂന്നാമത്തെ മകൻ ജിമ്മിനെ രക്ഷയിലേക്ക് നയിച്ചത്.

വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചുള്ള സ്വപ്നം ജിമ്മിന്റെ ഭാവിപ്രതീക്ഷകളെ നിറംപിടിപ്പിച്ചിരുന്നു. സുവിശേഷത്തെക്കുറിച്ച് ലജ്ജയില്ലാത്ത ഈ ബാലൻ ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുമ്പോൾ പുസ്തകങ്ങൾക്കൊപ്പം ബൈബിളും സ്കൂളിൽ കൊണ്ടുപോകുക പതിവായിരുന്നു. ബെൻസൺ പോളിടെക്നിക് സ്കൂൾ പാസായപ്പോഴേക്കും പ്രേഷിതപ്രവൃത്തിക്കായാണ് ദൈവം തന്നെ വിളിക്കുന്നതെന്ന് ജിമ്മിന് ഏറെക്കുറെ തീർച്ചയായിരുന്നു. തുടർന്ന് ഇല്ലിനോയിസിലെ വീറ്റൺ കോളേജിൽ ജിം പഠനം പൂർത്തിയാക്കി.

പഠനത്തിന് ശേഷം മിഷനറി പ്രവർത്തനം എവിടെയാണ് നടത്തേണ്ടതെന്ന കാര്യത്തിലും ജിം ദൈവഹിതത്തിനായി കാത്തിരുന്നു. യു.എസ്.എയിൽ തന്നേ ജിം സുവിശേഷവേല ചെയ്തു കാണാനായിരുന്നു അവന്റെ സുഹൃത്തുക്കൾക്ക് മോഹം. കഴിവുറ്റ പ്രസംഗകൻ, ദൈവവചനവ്യാഖ്യാതാവ് എന്നീ നിലകളിൽ പ്രശസ്തനായ ജിം എലിയറ്റ് സ്വന്തനാട്ടിലായിരിക്കും കൂടുതൽ ശോഭിക്കുക എന്നായിരുന്നു സുഹൃത്തുക്കളുടെ ചിന്ത. പക്ഷേ ഇതേക്കുറിച്ചുള്ള തന്റെ അഭിപ്രായം ജിം എലിയറ്റ് വെട്ടിത്തുറന്ന് പറഞ്ഞു. 'സുവിശേഷം ചിലർ ഒരു പ്രാവശ്യം പോലും കേൾക്കാതിരിക്കുമ്പോൾ മറ്റുചിലർക്ക് അത് രണ്ടു പ്രാവശ്യം കേൾക്കാൻ എന്താണ് അവകാശം? അവർക്ക് (യു.എസ്.എയിലുള്ളവർക്ക്) മോശയും പ്രവാചകന്മാരും ഉണ്ടല്ലോ. അവർക്കുള്ള ശിക്ഷാവിധി അവരുടെ ബാങ്കുകളുടെ പാസ്സുബുക്കുകളിലും അവരുടെ ബൈബിളിന്റെ പുറന്താളിൽ അടിഞ്ഞുകൂടിയിരിക്കുന്ന പൊടിയിലും എഴുതപ്പെട്ടിരിക്കുന്നു.'

അങ്ങനെയിരിക്കെ 1950ന്റെ അവസാനം ജിം എലിയറ്റ് ഇക്വഡോറിൽ പ്രവർത്തിക്കുന്ന ഒരു മിഷനറിയെ കണ്ടുമുട്ടി. ഓക്കവംശജരെക്കുറിച്ച് അദ്ദേഹത്തിൻനിന്നാണ് ജിം ആദ്യമായി കേൾക്കുന്നത്. തന്റെ പ്രേഷിതവൃത്തിയുടെ വയൽ അവിടെവച്ച് ജിം തിരിച്ചറിഞ്ഞു.

തന്റെ ഒരു സുഹൃത്തിനോടൊന്നിച്ച് 1952ൽ ജിം ഇക്വഡോറിലേക്ക് യാത്രയായി. തന്റെ വിളിയേക്കുറിച്ച് വ്യക്തമായ നിശ്ചയം ഉണ്ടായിരുന്ന ജിം യാത്രയയ്ക്കാൻ വന്നവരോട് വിടപറഞ്ഞു. കപ്പൽകയറുമ്പോൾ ഉത്സാഹഭരിതനായി ഇങ്ങനെയാണ് സുഹൃത്തിനോട് പറഞ്ഞത് 'സഹോദരാ, നമ്മുടെ ഈ യാത്ര വളരെ മഹത്തായ ഒന്നാണ്'.

ഇക്വഡോറിൽ വച്ചാണ് ജിം വിവാഹിതനാവുന്നത്. സുവിശേഷാത്മാവുള്ള ഒരു യുവതി-എലിസബത്ത്- ഓക്ക വംശജരുടെ ഇടയിലെ സുവിശേഷീകരണം എന്ന ജിമ്മിന്റെ സ്വപ്നം പങ്കുവയ്ക്കാൻ തയാറായി. 1953 ഒക്ടോബർ 8ന് ഇക്വഡോറിലെ

*ശേഷം പേജ് 19-ൽ*





**രക്തസാക്ഷിയുടെ വഴിത്താരയിൽ: റോജർ (ഇടത്ത്), നേറ്റ് സെയിന്റ്**

# ക്രിസ്തീയ ജീവിതത്തിന്റെ ഭദ്രത

എലിസബത്ത് ജിം എലിയറ്റ്

**മു**പ്പത്തിയഞ്ച് വർഷങ്ങൾക്കപ്പുറം ഒരു അപരാഹ്നം. കിഴക്കൻ ഇക്വഡോറിലെ എന്റെ പുല്ലുമേഞ്ഞ ഭവനത്തിന്റെ തറയിലിരുന്ന് മിങ്കായി എന്ന ഓക്ക ഇൻഡ്യക്കാരൻ എന്നോട് ഒരു കഥ പറയുകയായിരുന്നു:-

"ഒരുദിവസം രാവിലെ ഞാൻ എന്റെ വഞ്ചി തുഴഞ്ഞ് അല്പദൂരം ചെന്നപ്പോൾ മറ്റൊരാളിന്റെ തുഴയുടെ ശബ്ദം കേട്ടു. ദാബു ആയിരുന്നു അത്. 'നീ വീട്ടിൽ പോവുകയാണോ?' ഞാൻ ചോദിച്ചു. 'അതേ. ആളുകൾ പറയുന്നത് ആ അപരിചിതരായ വെളുത്ത മനുഷ്യർ നരഭോജികളാണെന്നാണ്' ഗികിത എന്ന മറ്റൊരു സ്നേഹിതൻ കുറേ കുന്തങ്ങൾ ശേഖരിക്കാൻ ശ്രമിക്കുകയായിരുന്നു. എന്റെ കുന്തങ്ങളും അടുത്തുതന്നെ ഉണ്ടായിരുന്നു. ഗികിതയും ഡ്യൂവിയും കുന്തമുനകളിൽ ചുവന്നചായം പുരട്ടി ആക്രമണത്തിന് തയാറെടുക്കുകയായിരുന്നു. 'ആ വിദേശികൾ നമ്മെ തിന്നാൻ പോകയാണ്', രണ്ടുപേരും എന്നോട് പറഞ്ഞു. ഞാൻ എന്റെ കുന്തങ്ങൾ ചായം തേച്ച് തയാറാക്കിയിരുന്നില്ല. ഒടുവിൽ ഞാൻ അമ്മയോട് പറഞ്ഞു:- 'എന്റെ കുന്തങ്ങളും കൊണ്ടുവരൂ. കുന്തമുനകളിൽ ഞാനും ചായം തേയ്ക്കട്ടെ'. നാലു കുന്തങ്ങൾ തയാറായിക്കഴിഞ്ഞു.

വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ആറ് ഓക്ക ഇൻഡ്യക്കാർ അഞ്ചു വെള്ളക്കാരായ അമേരിക്കൻ മിഷനറിമാരെ പതിയിരുന്നാക്രമിച്ചതിന്റെ വിശദാംശങ്ങൾ ഓരോന്നോരോന്നായി ചുരുളഴിയുകയായിരുന്നു. കുറാറെ നദിയുടെ ഒരു മണൽത്തിട്ടയിൽ ചുട്ടുപൊള്ളുന്ന ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞായിരുന്നു ക്രൂരമായ ആ നരവേട്ട.

മിങ്കായി ആ കഥ പറയുമ്പോൾ വികാരഭരിതനായിരുന്നു. കുറാറെ നദിയുടെ തീരത്തേക്കുള്ള ആ സംഘത്തിന്റെ നീക്കം തികഞ്ഞ ലക്ഷ്യബോധത്തോടെയായിരുന്നു. ഒരു ചെറു വിമാനം വന്നിറങ്ങിയ ആ മണൽത്തിട്ടയിൽ ഒരു വെള്ളക്കാരൻ സ്നേഹപൂർവ്വം അവരെ മാടിവിളിക്കുകയായിരുന്നു. ഓക്ക വർഗത്തിന്റെ ക്രൂരമായ യുദ്ധത്തിന്റെ മുറവിളിയുടെ ശബ്ദം. ചുവന്ന ചായംതേച്ച കൂർത്ത മുനകളുള്ള കുന്തങ്ങൾ ലക്ഷ്യത്തിൽ തറയ്ക്കുന്ന ശബ്ദം. സാമാന്യം സുദീർഘമായ പോരാട്ടത്തിന്റെ വേദനയുടെ അന്ത്യം. ഓക്ക ഇൻഡ്യക്കാരുടെ ആ ചെറു സംഘം വിജയം ആഘോഷിച്ചു. നരഭോജികളാണെന്ന് തെറ്റിദ്ധരിച്ചവരിൽ ഒരാൾ എന്റെ ഭർത്താവാണെന്ന് മിങ്കായിക്കറിയാമായിരുന്നു. അയാൾ തന്റെ കഥ അവസാനിപ്പിച്ചത് ഇപ്രകാരമായിരുന്നു. "ഞങ്ങൾ ഇന്ന് നിന്നെ അറിയുന്നതുപോലെ അന്ന് അവരെ അറിഞ്ഞിരുന്നെങ്കിൽ!! അയാൾ ഒരു നരഭോജിയാണെന്ന് തെറ്റിദ്ധരിച്ച ഞങ്ങളുടെ മഠയത്തം". അവന്റെ മുഖം പശ്ചാത്താപത്താൽ തുടുത്തിരുന്നു.

> **ജിം എലിയറ്റിനേയും കൂട്ടുകാരേയും ക്രൂരമായി വധിച്ച ആ ഓക്ക വംശജരിൽ ഒരാൾ പിന്നീട് എലീസബത്ത് ജിം എലിയറ്റിനോട് പറഞ്ഞു 'ഞങ്ങൾ ഇന്ന് നിന്നെ അറിയുന്നതു പോലെ അന്ന് ഞങ്ങൾ അവരെ അറിഞ്ഞിരുന്നെങ്കിൽ ഞങ്ങൾ അത് ചെയ്യുകയില്ലായിരുന്നു'**

ദൈവം ദൈവമാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഘാതം ഉളവാക്കിയ ആ സംഭവം-എന്റെ ഭർത്താവ് ജിമ്മിന്റെ ക്രൂരമായ മരണം- എന്നെ പഠിപ്പിച്ച പാഠം ഇതാണ്. ജിമ്മിന്റെ മരണം എന്റെ മുമ്പിൽ രണ്ടേരണ്ടു സാധ്യതകളേ തുറന്നിട്ടിരുന്നുള്ളു. ഒന്നുകിൽ ദൈവത്തെ തള്ളിപ്പറയുക, അല്ലെങ്കിൽ അവിടുത്തെ വിശ്വസിക്കുക. സന്ദർഭങ്ങൾ വ്യത്യസ്തമായിരിക്കാം. എങ്കിലും നാം എല്ലാവർക്കും പഠിക്കാനുള്ള പാഠം ഇതൊന്നുമാത്രമാണ്. മിങ്കായി മനുഷ്യരെ കൊല്ലുന്നതിൽ പുതുമയൊന്നും ഇല്ലായിരുന്നു. മുമ്പും പല തവണ അവനും സ്നേഹിതരും അത് ചെയ്തിട്ടുണ്ട്. അപരിചിതരായ ചിലർ നിന്നെ കൊന്നുതിന്നാൻ പോകയാണെന്ന് ചിന്തിക്കുമ്പോൾ സ്വയസംരക്ഷണത്തിനായി എന്തെങ്കിലും ചെയ്തേമതിയാകൂ. മിങ്കായിയെ സംബന്ധിച്ചിടത്തോളം അത് ഒരു കടമയായിത്തോന്നി എങ്കിൽ അത്ഭുതമെന്ത്? യേശു ശിഷ്യന്മാരോട് പറഞ്ഞ വാക്കുകളാണ് അപ്പോൾ എനിക്ക് ഓർമ്മവന്നത്: "നിങ്ങളെ കൊല്ലുന്നവർ ദൈവത്തിന് വഴിപാടുകഴിക്കുന്നു എന്ന് വിചാരിക്കുന്ന സമയം വരുന്നു" (യോഹ. 16:2) "അവർ പിതാവിനേയും എന്നേയും അറിയാത്തതുകൊണ്ട് ഇങ്ങനെ ചെയ്യും. അതിന്റെ സമയം വരുമ്പോൾ ഞാൻ ഇത് നിങ്ങളോട് പറഞ്ഞിട്ടുണ്ടെന്ന് നിങ്ങൾ ഓർക്കേണ്ടതിന് ഇത് നിങ്ങൾക്ക് മുന്നറിയിപ്പായി സംസാരിച്ചിരിക്കുന്നു."

നാം എത്രത്തോളം സുരക്ഷിതരാണ്? കൊല്ലപ്പെട്ട ആ അഞ്ചുപേർ നരഭോജികളായിരുന്നില്ല. മിഷനറിമാരായിരുന്നു. ഓക്ക വർഗക്കാരെ കൊന്നുതിന്നാനല്ല സുവിശേഷത്തിന്റെ സ്നേഹസന്ദേശം അറിയിക്കാനായി പോയ അവർ ദൈവത്തെ എത്രയധികം സ്നേഹിച്ചിരുന്നു! അവർ ദൈവത്തെ വിശ്വസിച്ച് ഏൽപിച്ചവരായിരുന്നു. സംരക്ഷണത്തിനായി നിശ്ചയമായും അവർ പ്രാർത്ഥിച്ചിരുന്നു. കർത്താവ് അവരുടെ പരിചയും സംരക്ഷകനുമെന്ന് അവർ ഉറച്ച് വിശ്വസിച്ചിരുന്നു. അവരുടെ ഭാര്യമാരായ ഞങ്ങൾ ഈ ദൗത്യത്തിന്റെ ഓരോ ചുവടുകളിലും അവരോടൊത്ത് പ്രാർത്ഥിക്കുകയും ദൈവം അവരുടെ ധീരമായ വിശ്വാസത്തിന്റെ ഈ മുന്നേറ്റം വിജയകരമാക്കിത്തീർക്കുകയും ചെയ്യും എന്ന് ആത്മാർത്ഥമായി ആശിക്കയും ചെയ്തിരുന്നു എന്നാൽ ജയിച്ചത് കിരാതരായ ഓക്ക ഇൻഡ്യക്കാരായിരുന്നു!

അപ്പോൾപിന്നെ 'വിശ്വാസം' എന്താണ്? 'ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു' എന്ന് നാം പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? പൊതുവേ 'വിശ്വാസം' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് ഒരുതരത്തിലുള്ള ശുഭാപ്തിവിശ്വാസമാണ്. ബുദ്ധിമുട്ടുകളുടെ മുമ്പിൽ നാം ആകുമ്പോൾ ഈ പ്രപഞ്ചം അടിസ്ഥാനപരമായി സൗഹൃദഭാവമുള്ളതാണെന്നും കാര്യങ്ങൾ എത്രയുംവേഗം മെച്ചപ്പെടുമെന്നുമുള്ള ഒരു ആശയാണ്.

എന്റെ ജീവിതത്തിലെ ഏറ്റവും വേദനാജനകമായ സന്ദർഭങ്ങളിൽ എന്നെ നിലനിർത്തിയത് തികച്ചും വ്യത്യസ്തമായ ഒരു വിശ്വാസമായിരുന്നു- ബൈബിളിലെ ദൈവത്തിലുള്ള വിശ്വാസം. പൂർണ്ണമായും മനസ്സിലാക്കാനും വിശദീകരിക്കുവാനും കഴിയുന്ന ഒരു കൊച്ചു ദൈവമല്ല മറിച്ച് ആരാധിക്കാൻ യോഗ്യനായ ഒരു വലിയ ദൈവമാണ് എന്റെ ദൈവം.

ബൈബിളുമായിട്ടാണ് ഞാൻ വളർന്നത്. എന്റെ മാതാപിതാക്കളുടേയും മറ്റ് ദൈവഭക്തരുടേയും മാതൃകകളിലൂടെ വിശ്വാസം ഞാൻ പഠിച്ച് വളരുകയായിരുന്നു. സണ്ടേസ്കൂളിലും, സഭയിലും, മിഷനറി സമ്മേളനങ്ങളിലും ഒക്കെ സംബന്ധിച്ച ഞാൻ ഒരു ക്രിസ്തീയ സ്കൂളിലും ബൈബിൾസ്കൂളിലും പഠിച്ചു. നന്നേ ചെറുപ്രായത്തിൽത്തന്നേ എന്റെ ഹൃദയവും ജീവിതവും ക്രിസ്തുവിനായി ഞാൻ സമർപ്പിച്ച വ്യക്തിയാണ്. എന്നാൽ തെക്കേ അമേരിക്കയിലെ ഇക്വഡോറിലേക്ക് ഒരു മിഷനറിയായി ഞാൻ എത്തിയപ്പോൾ എന്റെ പ്രതീക്ഷകൾ മുമ്പിലുള്ള ജീവിതത്തെ സംബന്ധിച്ച് തികച്ചും അപക്വമായിരുന്നു. പത്രോസിനെപ്പോലെ മനുഷ്യർ ചിന്തിക്കുന്നതുപോലെ മാത്രം- ദൈവം ചിന്തിക്കുന്നതുപോലെയല്ല- അന്ന് ഞാൻ ചിന്തിച്ചത്. യെരുശലേമിൽ തനിക്ക് സംഭവിക്കാൻ പോകുന്ന കാര്യത്തെക്കുറിച്ചു ഭയാശങ്കകളോടെ മാത്രം ശ്രദ്ധിച്ച പത്രോസ് "നിനക്ക് ഒരിക്കലും അത് സംഭവിക്കരുതേ" എന്ന് സ്വാഭാവികമായിത്തന്നെ പ്രതികരിച്ചു. പിതാവിനോടുള്ള സമ്പൂർണ്ണ അനുസരണത്തിൽ തനിക്ക് തടസ്സമായിനിന്ന ആ പ്രിയ ശിഷ്യനെ സാത്താന്റെ ശബ്ദമായി തിരിച്ചറിഞ്ഞ് ശാസിക്കാൻ യേശു ഒട്ടും മടിച്ചില്ല.

ഞാൻ മിഷനറിവേല തുടങ്ങിയ കാലത്ത് എന്റെ ഇഷ്ടപ്രകാരം ദൈവം എല്ലാം ചെയ്യണം എന്ന് പ്രതീക്ഷിച്ചിരുന്നു. 'നിന്റെ ഇഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ' എന്ന് പ്രാർത്ഥിക്കാൻ എന്നെ പഠിപ്പിച്ചിരുന്നില്ല. എന്റെ പ്രതീക്ഷകൾ തകിടംമറിയുമ്പോൾ ദൈവം എല്ലാം വിശദീകരിച്ച് തരണം എന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ എന്റെ യഥാർത്ഥ ആവശ്യം വിശദീകരണങ്ങളല്ല, ശുദ്ധീകരണം ആണെന്ന് ദൈവം നന്നായി അറിഞ്ഞിരുന്നു. ദൈവവചനം പഠിച്ചപ്പോൾ നമ്മുടെ പ്രതീക്ഷയ്ക്ക് വിപരീതമായി ദൈവം പലപ്പോഴും പ്രവർത്തിക്കുന്നതായി ഞാൻ കണ്ടെത്തി. നമ്മുടെ സ്വതന്ത്രമായ ഇച്ഛാശക്തിയെക്കുറിച്ച് തികച്ചും

**'ഞങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു' എന്ന് നാം പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? പൊതുവേ 'വിശ്വാസം' എന്ന പദംകൊണ്ട് ഇപ്പോൾ ഉദ്ദേശിക്കുന്നത് ഒരുതരത്തിലുള്ള ശുഭാപ്തിവിശ്വാസമാണ്!**

ബോധമുള്ളവരായിരിക്കുമ്പോൾതന്നെ മറ്റുള്ളവരുടെ ഇച്ഛാശക്തിയിന്മേൽ ദൈവം കടിഞ്ഞാണിടണം എന്ന് ശഠിക്കുന്നവരാണ് നാം. എന്റെ പല ചോദ്യങ്ങൾക്കും ഉത്തരം കിട്ടിയില്ലെങ്കിലും ഞാൻ ദൈവത്തെ കാണണം എന്നുള്ള ആഗ്രഹത്തോടെ തിരുവചനം വായിച്ചു പഠിച്ചുകൊണ്ടിരുന്നു. അവിടുന്ന് എന്നെ അഭ്യസിപ്പിച്ചു, സൂക്ഷിച്ചു, കൈകളിൽ വഹിച്ചു. ഞാൻ അറിയേണ്ട കാര്യങ്ങൾ അവിടുന്ന് എനിക്കു ഗ്രഹിപ്പിച്ചുതന്നു. ശിഷ്യത്വത്തിന്റെ വില എന്താണെന്നും എനിക്ക് മനസ്സിലായി. 'സ്വന്തം പ്രാണനെ സംരക്ഷിക്കാൻ ശ്രമിക്കുന്നവനെല്ലാം അതിനെ നഷ്ടമാക്കും' എന്ന് യേശു പറഞ്ഞില്ലേ? (മത്താ. 16:25).

ഇതിന്റെ അർത്ഥം നമുക്ക് സുരക്ഷിതത്വം ഇല്ലെന്നാണോ? ദൈവഭക്തർക്ക് ദൈവിക സംരക്ഷണം ഇല്ലേ? ദുഷ്ടരായ മനുഷ്യർക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാൻ മിക്കപ്പോഴും അനുവാദം ഉണ്ടാകുന്നു. നമ്മെ യന്ത്രമനുഷ്യരായി സൃഷ്ടിക്കാതെ ദൈവത്തെ ധിക്കരിക്കാൻപോലും സ്വാതന്ത്ര്യമുള്ളവരായി സൃഷ്ടിച്ച ഒരു ദൈവത്തേയാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. എന്നാൽ പിന്നീട് ശക്തിക്ക് പരിധിവെച്ചിട്ടുണ്ട് എന്ന് നാം മറന്നുപോകരുത്. യേശുവിന്റെ ഭൂമിയിലെ ജീവിതംതന്നെ ഇതിന് നല്ല ദൃഷ്ടാന്തമാണ്. ഇരുട്ടിന്റെ ശക്തികൾക്ക് ആധിപത്യം ഉണ്ടായ (ലൂക്കോ. 22:53) ആ നാഴിക എന്തുകൊണ്ട് ദൈവം അനുവദിച്ചു? മുകളിൽനിന്നും നൽകപ്പെട്ടില്ലെങ്കിൽ നിനക്ക് എന്റെമേൽ ഒരധികാരവും ഇല്ലെന്ന് യേശു പീലാത്തോസിനോട് പറഞ്ഞല്ലോ (യോഹ. 19:10,11). ക്രൂശീകരണത്തിന് മുമ്പ് യേശു തന്റെ ശിഷ്യന്മാരോട് അവസാനമായി സംസാരിച്ചപ്പോൾ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. 'ഈ ലോകത്തിന്റെ പ്രഭു വരുന്നു. അവന് എന്നിൽ ഒരധികാരവും ഇല്ല; എന്നാൽ ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും, അവിടുന്ന് കൽപിക്കുന്നത് അനുസരിക്കുന്നു എന്നും ലോകം അറിയേണ്ടതുണ്ട്.' (യോഹ. 14:30,31). ക്രൂരമായ ക്രൂശുമരണത്തിലൂടെ ലോകം പുത്രന്റെ സ്നേഹവും സമ്പൂർണ്ണ അനുസരണവും കാണുവാൻ ഇടയായി.

ദൈവം ദൈവമാണെന്ന് നാം വിശ്വസിക്കുന്നെങ്കിൽ നമ്മുടെ 'വിശ്വാസം' ചുറ്റുപാടുമുള്ള വസ്തുക്കളുടെ വെളിച്ചത്തിലുള്ള അനുമാനമല്ല. അത് എന്തെങ്കിലും സഹജവാസനയല്ല. കാര്യങ്ങളുടെ സന്തോഷകരമായ പരിസമാപ്തിമൂലം വെളിവാകുന്ന ഒരു കാര്യവുമല്ല. 'വിശ്വാസം' ദൈവത്തിന്റെ ദാനമാണ്. നാം ദൈവത്തോട് പ്രതികരിക്കേണ്ടത് ഇവണ്ണമായിരിക്കേണം: 'പ്രപഞ്ചത്തിന്റെ ദൈവം സംസാരിച്ചിരിക്കുന്നു. ഞങ്ങൾ അവിടുന്ന് പറയുന്നത് വിശ്വസിക്കുന്നു. എന്തുവന്നാലും ആ വാക്കുകൾ ഞങ്ങൾ അനുസരിക്കും'. ഇത്തരത്തിലുള്ള വിശ്വാസമാണ് ലോകത്തെ ജയിക്കുന്നത്. ലോകം സുരക്ഷിതത്വം എന്ന് വിളിക്കുന്നതിനെ തള്ളിക്കളഞ്ഞ് കർത്താവിന്റെ കൈകളിൽ നമ്മെ സമർപ്പിക്കുന്നതാണ് യഥാർത്ഥ സുരക്ഷിതത്വം. പിതാവിനെ അറിഞ്ഞ് കലവറകൂടാതെ തന്നെത്തന്നെ ഏല്പിച്ച പുത്രനേപ്പോലെ, നാമും അവിടുത്തെ നാമം നിമിത്തം എല്ലാറ്റിന്റേയും കർത്താവായി ദൈവത്തെ വിശ്വസിച്ച് നമ്മെത്തന്നെ ഏല്പിച്ചാൽ പിതാവിന്റെ മടിയിൽ പുത്രനേപ്പോലെ സുരക്ഷിതത്വം കണ്ടെത്തും.

●

# ദൈവത്തിന് ഒന്നും അസാധ്യമല്ല

ഡേവിഡ് വിൽക്കേഴ്സൺ

**നി**രന്തരമായ ഭീതിയിലും അസ്വസ്ഥതയിലും കഴിയുന്ന ഒരു ചെറുപ്പക്കാരനെ എനിക്കറിയാം. കർത്താവിൽനിന്ന് അകന്നു നടക്കാൻ തുടങ്ങിയതു മുതലാണ് ഈ ഭീതി അവനെ നിരന്തരമായി വേട്ടയാടാൻ തുടങ്ങിയത്.

ഈ യുവാവ് അത്ഭുതകരമായി രക്ഷയിലേക്കു വന്നവനും ദൈവാത്മാവിനാൽ നിറയപ്പെട്ടവനുമായിരുന്നു. ദൈവകൃപയുടെ ശക്തി സ്വന്തജീവിതത്തിലൂടെ അവൻ വെളിപ്പെടുത്തിയിരുന്നു. സുവിശേഷത്തിന്റെ ശക്തനായ ഒരു സാക്ഷിയായിരുന്നു അവൻ. തന്റെ സഭയിലെ അനേകർക്ക് ഉപദേശം നൽകുന്നവനും ക്രിസ്തുവിന്റെ സ്നേഹം അവരോടു പ്രഘോഷിക്കുന്നവനുമായിരുന്നു. എന്നാൽ ഒരു ദിവസം പൊടുന്നനെ അവൻ പ്രഖ്യാപിച്ചു"എനിക്കു മതിയായി. എനിക്കീ ജീവിതം ഇനി വേണ്ട."

ക്രിസ്ത്യാനികളെക്കൊണ്ടു മടുത്തതായി അവൻ എല്ലാവരോടും പറഞ്ഞു. തന്റെ പ്രാർത്ഥനയ്ക്കു മറുപടി നൽകാഞ്ഞ ദൈവത്തോടും അവൻ കലഹിച്ചു. അവൻ തന്റെ ശുശ്രൂഷകനോട് ഇപ്രകാരം പറഞ്ഞു "താങ്കളുടെ പ്രസംഗങ്ങളെല്ലാം എന്നെ കുറ്റബോധത്തിൽ തളച്ചിടുന്നവയായിരുന്നു. ഇനി ഞാൻ ജീവിതം ആസ്വദിക്കുവാൻ പോകുകയാണ്. അല്പസ്വല്പം മദ്യപാനം. ഇടയ്ക്കിടെ ചില പാർട്ടികൾ. ഞാൻ ഒത്തിരി അതിരുകടന്നൊന്നും പോകുകയില്ല. അല്പം രസമാണ് എനിക്കു വേണ്ടത്.'' അങ്ങനെ അവൻ തന്റെ വിശ്വാസം ഉപേക്ഷിച്ചു.

ഈ ചെറുപ്പക്കാരൻ ആത്മികമായി തികഞ്ഞ അന്ധനല്ലായിരുന്നുവെന്ന കാര്യം ശ്രദ്ധിക്കുക. അവന് ബൈബിൾ ജ്ഞാനത്തിന്റെ ഒരടിത്തറ ഉണ്ടായിരുന്നു. സുവിശേഷസത്യങ്ങൾ അവനു പരിചിതമായിരുന്നു. തന്നെ കുറ്റപ്പെടുത്താൻ പരിശുദ്ധാത്മാവിനെ അവൻ അനുവദിച്ചിരുന്നതുമാണ്. കർത്താവിനെ സേവിക്കുന്നതിലുള്ള സന്തോഷം അവൻ അനുഭവിച്ചറിഞ്ഞിരുന്നതുമാണ്.

എന്നാൽ ഇന്ന് ആ ചെറുപ്പക്കാരൻ ക്രിസ്ത്യാനിയല്ല. എന്നുതന്നെയല്ല അതിനുനേരെ എതിരുമാണ്. അവൻ പാപത്തിൽ ആഴത്തിൽ അടിതെറ്റി വീണുകിടക്കുകയാണ്. തന്റെ ഹൃദയത്തിൽ കൊണ്ടുനടക്കുന്ന വലിയ കുറ്റബോധത്തേയും ദുഃഖത്തേയും അവൻ മദ്യത്തിൽ മുക്കിക്കൊല്ലാനാണ് ശ്രമിക്കുന്നത്. സന്തോഷം തേടി അവൻ പാർട്ടികളിൽ പങ്കെടുക്കുന്നു. പക്ഷേ

> **വിശ്വാസികൾ പാപത്തിൽ വീണാൽ പിശാച് അവരുടെ ചെവികളിൽ നിരന്തരം ഇങ്ങനെ അലറും "നിനക്ക് ഇനി മോചനമില്ല. ഇനി ആശയ്ക്കു വകയില്ല."**

അത് അവനെ ശൂന്യതയിലേക്കാണ് നയിക്കുന്നത്. കൂട്ടിനായി അവൻ വ്യത്യസ്ത ഇണകളെ തേടുന്നു. പക്ഷേ എല്ലാറ്റിനും ശേഷം അവൻ കൂടുതൽ ഏകാകിയും നിരാശനുമായി തുടരുന്നു.

ഒരിക്കൽ കത്തിജ്വലിച്ചിരുന്ന ഈ വിശ്വാസി ഇന്ന് അധഃപതനത്തിന്റെ ഒരു പിരിയൻ കോവണി ഇറങ്ങിപ്പോവുകയാണ്. അവന് അത് അറിയുകയും ചെയ്യാം. അവൻ ക്രമേണ ഒരു മദ്യപനായി മാറുകയാണ്. തന്റെ ജീവിതം ഇങ്ങനെയായിപ്പോയതോർത്ത് അവൻ കരയുന്നു. ദൈവം തന്നെ പൂർണമായി കൈവിട്ടെന്ന വലിയ ഭയം അവനുണ്ട്. താൻ എല്ലാ അതിർവരമ്പും ലംഘിച്ചെന്നും ഇനി ഒരിക്കലും മടങ്ങിപ്പോകാനാവില്ലെന്നുമാണ് അവന്റെ ബോധ്യം. കഴിഞ്ഞ പ്രാവശ്യം ഞാൻ ഈ ചെറുപ്പക്കാരനുമായി സംസാരിച്ചപ്പോൾ അവൻ ഇങ്ങനെയാണ് പറഞ്ഞത് "ഞാൻ പാപം ചെയ്ത് എല്ലാ അനുഗ്രഹങ്ങളും നഷ്ടപ്പെടുത്തി. ഇപ്പോഴാകട്ടെ ഞാൻ പാപം ചെയ്ത് എല്ലാ പ്രത്യാശയും കളഞ്ഞുകുളിച്ചു കഴിഞ്ഞുവെന്നല്ലാതെ എനിക്കു ചിന്തിക്കാനാവില്ല." പാപത്തിന്റെ കൊളുത്തിനാൽ ബന്ധിക്കപ്പെട്ട് എല്ലാ ദൂരപരിധിയും ലംഘിച്ച് അപ്പുറത്തുപോയിക്കഴിഞ്ഞുവെന്നും ഇനി ഒരിക്കലും ദൈവത്തിങ്കലേക്കു മടങ്ങാനാവില്ലെന്നും അവൻ ചിന്തിക്കുന്നു.

ഒരു ഘട്ടത്തിൽ അവൻ എനിക്കൊരു കത്തെഴുതി. താൻ കേട്ട എല്ലാ പ്രസംഗങ്ങളും തന്നെ വേട്ടയാടുന്നുവെന്നാണ് അവൻ കത്തിൽ പറഞ്ഞത്. "മറ്റുള്ളവരോടു പ്രസംഗിച്ച ശേഷം ഞാൻതന്നെ കൊള്ളരുതാത്തവനായിപ്പോകാതിരിക്കേണ്ടതിന്..." (1 കൊരിന്ത്യർ 9:27) എന്ന പൗലോസിന്റെ പേടി തന്നെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിത്തീർന്നെന്നാണ് അവന്റെ ഭയം.

അവസാനം, തികഞ്ഞ നിരാശയുടെ മദ്ധ്യത്തിലും എന്തെങ്കിലും പ്രത്യാശയ്ക്കു വകയുണ്ടോ എന്നന്വേഷിച്ച് സഭയിൽ ഒരുവട്ടംകൂടി ഒന്നു പോയി നോക്കാമെന്ന് അവൻ തീരുമാനിച്ചു. പക്ഷേ അന്നു സഭയിൽ കേട്ട വചനം അവനെ അടിമുടി ഉലച്ചുകളഞ്ഞു. എബ്രായർ 6:4-6നെ അധാരമാക്കിയായിരുന്നു ആ പ്രസംഗം. "ഒരിക്കൽ പ്രകാശം ലഭിക്കുകയും സ്വർഗീയദാനം ആസ്വദിച്ചറിയുകയും പരിശുദ്ധാത്മാവിൽ പങ്കുകാരാകുകയും ദൈവവചനത്തിന്റെ നന്മയും വരാനിരിക്കുന്ന യുഗത്തിന്റെ ശക്തിയും രുചിച്ചറിയുകയും ചെയ്തവർ വീണുപോവുകയാണെങ്കിൽ, അവരെ അനുതാപത്തിലേക്കു പുനരാനയിക്കുക അസാദ്ധ്യമാണ്. കാരണം അവർ ദൈവപുത്രനെ സ്വമനസാ അധിക്ഷേപിക്കുകയും വീണ്ടും കുരിശിൽ തറയ്ക്കുകയും ചെയ്തു."

ഈ വിവരണം തനിക്കാണ് ഏറ്റവും യോജിക്കുന്നതെന്ന് ആ ചെറുപ്പക്കാരനു തോന്നി. അവൻ ദൈവവചനത്തിൽനിന്ന് പ്രകാശനം ലഭിച്ചവനായിരുന്നു. ദൈവികദാനമായ ദിവ്യക്ഷമ അവൻ ആസ്വദിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ സ്പർശനവും അവൻ അനുഭവിച്ചവനാണ്. പക്ഷേ ഇപ്പോൾ "ഞാൻ ദൈവപുത്രനെ സ്വമനസാ അധിക്ഷേപിക്കുകയും പാപമയമായ ജീവിതംകൊണ്ട് ദിനംപ്രതി തന്നെ ക്രൂശിക്കുകയും ചെയ്യുകയാണല്ലോ." അവൻ വിലപിച്ചു. ആ വചനം

**ചിലപ്പോൾ മന:പരിവർത്തനം ഉണ്ടായവരിൽ**
**ചിലരെ സാത്താൻ**
**പഴയ ജീവിതശൈലിയിലേക്കു**
**വീണ്ടും വശീകരിച്ചുകൊണ്ടുപോകാറുണ്ട്.**



അവന്റെ ചെവികളിൽ തുടർച്ചയായി മുഴങ്ങിക്കൊണ്ടിരുന്നു "അവരെ അനുതാപത്തിലേക്കു പുനരാനയിക്കുക അസാധ്യമാണ്."

ആ പ്രസംഗം അവന്റെ പ്രതീക്ഷയുടെ അവസാന രശ്മിയേയും കെടുത്തിക്കളഞ്ഞു. അവൻ അന്നു ദേവാലയത്തിന്റെ കവാടം കടന്നുപോരുമ്പോൾ നിത്യനാശത്തിലേക്കു നടന്നു പോവുകയാണെന്ന് അവനു തോന്നി. ദൈവവചനത്തോട് വാദിക്കുവാൻ അവനു കഴിയുകയില്ല. തന്റെ നാളുകളെ ഇനി യാതനയിലും നിരാശതയിലും മാത്രം കഴിക്കാൻ വിധിക്കപ്പെട്ടിരിക്കുകയാണെന്ന് അവൻ വിശ്വസിക്കുകയാണ്.

ഒരിക്കൽ വിശ്വസ്തരായ വിശ്വാസികളായിരുന്നശേഷം ഈ ചെറുപ്പാക്കാരനെപ്പോലെ വീണുപോയ അനേകർ ഇന്നുണ്ട്. ഒരു ഘട്ടത്തിൽ ദൈവത്തെ ഉപേക്ഷിച്ചു പാപത്തിൽ മുഴുകി ദൈവകൃപയിൽനിന്നു വീണുപോയി. ഇപ്പോൾ അവർ ഒരിക്കൽ ലഭിച്ച വെളിച്ചത്തിന് നേരെ എതിരായിട്ടാണ് ജീവിക്കുന്നത്. എന്നെങ്കിലും രക്ഷ പ്രാപിക്കും എന്ന പ്രത്യാശയ്ക്കും അപ്പുറത്താണു തങ്ങൾ എന്ന കാര്യത്തിൽ അവർ ഉറച്ചിരിക്കുന്നു.

ഇതു നിങ്ങളുടെ, അല്ലെങ്കിൽ നിങ്ങൾക്കറിയാവുന്ന ആരുടെയെങ്കിലും അനുഭവമായിത്തോന്നുന്നുണ്ടോ? അങ്ങനെയെങ്കിൽ ആ ചെറുപ്പക്കാരനെ എഴുതി അറിയിച്ച അതേ സന്ദേശം നിങ്ങൾക്കായും ഞാൻ എഴുതട്ടെ.

**ഒരു പ്രതീക്ഷയ്ക്കും വകയില്ലാതിരുന്ന ധാരാളം ആളുകൾ ക്രിസ്തുവിലേക്കു വരുന്നത് കഴിഞ്ഞ 40 വർഷങ്ങളായി ഞാൻ കണ്ടിട്ടുണ്ട്.**

'ടീൻ ചലഞ്ച്' എന്നശുശ്രൂഷയ്ക്ക് തുടക്കംകുറിച്ച ആളെന്ന നിലയിൽ യേശുവിലുള്ള വിശ്വാസത്തിലേക്ക് ആയിരക്കണക്കിന് ആളുകൾ കടന്നുവന്നതിനു ഞാൻ സാക്ഷിയാണ്. ഈ ആത്മാക്കളിൽ നല്ലപങ്കും ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്തവരായിരുന്നു. ലഹരിമരുന്നിന്റേയും മദ്യത്തിന്റേയും അടിമകൾ, മയക്കുമരുന്നു വില്പനക്കാർ, മോഷ്ടാക്കൾ, സ്വവർഗ്ഗപ്രേമികൾ, വേശ്യകൾ, നാസ്തികർ, സാത്താനെ സേവിക്കുന്നവർ, കുറ്റവാളികൾ, അധോലോകസംഘത്തിൽപ്പെട്ടവർ എന്നിങ്ങനെ പല തരക്കാരായിരുന്നു അവർ. എന്നാൽ ക്രിസ്തുവിന്റെ ശക്തിയാൽ ഇവർക്ക് അത്ഭുതകരമായ പരിവർത്തനം വരുന്നത് ഞാൻ അമ്പരപ്പോടെ കണ്ടുനിന്നിട്ടുണ്ട്. അവർ രോഗസൗഖ്യവും നവീകരണവും ബന്ധനങ്ങളിൽനിന്നുള്ള പൂർണ സ്വാതന്ത്ര്യവും നേടി. അവർ ദൈവവചനത്തിലും കൃപയിലും ശക്തന്മാരായി വളർന്നുവന്നു.

എന്നാൽ ചിലപ്പോൾ മന:പരിവർത്തനം ഉണ്ടായ ഇവരിൽ ചിലരെ സാത്താൻ പഴയ ജീവിതശൈലിയിലേക്കു വീണ്ടും വശീകരിച്ചുകൊണ്ടു പോകാറുണ്ട്. വീണ്ടും അവർ പാപത്തിൽ വീണാൽ പിശാച് അവരുടെ ചെവികളിൽ നിരന്തരം ഇങ്ങനെ അലറും." നിനക്ക് ഇനി മോചനമില്ല. നീ ശപിക്കപ്പെട്ടവനാണ്. ഇനി ആശയ്ക്കു വകയില്ല. ഇനി സ്വാതന്ത്ര്യത്തിലേക്കു പ്രവേശിക്കുക അസാധ്യം. യേശുവിന്റെ അടുത്തേക്ക് ഇനി നിനക്കു പോകാൻ കഴിയുകയേ ഇല്ല.'

തെരുവിൽനിന്നു ഞങ്ങളുടെ ശുശ്രൂഷയിലേക്കു വന്ന ചെറുപ്പക്കാരായ ഭാര്യാഭർത്താക്കന്മാരെ ഞാൻ ഓർക്കുന്നു. ജയിംസ്, മേരി തോമസ് എന്നായിരുന്നു അവരുടെ പേരുകൾ. വീടില്ലാതെ അലഞ്ഞു നടന്നു ഇവർ ഹീറോയിൻ എന്ന ലഹരിമരുന്നു കഴിക്കുവാനായി മോഷണം പതിവാക്കിയവരായിരുന്നു. അവർ ആദ്യം ഞങ്ങളുടെ അടുത്തേക്കു വന്നപ്പോൾ അവർ ഏറെക്കുറെ മരിച്ചവരെപ്പോലെയായിരുന്നു. മനസ്സ് തീർത്തും കൈമോശം വന്നവരെപ്പോലെ. ലഹരിമരുന്നിന്റെ പിടിയിലായിരുന്ന

ജയിംസ് ഒരു ഉന്മാദാവസ്ഥയിലായിരുന്നു. സ്വന്തം പേരുപോലും പറയാൻ കഴിയാത്ത നില. മദ്യത്തിന്റെ അടമയായിരുന്ന മേരിയാകട്ടെ അസ്ഥിയും തൊലിയും മാത്രമുള്ള ഒരു ദുരന്തകാഴ്ചയായിരുന്നു.

പക്ഷേ ദൈവം ഈ ദമ്പതികളിൽ അത്യത്ഭുതകരമായ ഒരു പ്രവൃത്തി ചെയ്തു. ആശ്ചര്യമെന്നു പറയട്ടെ, ഇരുവരും രക്ഷിക്കപ്പെട്ടു. തുടർന്നു ദൈവം അവരെ ശാരീരികമായും യഥാസ്ഥാനപ്പെടുത്തി. മുഖങ്ങൾക്കു തെളിച്ചം വന്നു. ശരീരത്തിനു പഴയ തൂക്കം തിരികെക്കിട്ടി. അവർ തങ്ങളുടെ പഴയ മാനസികാരോഗ്യവും വീണ്ടെടുത്തു. പ്രത്യേകിച്ചും ജയിംസിനു വളരെ സമർത്ഥമായ ഒരു മനസ്സാണ് ഉണ്ടായിരുന്നത്. ചുരുങ്ങിയ സമയംകൊണ്ട് അദ്ദേഹം എബ്രായ ഗ്രീക്ക് ഭാഷകൾ സ്വായത്തമാക്കി. ഞങ്ങൾ അവരെ ഇരുവരേയും ഒരു ബൈബിൾ സ്കൂളിലേക്ക് വിട്ടു. അവിടെ ജയിംസ് അദ്ധ്യാപകരെപ്പോലും അത്ഭുതപ്പെടുത്തി. അദ്ദേഹത്തിന്റെ എബ്രായ ഭാഷാധ്യാപകൻ ഒരു ദിവസം പറഞ്ഞു. "ജയിംസ്, ഇനി നിങ്ങളെ എനിക്ക് ഒന്നും പഠിപ്പിക്കാനില്ല. എനിക്ക് അറിയാവുന്നതിനേക്കാൾ കൂടുതൽ നിനക്ക് ഇപ്പോളറിയാം"

ബിരുദം നേടിക്കഴിഞ്ഞ് ജയിംസും മേരിയും കാലിഫോർണിയായ്ക്ക് പോയി. അവർ അവിടെ ജയിൽപ്പുള്ളികളെ സുവിശേഷീകരിക്കുന്ന ഒരു ശുശ്രൂഷ ആരംഭിച്ചു. നൂറുകണക്കിന് ജയിൽപ്പുള്ളികളോട് സുവിശേഷം അറിയിച്ച അവർ 12 വർഷം നിരന്തരം അധ്വാനിച്ചു. ജയിംസ് ബൈബിളിൽനിന്നും പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു. മേരി ദുഃഖിതരായ സ്ത്രീകൾക്ക് സാന്ത്വനവും ഉപദേശവും നൽകുന്ന ശുശ്രൂഷയും ഫലപ്രദമായി ചെയ്തുവന്നു. ഞങ്ങളുടെ ദൃഷ്ടിയിൽ ഈ യുവമിഥുനങ്ങൾ ദൈവകൃപയുടെ മനോഹരമായ സാക്ഷ്യമായിരുന്നു. തീർത്തും ആശയറ്റ ജീവിതങ്ങളെപോലും രൂപാന്തരപ്പെടുത്തുന്ന യേശുവിന്റെ ശക്തിയുടെ തിളങ്ങുന്ന ഉദാഹരണങ്ങളായി ആ ദമ്പതികൾ നിന്നു.

ദൈവത്താൽ ഈ നിലയിൽ അനുഗ്രഹിക്കപ്പെട്ടവരായി വർഷങ്ങൾ നിന്നശേഷം എങ്ങനെയെന്നറിഞ്ഞില്ല മേരി പൊടുന്നനെ അധൈര്യപ്പെടുവാനിടയായി. മദ്യത്തിലേക്ക് അവളെ തിരിച്ചു വശീകരിക്കുന്നതിൽ സാത്താൻ വിജയിച്ചു. തുടർന്നുള്ള ദിവസങ്ങൾ ആ ദമ്പതികൾക്ക് ഒരു നരകംതന്നെയായിരുന്നു. ജയിംസ് ജയിലുകളിൽ ശുശ്രൂഷയിൽ വ്യാപൃതനായിരിക്കുമ്പോൾ മേരി മെല്ലെ ഒഴിഞ്ഞുമാറി ബാറുകളിൽ അഭയംതേടി. ചിലപ്പോൾ രാത്രി മുഴുവൻ അവിടെ ചെലവഴിച്ചു. ജയിംസിന് അവളെ തെരഞ്ഞുപോകേണ്ടി വന്നു. വഴിയിൽ ചിലപ്പോൾ ബോധമില്ലാതെ ഓടകളിൽനിന്ന് അവളെ കണ്ടെടുത്തിട്ടുണ്ട്. ബോധം വരുമ്പോൾ അവൾ സമ്മതിക്കും "എന്താ സംഭവിച്ചതെന്ന് എനിക്കറിയില്ല.

**വീണുപോയ ഒരു വിശ്വാസിയെ ശുശ്രൂഷിക്കുക ഭയാനകമാണ്. ഒരുവൻ കൂടുതൽ ആത്മികനായിരുന്നെങ്കിൽ, അവൻ വീണുകഴിഞ്ഞാൽ അവനെ സമീപിക്കുക കൂടുതൽ ദുഷ്കരമായിരിക്കും**

ഞാൻ വീണ്ടും അതിൽ വീണു. ഈ ശീലത്തിൽനിന്നു വിട്ടുപോരാൻ എനിക്കു കഴിയില്ല."

അങ്ങനെയിരിക്കെ ഒരു രാത്രി മേരിയെ കാണാതായി. ജയിംസ് എവിടെയെല്ലാം തെരഞ്ഞിട്ടും കണ്ടെത്താൻ കഴിഞ്ഞില്ല. പല ആഴ്ചകൾ കടന്നുപോയി. ജയിംസ് ആകെ ഹതാശനായി. അതുകൊണ്ട് ഞങ്ങൾ അദ്ദേഹത്തെ ടെക്സാസിലെ പ്രവർത്തന കേന്ദ്രത്തിലേക്ക് വിളിപ്പിച്ചു. ഇത്രയേറെ മുറിപ്പെട്ടവനായി ഞാൻ മറ്റൊരു മനുഷ്യനെ കണ്ടിട്ടില്ല. പക്ഷേ ജയിംസ് പറഞ്ഞു "ഞാൻ അവളെ ഉപേക്ഷിക്കുകയില്ല. ദൈവം ഞങ്ങൾക്കായി എന്താണ് ചെയ്തതെന്ന് എനിക്കറിയാം"

മൂന്നു ദിവസത്തിനുശേഷം മേരി ഒരു ആശുപത്രിയിൽനിന്ന് വിളിച്ചു. പാതി മരിച്ചനിലയിൽ ഒരു തെരുവിൽ കണ്ടെത്തിയ അവളെ പൊലീസ് ആശുപത്രിയിലാക്കുകയായിരുന്നു. അവൾ തെരുവിൽ പീഡനങ്ങൾക്ക് ഇരയായി. മൃഗീയമായി മർദ്ദിക്കപ്പെട്ടു. ജയിംസ് ഉടൻതന്നെ വിമാനം കയറി ആശുപത്രിയിലേക്കുപോയി. അവിടെനിന്ന് അവളെ വീണ്ടും ഞങ്ങളുടെ കേന്ദ്രത്തിലേക്ക് കൊണ്ടുവന്നു. അവർ ഇരുവരും കടന്നുവന്നപ്പോൾ ആരും ആദ്യനോട്ടത്തിൽ മേരിയെ തിരിച്ചറിഞ്ഞില്ല. അവളുടെ മുഖത്തിന്റെ രൂപമേ മാറിയിരുന്നു. ചുണ്ടുകൾ നീരുവന്ന് വീർത്തിരുന്നു. തൊലി കരുവാളിച്ചും നീലിച്ചും പോയിരുന്നു!

മേരി വിശ്രമിച്ച് സൗഖ്യം പ്രാപിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങളെല്ലാം അവളോട് വീണ്ടും ദൈവസ്നേഹത്തെക്കുറിച്ചു സംസാരിക്കാൻ തുടങ്ങി. പക്ഷേ അവൾക്കത് അംഗീകരിക്കാൻ കഴിഞ്ഞില്ല. എബ്രായർ 6:4-6 അവൾക്ക് കാണാപ്പാഠമായിരുന്നു. അവൾ അത് ഞങ്ങളോട് പറഞ്ഞു. "... അവർ വീണുപോവുകയാണെങ്കിൽ, അവരെ അനുതാപത്തിലേക്ക് പുനരാനയിക്കുക അസാദ്ധ്യമാണ്." താൻ സ്വർഗ്ഗീയദാനം ആസ്വദിക്കുകയും ദൈവവചനത്തിന്റെ പങ്കാളിത്തം അനുഭവിക്കുകയും ചെയ്തിട്ടുണ്ടെന്ന് അവൾക്ക് ബോധ്യമുണ്ട്. ഇപ്പോൾ ദൈവപുത്രനെ താൻ പുതുതായി കുരിശിൽ തറയ്ക്കുകയാണെന്ന സത്യത്തിന് മുമ്പിൽ അവൾ നടുങ്ങിപ്പോവുകയാണ്. അവൾക്ക് ആകെ പറയാനുള്ളത് ഇതുമാത്രമാണ്: "എന്നെ സംബന്ധിച്ച് അതെല്ലാം കഴിഞ്ഞു. ഞാൻ ഒരിക്കൽ മറ്റുള്ളവരെ ഉപദേശിച്ചിരുന്നു. പക്ഷേ ഞാൻ എന്തായിത്തീർന്നു എന്ന് നോക്കുക. ഞാൻ യേശുവിന്റെ സ്നേഹത്തെ നിരസിച്ചു. ഞാൻ വെളിച്ചത്തിനെതിരെ പാപം ചെയ്തു. അവിടുത്തേക്ക് ഇനി എന്നെ തിരിച്ചെടുക്കാനാവില്ല.'' പഴയ ശീലത്തിലേക്ക് വീണ്ടും വീണുപോകാനും തെരുവിൽ തന്റെ ജീവിതം അവസാനിപ്പിക്കാനും താൻ വിധിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്നാണ് അവൾ ചിന്തിക്കുന്നത്. ഇപ്പോൾ അവൾ ആകെ ആഗ്രഹിക്കുന്നത് മരിക്കാനാണ്!

മേരിയുടെ അനുഭവത്തിലേക്ക് ഇനി ഞാൻ പിന്നീടുവരാം. അതിനു മുൻപ് 'അവരെ അനുതാപത്തിലേക്ക്....പുനരാനയിക്കുക അസാദ്ധ്യമാണ്' എന്ന പ്രയോഗത്തിന്റെ അർത്ഥം എന്തെന്ന് പരിശോധിക്കുക. ആർക്കാണ് അത് തീർത്തും അസാദ്ധ്യമായിരിക്കുന്നത്.

**1. ഈ അവസ്ഥയിലുള്ളവരെ സ്പർശിക്കുക പ്രസംഗകർക്ക് അസാദ്ധ്യമാണ്.**

ഞാൻ മേരിയെ സ്നേഹിക്കുകയും അവളുടെ നന്മ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരുവനാണെന്ന് അവൾക്ക് അറിയാം ദൈവവചനത്തിന്റെ ശുശ്രൂഷകൻ എന്ന നിലയിൽ എന്നെ അവൾക്ക് ബഹുമാനവുമാണ്. എന്നിട്ടും മേരിയുടെ ഹൃദയത്തെ തൊടുക അസാദ്ധ്യമായിരുന്നു. ദൈവവചനത്തിലെ ഒരു വാഗ്ദാനത്തിനും

അവളെ സ്പർശിക്കാൻ കഴിഞ്ഞില്ല. ദൈവപുരുഷനായ അവളുടെ ഭർത്താവിന്റെ ആർദ്രമായ സ്നേഹത്തിനും അവളെ ഇളക്കാൻ കഴിഞ്ഞില്ല. അവളുടെ ചെവി കൊട്ടിയടയ്ക്കപ്പെട്ടതുപോലെയും ഹൃദയം കല്ലായതുപോലെയും ആത്മാവ് എന്തെങ്കിലും ബോധ്യം ഏറ്റെടുക്കാൻ കഴിയാതെ മരവിച്ചതുപോലെയും തോന്നി.

പാപത്തിൽ ആഴത്തിൽ വീണുപോയ ഒരു വിശ്വാസിയെ ശുശ്രൂഷിക്കുക ഭയാനകമാണ്. ഒരുവൻ കൂടുതൽ ആത്മികനായിരുന്നെങ്കിൽ, അവൻ വീണുകഴിഞ്ഞാൽ അവനെ സമീപിക്കുക കൂടുതൽ ദുഷ്കരമായിരിക്കും എന്നുതോന്നുന്നു. ദൈവത്തിന്റെ അരുളപ്പാടെന്ന നിലയിൽ നിങ്ങൾക്ക് അവനോട് സംസാരിക്കാം. ക്രൂശിലെ യാതനകൾ അവന്റെ മുമ്പിൽ വരച്ചുകാട്ടാം. യേശുവിന്റെ തിരുഹൃദയത്തെപ്പറ്റി തന്നെ അവനോട് സംസാരിക്കാം-എന്തെല്ലാം ചെയ്താലും അവന്റെ ഹൃദയം കല്ലുപോലെ തന്നെയിരിക്കും. അവൻപറയും "ഒരു തമോഗർത്തത്തിന്റെ വക്കിലാണ് ഞാനെന്ന് എനിക്ക് തോന്നുന്നു. ഞാൻ വീണാൽപിന്നെ അതിൽനിന്നൊരിക്കലും കരകയറുകയില്ല. പക്ഷേ എന്നിട്ടും ആ നാശത്തിൽനിന്നും കുതറിമാറുവാൻ എന്നെക്കൊണ്ടു കഴിയുകയില്ല. ഞാൻ നഷ്ടപ്പെട്ടുപോയെന്നും ഒടുവിൽ നരകത്തിൽചെന്ന് അവസാനിക്കുമെന്നും ഞാൻ ഭയപ്പെടുന്നു."

യിരെമ്യാവ് ഈ അവസ്ഥയെക്കുറിച്ച് പ്രവചിച്ചിട്ടുണ്ട്. "ആകയാൽ നീ ഇക്കാര്യങ്ങളെല്ലാം അവരോട് പറയണം. എന്നാൽ അവർ കേൾക്കുകയില്ല. നീ അവരെ വിളിക്കണം. അവർ വിളി കേൾക്കുകയില്ല" (യിരെ. 7:27). ദൈവവചനത്തിന് മുമ്പാകെ ഹൃദയം കഠിനമാക്കുന്നവരേക്കുറിച്ച് യേശു ഇങ്ങനെ പറഞ്ഞു: "അവർ കണ്ണുകൊണ്ടു കണ്ട്, കാതുകൊണ്ടു കേട്ട്, ഹൃദയംകൊണ്ടു മനസ്സിലാക്കി മാനസാന്തരപ്പെടുകയും ഞാനവരെ സുഖപ്പെടുത്തുകയും അസാദ്ധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായിത്തീർന്നിരിക്കുന്നു. ചെവിയുടെ കേൾവി മന്ദീഭവിച്ചിരിക്കുന്നു. കണ്ണ് അവർ അടച്ചുകളഞ്ഞിരിക്കുന്നു. (മത്തായി 13:15)

എന്റെ സുവിശേഷപ്രസംഗത്തോട് കഠിനരായ അനേകം ആളുകൾ പ്രതികരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അധോലോക സംഘനേതാക്കൾ, ദുർമന്ത്രവാദികൾ, കൂട്ടബലാത്സംഗകേസുകളിലെ പ്രതികൾ, കൊലപാതകികൾ തുടങ്ങിയ ഏറ്റവും ദുർമാർഗ്ഗികളായ പാപികൾ എന്നിങ്ങനെ. യേശുവിലേക്ക് വരുന്നതിന് മുമ്പ് ഇവർ പാപത്തിൽ തഴമ്പിച്ചു പോയവരാണ്. എന്നാൽ എബ്രായർ 6:4-6ൽ നാം കാണുന്ന 'വിശ്വാസി'കളെപ്പോലെ അവരാരും സുവിശേഷത്തോട് കഠിനപ്പെട്ടവരല്ല. ഇത്തരം വീണുപോയ വിശ്വാസികളെ നേടുവാനും സത്യത്തിലേക്ക് പ്രത്യാനയിക്കുവാനും അസാദ്ധ്യമാണെന്നുതന്നെ ഞാൻ പറയട്ടെ. എന്തുകൊണ്ട്?. "നീ വെളിച്ചത്തിനെതിരെ മിക്കപ്പോഴും പാപം ചെയ്തു. അതുകൊണ്ട് നിന്നെ സംബന്ധിച്ച് എല്ലാം താമസിച്ചുപോയി. നിനക്ക് തിരികെ പോകുവാൻ സാദ്ധ്യമല്ല'' എന്ന് പിശാച് തങ്ങൾക്ക് ബോധ്യം നൽകുവാൻ അവർ അനുവദിച്ചു എന്നതാണ് കാരണം.

**അവരുടെ കുഞ്ഞുങ്ങൾ പിതാവിന്റെ കാലുകളെ കെട്ടിപ്പിടിച്ച് ഇങ്ങനെ കരയും "ഡാഡി, എന്തിനാണ് ഞങ്ങളെ ഉപേക്ഷിക്കുന്നത്? പോകല്ലേ ഡാഡി, മമ്മിയെയും ഞങ്ങളേയും വിട്ട് പോകല്ലേ" പക്ഷേ ഇതൊന്നും അവരെ സ്പർശിക്കുകയില്ല.**

**2. പ്രിയപ്പെട്ടവർക്കോ സ്നേഹിതർക്കോ അവരെ പുതുക്കത്തിലേക്ക് നയിക്കുവാൻ കഴിയുകയില്ല**

ജയിംസ് തോമസ് തന്റെ ഭാര്യയെ സ്നേഹിച്ചതിൽ കൂടുതൽ ഒരു ഭർത്താവും ഭാര്യയെ സ്നേഹിച്ചിട്ടില്ല. മേരി വഴിവിട്ട ജീവിതത്തിനു തെരുവിൽ തന്നെത്തന്നെ വിറ്റുകളഞ്ഞപ്പോഴും ഈ മനുഷ്യൻ ഭാര്യയോടുള്ള സ്നേഹം ഉപേക്ഷിച്ചില്ല. ഈ വേദനാജനകവും ക്ലേശകരവുമായ നാളുകളിൽ ഭാര്യയോടുള്ള ജയിംസിന്റെ കരുതലും ശുശ്രൂഷയും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഈ സ്ത്രീ വഴിതെറ്റിപ്പോയവളാണ്. പക്ഷേ ഇപ്പോളിതാ അവളുടെ ഭർത്താവ് ക്ഷമയോടെ അവളുടെ മുറിവുകളിൽ മരുന്നു പുരട്ടുന്നു. അവളുടെ മുഖം കഴുകിക്കൊടുക്കുന്നു. അവളെച്ചൊല്ലി കരയുന്നു!

എന്നാൽ ഇതിനേക്കാളേറെ എന്നെ അമ്പരപ്പിച്ച കാര്യം ജയിംസിന്റെ ത്യാഗോജ്ജ്വലമായ സ്നേഹമോ കരുണയോ മേരിയുടെ ഹൃദയത്തെ തെല്ലും അലിയിച്ചില്ല എന്നതാണ്. കണ്ണീരുകൊണ്ടോ ആർദ്രതകൊണ്ടോ അവളെ ഇളക്കാൻ കഴിയുമായിരുന്നില്ല. മാനുഷികമായി സ്നേഹപ്രകടനങ്ങൾക്കോ കഴിവുകൾക്കോ സ്പർശിക്കാൻ കഴിയാത്ത ഒരു തലത്തിൽ അവൾ നഷ്ടപ്പെട്ടതുപോലെ തോന്നി.

ഇതേതരത്തിലുള്ള അകൽച്ച, തങ്ങളുടെ കുടുംബങ്ങളെ നിഷ്ക്കരുണം ഉപേക്ഷിച്ച, വഴിതെറ്റിയ, വഞ്ചകരായ ഭർത്താക്കന്മാരിൽ ഞാൻ കണ്ടിട്ടുണ്ട്. അവരുടെ ഭാര്യമാർ അവരോട് കെഞ്ചി അപേക്ഷിക്കും. "എന്റെ പൊന്നേ, ഞാൻ നിങ്ങളോടു പൊറുത്തു. നിങ്ങൾ ചെയ്തതൊന്നും ഞാൻ ഗണ്യമാക്കുന്നേയില്ല. 25 വർഷമായി നമ്മൾ വിവാഹിതരായിട്ട്. നമ്മുടെ വിവാഹിതജീവിതം തകരരുതെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ എനിക്കുവേണം" അവരുടെ കുഞ്ഞുങ്ങൾ പിതാവിന്റെ കാലുകളെ കെട്ടിപ്പിടിച്ച് ഇങ്ങനെ കരയും "ഡാഡി, എന്തിനാണ് ഞങ്ങളെ ഉപേക്ഷിക്കുന്നത്? പോകല്ലേ ഡാഡി, മമ്മിയെയും ഞങ്ങളേയും വിട്ട് പോകല്ലേ" പക്ഷേ ഇതൊന്നും അവരെ സ്പർശിക്കുകയില്ല. മറ്റൊരു സ്ത്രീയുടെ പിടിയിൽ പെട്ടുപോയിരിക്കുന്നതിനാൽ സ്വന്ത ജീവിതവും കുടുംബവും എറിഞ്ഞുടയ്ക്കാൻ അയാൾക്ക് മടിയില്ല. ഏതളവിലുള്ള മാനുഷിക സ്നേഹത്തിനും അയാളെ അലിയിപ്പിക്കുവാൻ സാദ്ധ്യമല്ല. മാനുഷികസ്നേഹത്തിനോ യുക്തിവിചാരങ്ങൾക്കോ പാപത്തിന്റെ പിടിയിൽനിന്ന് അവരെ മോചിപ്പിക്കുവാൻ കഴിയുകയില്ല.

*(അടുത്തലക്കത്തിൽ ജയിംസിന്റേയും മേരിയുടേയും അനുഭവകഥ തുടരുന്നു.)*

***കടപ്പാട്: വേൾഡ് ചലഞ്ച്***


നിങ്ങൾ വരിസംഖ്യ അടച്ചോ?

**വരിസംഖ്യ അടച്ച് മാസികാ നടത്തിപ്പിനെ സഹായിക്കുക**

'ജീവമൊഴികൾ' മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക. നന്ദി.

# ആത്മാവിന്റെ ഫലം

**ജോസ് മാത്യു**

'ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം: ഈവകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല' (ഗലാ. 5:22,23).

നാം. ഏതുതരം വിത്തുവിതയ്ക്കുന്നുവോ അതിൽനിന്നുള്ള വിളവു തന്നെ നാം കൊയ്തെടുക്കും. ജഡത്തിൽ വിതച്ചാൽ കാലാന്തരത്തിൽ നാശം കൊയ്യും. ആത്മാവിൽ വിതച്ചാൽ ആത്മാവിന്റെ സത്ഫലങ്ങൾ നാം കൊയ്യും (ഗലാ. 6:7,8). വിരോധം, പിണക്കം, അസൂയ, സ്വാർത്ഥത, ലോകസ്നേഹം ഇത്യാദി വിത്തുകളെ ഹൃദയത്തിൽ ഇരിക്കുവാൻ അനുവദിക്കുന്ന ഒരുവനും ആത്മാവിൽ വിതച്ചുകൊണ്ടിരിക്കാനും യേശുവിന്റെ ജീവനിൽ ഓഹരിക്കാരനായിത്തീരുവാനും നിത്യതയിൽ നിലനിൽക്കുന്ന ഫലം കൊയ്യുവാനും കഴിയുകയില്ല.

വിതയ്ക്കുന്ന കാര്യത്തിൽ നാം വഞ്ചിതരാകരുത് എന്ന് തിരുവചനം പറഞ്ഞിരിക്കുന്നു. വയലിൽ കൂട്ടുവിത്ത് വിതയ്ക്കുന്നതിനെ ദൈവം വിലക്കിയിട്ടുണ്ട് (ലേവ്യ. 19:19). അതിന്റെ അന്ത്യം മനോഹരമായിരിക്കയില്ല. ജഡത്തിലും ആത്മാവിലും ഒരേസമയം വിതച്ചുകൊണ്ടിരിക്കുന്നവർ നിരവധിയുണ്ട്. എന്നാലവരുടെ സ്ഥിതി ഒടുവിൽ ഏറെ ശോചനീയമായിരിക്കും. എന്നാൽ ആത്മാവിൽ തന്നേ വിതച്ചുകൊണ്ടിരിക്കുകയും ആത്മാവിന്റെ ഫലം തന്നേ നിരന്തരമായി കൊയ്തുകൊണ്ടിരിക്കുകയും ചെയ്യാം എന്നുള്ള പുതിയ ഉടമ്പടിയുടെ സാദ്ധ്യത എത്രവലിയ ഒരു അനുഗ്രഹമാണെന്ന് ചിന്തിക്കുക! ദൈവവചനത്തെ വിശ്വസിക്കാത്തവർക്കും ജഡികമനസ്സുള്ളവർക്കും ഈ മഹൽ സാദ്ധ്യതയിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷം വിശ്വസിപ്പാൻ കഴിയാത്തവിധം സാത്താൻ അവരുടെ കണ്ണുകളെ കുരുടാക്കിയിരിക്കുന്നു (2 കൊരി. 4:4).

അത്യുൽകൃഷ്ടങ്ങളായ ആത്മഫലങ്ങളെക്കുറിച്ച് പ്രസ്താവിച്ചശേഷം 'ഇവയ്ക്കു വിരോധമായി നിൽക്കുന്ന ഒരു ന്യായപ്രമാണവുമില്ല' എന്നു പറഞ്ഞിരിക്കുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈ ആത്മഫലങ്ങളുടെ പ്രാധാന്യം കുറയ്ക്കുന്നതോ, ഇവയ്ക്കു പകരം സ്ഥാപിക്കുന്നതോ, ഇവയ്ക്കെതിരായി നിൽക്കുന്നതോ ആയ ഒരു നിയമവും ഉപദേശവും നില നിൽക്കയില്ല എന്നർത്ഥം.

സ്നേഹം ഒരു നല്ല ഫലവും ഉരകല്ലുമാണ്. 1കൊരി. 13:1-8 വായിക്കുക. ഒരുവൻ ഏറ്റവും നല്ല ദൈവിക

**പിണക്കം, അസൂയ, സ്വാർത്ഥത, ലോകസ്നേഹം ഇത്യാദി വിത്തുകളെ ഹൃദയത്തിൽ ഇരിക്കുവാൻ അനുവദിക്കുന്ന ഒരുവനും ആത്മാവിൽ വിതച്ചുകൊണ്ടിരിക്കാനും നിത്യതയിൽ നിലനിൽക്കുന്ന ഫലം കൊയ്യുവാനും കഴിയുകയില്ല.**

ഉപദേശം പ്രാപിച്ചു എന്നിരിക്കട്ടെ. എന്നാൽ ആ പ്രത്യേക ഉപദേശത്തെ സ്വീകരിക്കാത്തവരോടും എതിർക്കുന്നവരോടും സ്നേഹത്തിന്റെ ആത്മാവിൽ നിലകൊള്ളുവാൻ അവന് കഴിയുന്നില്ലെങ്കിൽ അവൻ പിടിച്ചിരിക്കുന്ന ഉപദേശം ഫലത്തിൽ ദുരുപദേശംതന്നെ. അത് നിലനിൽക്കയില്ല. ആത്മാവിന്റെ ഫലത്തിലേക്ക് നമ്മെ നയിക്കാത്ത ഉപദേശം എല്ലാം ദുരുപദേശം തന്നെ! ദൈവദൃഷ്ടിയിൽ അതിന് യാതൊരുവിലയുമില്ല.

തന്നെ ഏതെങ്കിലും കാര്യത്തിൽ ധിക്കരിച്ച ഒരു ഭാര്യയോടു കൈയ്യ്പ്പോടും നീരസത്തോടും കോപത്തോടും പെരുമാറുന്ന ഒരു ഭർത്താവിനെക്കുറിച്ച് ചിന്തിക്കുക. ഒരുപക്ഷേ അവൻ കരുതിയിരിക്കുന്നത് താൻ സത്യഉപദേശം കൈക്കൊണ്ടിരിക്കുന്നു എന്നും താൻ അതിനുവേണ്ടി നിലകൊള്ളുന്നുവെന്നുമായിരിക്കും. തന്റെ സുവിശേഷത്തെ അവൻ 'പൂർണ്ണസുവിശേഷം' (Full Gospel) എന്നും, തന്റെ ഉപദേശത്തെ 'സിയോന്റെ ഉപദേശ'മെന്നും അവൻ വിളിക്കുന്നുണ്ടാകാം. ആത്മാവിന്റെ ഫലവുമായി പൊരുത്തപ്പെട്ടുപോകാത്ത ഈ ഉപദേശത്തെ ആത്മാവ് എങ്ങനെ വിശേഷിപ്പിക്കും? ദുരുപദേശം!! സ്നേഹത്തിൽ നിലനിൽക്കുമ്പോൾ നമ്മുടെ ഉപദേശം ശരിയാണെന്ന് ആത്മാവുതന്നെ സാക്ഷ്യപ്പെടുത്തും (1 യോഹ. 3:14; 4:12; 16,20,21).

യേശു തിന്മയെ വെറുത്ത് നീതിയെ ഇഷ്ടപ്പെട്ടതുകൊണ്ട് പിതാവ് ആനന്ദതൈലംകൊണ്ട് അവനെ അഭിഷേകം ചെയ്തു (എബ്രാ. 1:9). പരിഹാസം, നിന്ദ, ആരോപണങ്ങൾ, ഭീഷണി, പീഡനം, വധശിക്ഷ ഇവയ്ക്കൊന്നും ആത്മാവിന്റെ ഫലമായ സന്തോഷത്തെ യേശുവിൽനിന്നും ഇല്ലായ്മ ചെയ്യുവാൻ കഴിഞ്ഞില്ല. യേശു ആഴമായ സ്വസ്ഥതയിലേക്ക് അഥവാ സമാധാനത്തിലേക്ക് കടന്നിരുന്നു (എബ്രാ. 4:11). അവന്റെ സന്തോഷത്തിന്റെ അടിസ്ഥാനം ജഡമനസ്സിനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളായിരുന്നില്ല. അവന്റെ പ്രമോദം എപ്പോഴും, എല്ലാറ്റിലും, പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിലായിരുന്നു. ഈ മനോഭാവം തന്നിൽ എപ്പോഴും ഉണ്ടായിരുന്നതിനാൽ പിതാവിന്റെ നിരന്തരകൂട്ടായ്മയും താൻ അനുഭവിച്ചിരുന്നു (യോഹ. 8:29). ആത്മാവിനാൽ നടത്തപ്പെടുന്ന ഒരുവന്റെ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും അടിസ്ഥാനവും ഇതുതന്നെയാണ്. വീട്ടിലും, തൊഴിൽസ്ഥലത്തും, സഭയിലും സന്തോഷത്തോടും സമാധാനത്തോടും ജീവിക്കാൻ കഴിയാത്ത ഓരോ ക്രിസ്ത്യാനിയും തന്റെ ഉപദേശത്തിലെ പിശക് കണ്ടുപിടിപ്പാൻ ഇനി ഒട്ടും വൈകരുത്.

ദീർഘക്ഷമ, ദയ, പരോപകാരം (നന്മചെയ്യൽ) എന്നിവയും ആത്മാവിന്റെ നല്ലവിളവുകളാണ്. സ്നേഹം ദീർഘമായി ക്ഷമിക്കുന്നു. നിഗളിയും അഹംഭാവിയുമായ ഒരുവൻ മറ്റുള്ളവരുടെ പിഴകളും കുറ്റങ്ങളും കാണുമ്പോൾ ഉടനെ കോപിക്കുന്നു. താഴ്മയുള്ളവന് അപ്രകാരം കോപിക്കുവാൻ കഴിയുകയില്ല. അവന് മറ്റുള്ളവരുടെ പിഴകളെ ക്ഷമിക്കുവാനും വഹിക്കു

**ഒരുപക്ഷേ അവൻ കരുതിയിരിക്കുന്നത് താൻ സത്യഉപദേശം കൈക്കൊണ്ടിരിക്കുന്നു എന്നും താൻ അതിനുവേണ്ടി നിലകൊള്ളുന്നുവെന്നുമായിരിക്കും. എന്നാൽ ആത്മാവിന്റെ ഫലവുമായി പൊരുത്തപ്പെട്ടുപോകാത്ത ഈ ഉപദേശത്തെ ആത്മാവ് എങ്ങനെ വിശേഷിഷിക്കും? - ദുരുപദേശം!!**



വാനും പ്രയാസമില്ല. കാലം കഴിയും തോറും മറ്റുള്ളവരോട് ക്ഷമിക്കുക എന്നത് തികച്ചും സ്വാഭാവികമായിത്തീരും. അന്യരുടെ പിഴകളെ മനസ്സിന്റെ ഒരു കോണിൽ വർഷങ്ങളായി കുറിച്ചുവെച്ചിരിക്കുന്ന ഒരു സഹോദരന്റെ ഉപദേശം ആത്മാവിന്റെ ഫലവുമായി എങ്ങനെ ശരിയാകും?

ദൈവത്തിന്റെ കരുണ, ദയ, ദീർഘക്ഷമ എന്നിവയെ ആത്മാർത്ഥമായി വിലമതിക്കുന്ന ഒരു ശിഷ്യന് ഒരിക്കലും മറ്റുള്ളവരോട് കഠിനഹൃദയനായിരിക്കാൻ കഴിയുകയില്ല. അവൻ തീർച്ചയായും സ്വർഗ്ഗീയപിതാവിനെപ്പോലെതന്നെ മനസ്സലിവുള്ളൻ ആകുവാൻ വാഞ്ഛിക്കും (ലൂക്കോ. 6:36) തൽഫലമായി അവൻ ഹൃദയത്തിൽ നന്മ (തിന്മയല്ല) നിറഞ്ഞവനായി സഹോദരവർഗ്ഗത്തെ പ്രബോധിപ്പിക്കുകയും (റോമ. 15:14) ഭൗതികനന്മകളെ ആവശ്യത്തിലിരിക്കുന്നവരുമായി പങ്കുവെയ്ക്കുവാൻ ഉത്സാഹിക്കുകയും ചെയ്യും (ഗലാ. 6:10). നന്മയും കരുണയും അവൻ പോകുന്നിടത്തൊക്കെയും അവനെ പിൻതുടരും (സങ്കീ. 23:6).

ഇനിയും വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (സ്വയനിയന്ത്രണം) എന്നീ മൂന്ന് ഫലങ്ങൾകൂടി നാം കാണുന്നു. തികഞ്ഞ സത്യസന്ധത, ആത്മാർത്ഥത എന്നിവയാണ് വിശ്വസ്തതയുടെ അളവുകോൽ. പണം, വസ്തുവകകൾ ഇത്യാദി ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പുലർത്താത്ത ഒരുവനെ ദൈവം തന്റെ വിലപ്പെട്ട ആത്മീയമർമ്മങ്ങളുടെ വിശ്വസ്ത ഗൃഹവിചാരകനായി എങ്ങനെ ആക്കിവെക്കും? ആയിരം രൂപ നഷ്ടപ്പെടുമല്ലോ എന്നോർത്ത് ഒരു ചെറിയ കള്ളം പറഞ്ഞാലോ എന്ന് ആലോചിക്കുന്ന ഒരു ശിഷ്യന്റെ പക്കൽ യേശു തന്നെത്താൻ വിശ്വസിച്ചേൽപ്പിക്കുവാൻ തുനിയുമോ? (യോഹ. 2:24). സകവിധവ്യാജവും വഞ്ചനയും കപടവും വേഷഭക്തിയും പിശാചിൽനിന്ന് വരുന്നവയാണെന്നു നാം മറക്കാതിരിക്കുക. തന്റെ കണ്ണുമായി ഒരു നിയമം ചെയ്തിട്ടില്ലാത്ത ഒരു ഭർത്താവിനും തന്റെ ഭാര്യയോട് വിശ്വസ്തത പുലർത്താൻ കഴിയുകയില്ല( ഇയ്യോ. 31:1).

മോശ ഭൂതലത്തിലുള്ള സകല മനുഷ്യരിലുംവച്ച് അതിസൗമ്യനായിരുന്നു (സംഖ്യ. 12:3). നമുക്കെതിരായി ആരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോളാണ് നമ്മുടെ സൗമ്യത പരീക്ഷണവിധേയമാകുന്നത്. രോമം കത്രിക്കുന്നവരുടെ മുമ്പിൽമിണ്ടാതിരിക്കുന്ന ആടിനേപ്പോലെ വായെ തുറക്കാതിരുന്ന യേശുവിൽ നിന്നാണ് നാം സൗമ്യത പഠിക്കേണ്ടത് (മത്താ. 11:29). നാം ആത്മാവിൽ വിതയ്ക്കുമ്പോൾ നമ്മുടെ സൗമ്യത സകലമനുഷ്യരും അറിയുവാനിടയായിത്തീരും (ഫിലി.4:5). നമ്മുടെ ഇന്ദ്രിയങ്ങളെ (അവയവങ്ങളെ) നിയന്ത്രണ വിധേയമാക്കി ജീവിക്കുന്നതും ആത്മാവിന്റെ ഫലം തന്നേയാണ്. ദൈവാത്മനിയന്ത്രണത്തിൽ നാം തുടരുന്നപക്ഷം കണ്ണുകളെ അടയ്ക്കുവാനും നാവിനെ അടക്കുവാനും കൈകാലുകളെ ബന്ധിക്കുവാനും ഹൃദയകവാടങ്ങളെ ശ്രദ്ധാപൂർവ്വം കാത്തുകൊള്ളുവാനുമെല്ലാം യഥാസമയം നമുക്ക് ഉയരത്തിൽനിന്നും ആജ്ഞ ലഭിക്കും. ഇഷ്ടംപോലെ നോക്കുകയും

ഗദ്യകവിത

# കാത്തിരിക്കുക

**നി**സ്സഹായതയിൽ, ആശയറ്റ്, ഞാൻ നിലവിളിച്ചു.

ശാന്തമായി, ക്ഷമയോടെ, സ്നേഹപൂർവ്വം ദൈവം പ്രതിവചിച്ചു.

എന്റെ ഈ അവസ്ഥയുടെ കാരണം എന്തെന്നറിയാൻ ഞാൻ കേണപേക്ഷിച്ചു, കരഞ്ഞു.

മൃദുസ്വരത്തിൽ ഗുരുപറഞ്ഞു: "കുഞ്ഞേ നീ ക്ഷമയോടെ കാത്തിരിക്കുക."

"കാത്തിരിക്കുകയെന്നോ?" എന്റെ രോഷം നിറഞ്ഞ ചോദ്യം.

"കർത്താവേ, എനിക്ക് ഉത്തരം വേണം, എന്തുകൊണ്ട് എന്ന് അറിയണം.

അവിടുത്തെ കരങ്ങൾ കുറുതായിപ്പോയോ?

ചെവികൾ മന്ദമായിപ്പോയോ?

വിശ്വാസത്തോടെ ഞാൻ അവിടുത്തെ വചനപ്രകാരം ചോദിക്കയാണ്.

എന്റെ ഭാവിയും എന്നെ സംബന്ധിച്ച എല്ലാ കാര്യങ്ങളും തുലാസിന്റെ തട്ടിൽ തൂങ്ങുന്നു! ഞാൻ കാത്തിരിക്കണംപോലും!

മുമ്പോട്ടു പോകാനുള്ള അനുവാദമാണ് എനിക്കാവശ്യം. സാധ്യമല്ല എന്ന് പറഞ്ഞാലും തേങ്ങലോടെ അതും സ്വീകരിക്കാൻ ഞാൻ ഒരുക്കമാണ്. വിശ്വസിച്ചുകൊണ്ട് എന്ത് യാചിച്ചാലും അത് ലഭിക്കും എന്ന് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ?

ഞാൻ യാചിച്ച് മടുത്തിരിക്കുന്നു. എനിക്ക് മറുപടി ലഭിച്ചേമതിയാകൂ."

അപ്പോൾ ശാന്തമായ ആ മൃദുസ്വരം വീണ്ടും ഞാൻ കേട്ടു. ഗുരുവിന്റെ ശബ്ദം.

"നീ കാത്തിരുന്നേ മതിയാകൂ"

ഞാൻ എന്റെ കസേരയിലേക്ക് പരാജിതനായി പിറിമുറുക്കത്തോടെ ചാഞ്ഞു. ദൈവത്തോട് പിറുപിറുത്തു. "അതേ ഞാൻ കാത്തിരിക്കയാണ്..... പക്ഷേ എന്തിനുവേണ്ടി?"

അവിടുന്ന് അപ്പോൾ നിറകണ്ണുകളോടെ എന്നോടൊപ്പം മുട്ടുകുത്തുന്നതായി എനിക്ക് തോന്നി.

സ്നേഹാർദ്രമായ അവിടുത്തെ വാക്കുകൾ: "നിനക്ക് ഒരു അടയാളം നൽകാനോ, ആകാശത്തെ ഇളക്കി മറിക്കാനോ, സൂര്യനെ കറുപ്പിക്കാനോ, മരിച്ചവരെ ഉയർപ്പിക്കാനോ, പർവ്വതങ്ങളെ ഓടിക്കുവാനോ എനിക്ക് ഒരു പ്രയാസവുമില്ല.

> **അപ്പോൾ ശാന്തമായ ആ മൃദുസ്വരം വീണ്ടും ഞാൻ കേട്ടു. ഗുരുവിന്റെ ശബ്ദം. "നീ കാത്തിരുന്നേ മതിയാകൂ"**

നീ ചോദിക്കുന്നതെല്ലാം നൽകുവാൻ എനിക്ക് കഴിയും.

അതു നിന്നെ സന്തുഷ്ടനാക്കും. പക്ഷേ ആശിച്ചതെല്ലാം ലഭിക്കുമ്പോൾ നീ എന്നെ അറിയാത്തവനായിരിക്കുകയും ചെയ്യും.

ഓരോ ദൈവപൈതലിനോടുമുള്ള എന്റെ സ്നേഹത്തിന്റെ ആഴം അറിയാതെ-

ക്ഷീണിച്ചിരിക്കുന്നവർക്ക് ശക്തി നൽകുന്ന എന്റെ ശക്തി അറിയാതെ-

നൈരാശ്യത്തിന്റെ കാർമേഘങ്ങൾക്കിടയിലൂടെ മുമ്പോട്ടുനോക്കാൻ പഠിക്കാതെ-

ഞാൻ ഉണ്ട് എന്നുള്ള കേവല വിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ പഠിക്കാതെ-

എന്നിൽ വിശ്രമിക്കുന്നതിന്റെ സന്തോഷം അറിയാതെ....

നീ ജീവിച്ചുപോകും.

ഒരു പ്രാവെന്നപോലെ എന്റെ ആത്മാവിന്റെ അധിവാസത്താൽ അനുഭവിക്കാൻ കഴിയുന്ന എന്റെ സ്നേഹത്തിന്റെ നിറവ് ഒരിക്കലും നിന്റെ സ്വന്തമാകയില്ല.

നന്മകളുടെ ഉറവിടവും രക്ഷിക്കുന്നവനുമായി നീ എന്നെ അറിയുമെങ്കിലും എന്റെ ഹൃദയത്തുടിപ്പുകളുടെ ആഴം നീ ഒരിക്കലും ഗ്രഹിക്കയില്ല.

രാത്രിയുടെ ഏകാന്തതയിലെ എന്റെ ആശ്വാസത്തിന്റെ തിളക്കം നീ അറിയില്ല.

ഒന്നും കാണാത്തപ്പോഴും വിശ്വാസത്താൽ നടക്കുന്നതെങ്ങനെയെന്ന് നീ അറിയില്ല.

നീ ചോദിക്കുന്നതെല്ലാം ലഭിക്കുന്നതിനപ്പുറത്തുള്ള കൂട്ടായ്മയുടെ ആഴങ്ങൾ നീ അറിയില്ല.

നിന്റെ വേദനകൾക്ക് പെട്ടെന്ന് ശമനം ഉണ്ടായാൽ "എന്റെ കൃപ നിനക്കുമതി" എന്നു പറയുന്നതിന്റെ അർത്ഥം നിനക്ക് മനസ്സിലാകില്ല.

നീ സ്നേഹിക്കുന്നവരെപ്പറ്റിയുള്ള നിന്റെ സ്വപ്നങ്ങൾ ഒരു രാത്രികൊണ്ട് പൂവണിയുമ്പോൾ ഞാൻ നിന്നിൽ ചെയ്യാനുദ്ദേശിക്കുന്ന ആ പ്രവൃത്തിയായിരിക്കും നിനക്ക് നഷ്ടമാകുന്നത്!

അതുകൊണ്ട് കുഞ്ഞേ നീ നിശ്ശബ്ദനായിരിക്കൂ.

ക്രമേണ നീ അറിഞ്ഞുതുടങ്ങും എന്നെ അറിയുന്നതുതന്നെയാണ് ഏറ്റവും വലിയ അനുഗ്രഹം എന്ന്.

മിക്കപ്പോഴും എന്റെ ഉത്തരങ്ങൾ വളരെ അമാന്തിച്ചു എന്നുവരാം.

എന്നാൽ എന്റെ ഏറ്റവും വിലപ്പെട്ട ഉത്തരം 'കാത്തിരിക്കുക' എന്നതാവും.

*സമ്പാദകൻ:*
***സെബാസ്റ്റ്യൻ ജെ. ഉറുവത്ത്***

---

*17-ൽനിന്ന് തുടർച്ച*

കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്ന ഒരു ശിഷ്യൻ സത്യഉപദേശത്തിൽനിന്നും അകന്നവൻ തന്നെയാണ്.

ആത്മാവിന്റെ ഈ സൽഫലങ്ങളിലേക്കു നമ്മെ നയിക്കാത്തഒരു ഉപദേശത്തിനും നിയമത്തിനും സാധുതയില്ല. നമ്മുടെ ശുശ്രൂഷ ഏതുമാകട്ടെ, ഉപദേശരൂപം ഏതുമാകട്ടെ, ആത്മാവിന്റെ ഫലം നമ്മിൽകൊയ്യാൻ കഴിയുന്നില്ലെങ്കിൽ പിതാവ് അസംതൃപ്തനാണ്; നാം വഞ്ചിക്കപ്പെട്ടിരിക്കുന്നു!

ഇതിനൊക്കെയും ആർ പ്രാപ്തൻ? എന്നു നിങ്ങൾ ചിലപ്പോൾ ചോദിച്ചേക്കാം. "ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രേ" (2 കൊരി. 3:5) എന്ന വചനത്തിൽ അതിനുത്തരം ഉണ്ട്. നമ്മെപ്പോലെ തന്നെ സകലത്തിലും പരീക്ഷിതനായിട്ടും പാപം ചെയ്യാതെ ജയാളിയായിത്തീർന്ന യേശുവിനെ (എബ്രാ. 4:15 ഇംഗ്ലീഷ് ഭാഷാന്തരം) നമുക്കിന്ന് അനുഗമിപ്പാൻ കഴിയും. ആത്മാവിന്റെ ഫലങ്ങളാൽ നിറഞ്ഞവരായി ദീപങ്ങൾ തെളിയിച്ചുകൊണ്ട് കർത്താവിനെ എതിരേറ്റുകൊണ്ട് നിൽപ്പാൻ നമുക്ക് കഴിയുമെന്ന പ്രത്യാശയ്ക്കായി സ്തോത്രം.

●

## ക്രിസ്തുവിന്റെ പോരാളികൾ 9-ാം പേജ് തുടർച്ച

കിറ്റോ എന്ന സ്ഥലത്തുവച്ച് അവർ വിവാഹിതരായി.

ജിമ്മും എലിസബത്തും. അവരോടൊപ്പം മറ്റ് നാല് മിഷണറി ദമ്പതികളും. ഓക്ക വംശജരുടെ സുവിശേഷീകരണം എന്ന ലക്ഷ്യത്താൽ പിടിക്കപ്പെട്ട് ഏകആത്മാവോടെ ഒന്നിച്ചു നീങ്ങുന്നതാണ് തുടർന്നു നാം കാണുന്നത്.

അവർ നിരന്തരം പ്രാർത്ഥിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഒടുവിൽ 1956 ജനുവരി 3ന് ജിംഎലിയറ്റ്, എഡ്വേർഡ്, പീറ്റർ, റോജർ, നേറ്റ് സെയിന്റ് എന്നിവർ ഓക്കവംശജരുടെ വനത്തിലെ താവളം ലക്ഷ്യമാക്കി പറന്നുയർന്നു. മിഷൻ കേന്ദ്രത്തിൽ അടക്കിപ്പിടിച്ച ഉൽക്കണ്ഠയും പ്രാർത്ഥനയുമായി അവരുടെ ഭാര്യമാർ കാത്തിരുന്നു. കൈക്കുഞ്ഞുങ്ങളുമായി. എല്ലാവരും ചെറുപ്പക്കാർ. ജിം എലിയറ്റിന് 28 വയസ്സ് മാത്രമായിരുന്നു പ്രായം. ആ യുവദമ്പതിമാർക്കെല്ലാം ഒരേ ഒരു സ്വപ്നമേ ഉണ്ടായിരുന്നുള്ളു-ഓക്ക വംശജരെ ക്രിസ്തുവിനായി നേടുക.

* * * *

ഇക്വഡോർ വനാന്തരം.

കുറാറെ നദിയുടെ തീരത്ത് മിഷനറിമാരുടെ വിമാനം ഇറങ്ങി. അവർ നദിക്കരയിൽത്തന്നെ ക്യാമ്പടിച്ചു. ഓക്ക വംശജർ വനാന്തരങ്ങളിൽനിന്ന് ഇറങ്ങിവരുമ്പോൾ സമ്മാനങ്ങൾ നൽകി സൗഹൃദം ഉണ്ടാക്കുകയായിരുന്നു അവരുടെ ആദ്യലക്ഷ്യം.

ഈ ഉദ്യമം മെല്ലെ വിജയിച്ചു തുടങ്ങി. 'ആകാശപ്പക്ഷിയിൽ വന്നിറങ്ങിയ വെള്ളക്കാരെ' അകലെനിന്ന് സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്ന അവരിൽ ചിലർ ഒന്നുരണ്ട് ദിവസം കഴിഞ്ഞപ്പോൾ അടുത്തുവരാൻ തുടങ്ങി. എല്ലാവിവരങ്ങളും ജിം എലിയറ്റും കൂട്ടരും റേഡിയോ സന്ദേശങ്ങളിലൂടെ പട്ടണത്തിലെ മിഷൻ കേന്ദ്രത്തിൽ അപ്പപ്പോൾ അറിയിച്ചുകൊണ്ടിരുന്നു. വിജയം കയ്യെത്തുന്ന അകലത്തിൽ എത്തിയെന്ന് തോന്നുന്ന ദിവസങ്ങൾ.

പക്ഷേ 1956 ജനുവരി 8ന് പൊടുന്നനെ സന്ദേശങ്ങൾ നിലച്ചു. മിഷൻ കേന്ദ്രത്തിൽ റേഡിയോ സന്ദേശത്തിന് കാത്തിരുന്നവർ അപകടം മണത്തു.

ഒരു അന്വേഷണസംഘം ഉടനെ കുറാറെ നദിക്കരയിലെ പാം ബീച്ചിലേക്ക് പുറപ്പെട്ടു. ജിം എലിയറ്റിന്റേയും കൂട്ടരുടേയും ജഡങ്ങളാണ് അവർ അവിടെ കണ്ടെത്തിയത്. ഓക്ക വംശജർ സൗഹൃദഭാവത്തിൽ മിഷനറിമാരെ സമീപിച്ച് പൊടുന്നനെ അവരെ കൊലപ്പെടുത്തുകയാണുണ്ടായതെന്ന് സാഹചര്യതെളിവുകൾവെച്ച് അന്വേഷണ സംഘം അനുമാനിച്ചു. അഞ്ച് രക്തസാക്ഷികളുടേയും ജഡങ്ങൾ പാം ബീച്ചിലെ ചോര പുരണ്ട മണലിൽതന്നെ സംസ്കരിച്ചശേഷം അന്വേഷണസംഘം മടങ്ങി.

ഒരു രക്തസാക്ഷിമരണവും വൃഥാവായിപ്പോവുകയില്ല. ജിം എലിയറ്റും കൂട്ടരും മരിച്ചുവീണ ആ മണ്ണിലേക്ക് അവരുടെ വിധവമാർക്കും കുഞ്ഞുങ്ങൾക്കും കടന്നുചെല്ലുവാൻ ദൈവം പിന്നീട് അത്ഭുതകരമായി അവസരങ്ങൾ ഒരുക്കി. അവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ സ്ഥാനത്ത് ക്രിസ്തുവിന്റെ ധീരപോരാളികളായപ്പോൾ വനാന്തരത്തിൽ പുതുയൊരു സ്നേഹവിപ്ലവത്തിന്റെ കാഹളം ഉയർന്നു. അത് ഓക്കവംശജരായ അനേകരുടെ ഹൃദയങ്ങളെ സ്പർശിച്ചു. കിരാതരായ പലർ യേശുവിന്റെ സ്നേഹസന്ദേശത്താൽ പിടിക്കപ്പെട്ടു. അത് ഒരു മാറ്റത്തിന്റെ തുടക്കമായിരുന്നു...

ഷാഡോ ഓഫ് ദി ഓൾ മൈറ്റി, ത്രൂ ദ ഗേറ്റ് ഓഫ് സ്പ്ലെൻഡർ, ട്രസ്റ്റിങ് ഗോഡ് ഇൻ എ ടിസ്റ്റഡ് വേൾഡ് തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ എലിസബേത്ത് ജിം എലിയറ്റ് ഈ മാറ്റത്തിന്റെ കഥ വിവരിക്കുന്നു.

ജിം എലിയറ്റിന്റേയും കൂട്ടരുടേയും ത്യാഗോജ്ജ്വലമായ ജീവിതാനുഭവങ്ങൾ ഇന്നും പതിനായിരങ്ങളെ വെല്ലുവിളിക്കുന്നു....

---

*എഡിറ്റോറിയൽ തുടർച്ച*

മല്ല ഇയ്യോബുതന്നെയാണ് ഉത്തരവാദിയെന്ന് സ്നേഹിതർ വാദിക്കുന്നു. എന്നാൽ താൻ നിർദ്ദോഷിയാണെന്ന് ഉറപ്പുള്ള ഇയ്യോബ് താൻ ഇങ്ങനെ നശിച്ചുപോകുന്നത് 'നിർദ്ദോഷിയായ ഒരുവനും നശിച്ചുപോകയില്ല' എന്ന ദൈവനീതിക്ക് എതിരാണെന്നു വാദിക്കുന്നു. ഒടുവിൽ ഇയ്യോബിന്റെ പുസ്തകത്തിന്റെ അവസാനം തനിക്കെതിരെ ഉയർന്നിട്ടുള്ള ചോദ്യങ്ങൾക്കെല്ലാം ദൈവം മറുപടി പറയുമെന്നാണു നാം ന്യായമായും പ്രതീക്ഷിക്കുക. പക്ഷേ ദൈവം ഇതിനൊന്നും ഒരു മറുപടിയും പറയുന്നില്ലെന്നു മാത്രമല്ല, ദൈവം തിരിച്ചു ചില ചോദ്യങ്ങൾ ചോദിക്കുന്നതാണ് നാം കാണുന്നത്. ദൈവം ദൈവമാണെന്നും തന്റെ ചോദ്യങ്ങൾക്കൊന്നും മറുപടി പറയുവാൻ അവിടുന്നു ബാധ്യസ്ഥനല്ലെന്നും ഒടുവിൽ ബോധ്യം വന്നപ്പോൾ ചോദ്യങ്ങൾ ചോദിച്ച ഇയ്യോബു പറയുന്നു "ഞാൻ കൈകൊണ്ടു വായി പൊത്തിക്കൊള്ളുന്നു."

നമ്മുടെ പിതാവായ ദൈവം മിക്കപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് നമുക്ക് മനസ്സിലാകുന്ന നിലയിൽ മറുപടി നൽകാറുണ്ട്. പക്ഷേ ചിലപ്പോൾ അവിടുന്ന് മൗനം ഭജിക്കുന്നതെന്താണ്? നാം ദൈവത്തെ ദൈവമായി ക്കാണാനും അവിടുത്തെ മുൻപിൽ നാം ആരാധകരായി നിൽക്കാനും വേണ്ടിയാണത്. പലപ്പോഴും ദൈവത്തെ ദൈവമായി നാം വിശ്വസിക്കുകയോ തന്നെ ആരാധിക്കുകയോ ചെയ്യാറില്ല. നമ്മുടെ പ്രാർത്ഥന കേട്ട് പ്രതിസന്ധിയിൽ നമ്മെ സഹായിക്കുന്ന, നമ്മുടെ കുട്ടികളുടെ രോഗം സൗഖ്യമാക്കുന്ന, നമുക്ക് ഗൾഫിലേക്ക് വിസ ശരിയാക്കിത്തരുന്ന... അങ്ങനെ അങ്ങനെ നമുക്ക് 'പ്രയോജനമുള്ള' ഒരു ദൈവത്തേയല്ലേ പലപ്പോഴും നാം വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നത്?. പക്ഷേ അത് യഥാർത്ഥ വിശ്വാസവും ആരാധനയുമാണോ? അല്ല. ഒന്നും കാണാതെതന്നെ ദൈവത്തിൽ വിശ്വസിക്കുകയും ദൈവത്തെ ആശ്രയിക്കുകയും ചെയ്യുന്ന വിശ്വാസവീരന്മാരായി നാം തീരണമെന്ന് അവിടുന്ന് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. ('ഇവർ എല്ലാവരും വാഗ്ദത്ത നിവൃത്തി പ്രാപിക്കാതെ... വിശ്വാസത്തിൽ മരിച്ചു' എന്ന് വിശ്വാസികളുടെ പിതാവായ അബ്രഹാമിനെക്കുറിച്ചും മറ്റും പറഞ്ഞിരിക്കുന്നത് ഓർക്കുക.) കേവലം ലഭിച്ച കാര്യങ്ങൾക്ക് നന്ദി പറയുന്നവർ എന്നതിനപ്പുറത്ത് നാം യഥാർത്ഥആരാധകരായി ത്തീരണം എന്നും അവിടുന്ന് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. നമ്മെ വിശ്വാസമല്ലന്മാരും യഥാർത്ഥ ആരാധകരുമാക്കാൻ ദൈവം ഒരുക്കുന്ന എല്ലാ സാഹചര്യങ്ങളും ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.

സുഹൃത്തേ, ചില പ്രതിസന്ധികളുടെ മുമ്പിൽ ചോദ്യങ്ങൾക്ക് മറുപടിയില്ലാതെ നീ നീറുകയാണോ? ' ഈ ഒരു കാര്യത്തിനായി ഞങ്ങളെ ഒരുക്കിയത് ആത്മാവിനെ അച്ചാരമായി തന്നിരിക്കുന്ന ദൈവം തന്നെ'യാണെന്ന് നീ തിരിച്ചറിയുമോ?

നമ്മുടെ എല്ലാ ചോദ്യങ്ങൾക്കും ദൈവത്തിന് മറുപടിയുണ്ട്. പക്ഷേ പലതിന്റെയും മറുപടി നാം നിത്യതയിൽ ചെല്ലുമ്പോഴേ മനസ്സിലാക്കുകയുള്ളു. പല ചോദ്യങ്ങൾക്കും മറുപടിയില്ലാത്തവരായി ഇന്ന് നമുക്ക് യഥാർത്ഥ ആരാധകരായി ദൈവമുമ്പാകെ നിൽക്കാം. എങ്കിൽ അന്ന് എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിച്ചവരായി നാം നിത്യതയിൽ നമ്മുടെ ആരാധന തുടരും.

# അധോലോകത്തിൽനിന്നുള്ള കത്തുകൾ

**സി. എസ്. ലൂയിസ്**

**മൊഴിമാറ്റം: സാജു ഏബ്രഹാം**

## വായിച്ചു തുടങ്ങും മുൻപ്

*സി.എസ്.ലൂയിസിന്റെ പ്രശസ്തമായ 'ദി സ്ക്രൂടേപ്പ് ലെറ്റേഴ്സ്' എന്ന ക്രിസ്തീയ ക്ലാസ്സിക്കിന്റെ സ്വതന്ത്രപരിഭാഷയാണ് 'അധോലോകത്തിൽനിന്നുള്ള കത്തുകൾ'.*

*ക്രിസ്തീയ ചിന്തകർക്കിടയിലെ തത്ത്വജ്ഞാനിയും തത്ത്വജ്ഞാനികൾക്കിടയിലെ ക്രിസ്തീയ ചിന്തകനും- അതായിരുന്നു സി.എസ്. ലൂയിസ്. അദ്ദേഹം തന്റെ കനപ്പെട്ട ഗ്രന്ഥങ്ങളുടെ രചനയ്ക്കിടയിലാണ് വേറിട്ട, രസകരമായ, അതേസമയം ഗൗരവമായി ക്രിസ്തീയ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർക്കു ധാരാളം ഉൾവെളിച്ചം നൽകുന്ന ഭാവനാപൂർണമായ ഈ ചിത്രീകരണം എഴുതിയത്. അന്നുതന്നെ ഏറെ പ്രശസ്തമായ ഈ പുസ്തകം നാളുകളായി അനേകർക്ക് പ്രയോജനകരമായി തുടരുന്നു. മലയാളത്തിലേക്കുള്ള അതിന്റെ മൊഴിമാറ്റമാണ് ഇവിടെ പ്രസിദ്ധപ്പെടുത്തുന്നത്.*

*കത്തുകളുടെ രൂപത്തിലാണ് ഇതിലെ ഓരോ അധ്യായവും. കത്ത് എഴുതിയതാകട്ടെ, ഒരു മുതിർന്ന പിശാച്. ഒരു കുട്ടിപ്പിശാചിന്റെപേർക്കാണ് എല്ലാ കത്തും.*

*ഓരോരുത്തർക്കും ഓരോ കാവൽ മാലാഖ ഉള്ളതുപോലെ ഓരോരുത്തരേയും വഴിതെറ്റിക്കാനും തെറ്റു ചെയ്യിക്കാനും ഓരോ പിശാചിനെ വീതം സാത്താൻ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണു സി.എസ്. ലൂയിസിന്റെ ഭാവന. ഒരു മനുഷ്യന് ഒരു പിശാചുവീതം! തന്റെ ഉത്തരവാദിത്വത്തിലുള്ള മനുഷ്യൻ ഒരിക്കലും യഥാർത്ഥ ക്രിസ്ത്യാനിയാകാതെ നോക്കുന്നജോലിയാണ് ഈ കുട്ടിപ്പിശാചിനുള്ളത്. അഥവാ ക്രിസ്ത്യാനിയായാൽ അവനെ എങ്ങനെയെങ്കിലും പിന്മാറ്റത്തിലേക്കു നയിക്കണം. ഈ ലക്ഷ്യത്തോടെ രാവും പകലും തന്ത്രങ്ങളും കെണികളും ഒരുക്കി ഓരോ മനുഷ്യനേയും വിടാതെ പിൻതുടരുകയാണ് ഓരോ 'കുട്ടിപ്പിശാചും!'*

*ഈ കുട്ടിപ്പിശാചുക്കൾ തങ്ങളുടെ തൊഴിലിൽ മിടുക്കന്മാരാണെങ്കിലും വലിയ അനുഭവജ്ഞാനം ഉള്ളവരല്ല. അതുകൊണ്ടുതന്നെ ഈ കുട്ടിപ്പിശാചുകൾക്ക് വേണ്ട ഉപദേശം നൽകാനും അവരുടെ സംശയങ്ങൾക്ക് ഉത്തരം നൽകാനും കുറേ കുട്ടിപ്പിശാചുക്കളുടെ തലവനായി അനുഭവസമ്പന്നനായ ഒരു 'അമ്മാവൻ പിശാചി'നെ അധോലോക ചക്രവർത്തിയായ സാത്താൻ നിയോഗിച്ചിരിക്കുന്നു.*

*കുട്ടിപ്പിശാചുക്കൾ തങ്ങളുടെ ജോലിയിലെ 'പുരോഗതി' സംബന്ധിച്ച് അമ്മാവൻ പിശാചിന് കൃത്യമായി റിപ്പോർട്ട് അയയ്ക്കണം. ഈ റിപ്പോർട്ട് വായിച്ചുനോക്കി കുട്ടിപ്പിശാചിനു പറ്റിയ തെറ്റുകൾ ചൂണ്ടിക്കാട്ടി പരിഹാരമാർഗ്ഗം നിർദ്ദേശിച്ച് മറുപടി നൽകുകയാണ് 'അമ്മാവൻ പിശാചി'ന്റെ ജോലി. ഇങ്ങനെ ഒരു അമ്മാവൻ പിശാച് തന്റെ കീഴിലുള്ള ഒരു കുട്ടിപ്പിശാചിന് അയയ്ക്കുന്ന മറുപടിക്കത്തുകളുടെ സമാഹാരമാണ് 'അധോലോകത്തിൽനിന്നുള്ള കത്തുകൾ.'*

*കുട്ടിപ്പിശാച് അയച്ചുകൊടുത്ത റിപ്പോർട്ട് നാം കാണുന്നില്ല. 'അമ്മാവൻ പിശാചു' നൽകുന്ന മറുപടികൾ മാത്രമാണു നാം വായിക്കുന്നത്. പക്ഷേ ഈ മറുപടിക്കത്തുകളിൽ നിന്നുതന്നെ കാര്യങ്ങൾ നമുക്കു വ്യക്തമാകും. പൈശാചിക അധോലോക സാമ്രാജ്യം എങ്ങനെയാണു പ്രവർത്തിക്കുന്നത്? പൈശാചിക കരുനീക്കങ്ങൾ എന്തെല്ലാമാണ്? നാം ജാഗ്രത പാലിക്കേണ്ടത് എവിടെയെല്ലാമാണ്? ഇതേക്കുറിച്ചെല്ലാം നമുക്കു ധാരാളം 'വെളിച്ചം' ഈ കത്തുകളിൽ നിന്നും ലഭിക്കും. അതു തന്നെയാണ് 'അധോലോകത്തിൽ നിന്നുള്ള കത്തുകൾ' പ്രസിദ്ധപ്പെടുത്തുന്നതിന്റെ പ്രസക്തിയും.*

*കത്തുകളിലെ തമാശ ആവോളം ആസ്വദിച്ചോളൂ. പക്ഷേ 'കളിയുടെ പിന്നിലെ കാര്യം' മനസ്സിലാക്കാൻ മറന്നുപോകരുതേ. ഒരുപക്ഷേ ഒറ്റവായനയ്ക്ക് എല്ലാം മനസ്സിലായെന്ന് വരില്ല. സാരമില്ല. വീണ്ടും വായിക്കുക. അതുകൊണ്ടു പ്രയോജനം ഉണ്ടാകും. ക്ലിഷ്ടമായ ഭാഗങ്ങളുടെ വാച്യമായ അർത്ഥവും വ്യാഖ്യാനവുമാണ് അടിക്കുറിപ്പായി ചേർത്തിരിക്കുന്നത്. വായനയുടെ ഒഴുക്കിനു തടസ്സമായേക്കാമെങ്കിലും കൂടുതൽ വ്യക്തതയോടെ കാര്യങ്ങൾ മനസ്സിലാക്കാൻ ഇതു സഹായകരമായേക്കും.*

*ഇനി ഓരോ ലക്കത്തിലും അധോലോകത്തിലെ 'അമ്മാവൻ പിശാച്' തന്റെ കീഴിലുള്ള 'കുട്ടിപ്പിശാചിന്' അയച്ച ഓരോ കത്തുവീതം വായിക്കുക: കുട്ടിപ്പിശാചിന്റെ മേൽനോട്ടത്തിലുള്ള മനുഷ്യനെ ക്രിസ്ത്യാനിയാകാതെ സൂക്ഷിക്കാനുള്ള ചില 'പൊടിക്കൈകളാണ്' അമ്മാവൻ പിശാച് ആദ്യകത്തിൽ ഉപദേശിച്ചുകൊടുത്തത്. തുടർന്നു വായിക്കുക.*

**2**



പ്രിയപ്പെട്ട കുട്ടിപ്പിശാചിന്,

നിന്റെ കക്ഷി ഒരു ക്രിസ്ത്യാനിയായി എന്ന വാർത്ത അങ്ങേയറ്റം അസന്തുഷ്ടിയോടെയാണ് ഞാൻ കേട്ടത്. നിന്റെ ഭാഗത്തുണ്ടായ ഈ വീഴ്ചയ്ക്ക് അധോലോകത്തിലെ പിതാവു നൽകുന്ന ശിക്ഷയിൽനിന്നും രക്ഷപ്പെടാമെന്നു നീ കരുതുന്നുണ്ടോ? അങ്ങനെ പ്രതീക്ഷിക്കയേ വേണ്ട. ഏതായാലും വന്നതുവന്നു. ഇനി ഇപ്പോഴുള്ള സാഹചര്യത്തിൽ നിന്ന് പരമാവധി മുതലെടുക്കാനാണ് നാം നോക്കേണ്ടത്. നിന്റെ കക്ഷി ക്രിസ്ത്യാനിയായി എന്നു കരുതി നിരാശപ്പെടേണ്ട. ഇതുപോലെ നമ്മുടെ അടുക്കൽനിന്ന് നമ്മുടെ ശത്രുവിന്റെ പാളയത്തിലേക്കു പോയ[1] നൂറുകണക്കിനാളുകൾ ചിലദിവസം അവിടെ കഴിഞ്ഞശേഷം മടങ്ങിവന്നിട്ടുണ്ട്. ഒരു കാര്യം നീ ഓർക്കണം. ക്രിസ്ത്യാനിയായെങ്കിലും നിന്റെ കക്ഷിയുടെ ശീലങ്ങളൊന്നും (ശാരീരികവും, മാനസികവും) തന്നെ മാറിയിട്ടില്ല. എന്നു മാത്രമല്ല, അവയെല്ലാം ഇപ്പോഴും നമുക്ക് അനുകൂലവുമാണ്.

ഇപ്പോൾ നമ്മെ ഏറ്റവും സഹായിക്കുന്നത് ഇവരുടെ 'സഭ' തന്നെയാണ്. നീ തെറ്റിദ്ധരിക്കേണ്ട. നമ്മൾ കാണുകയും ഭയപ്പെടുകയും ചെയ്യുന്ന, നിത്യതയിൽ വേരുറപ്പിച്ചിട്ടുള്ള എല്ലാ കാലത്തുമുള്ള സാർവ്വദേശീയ സഭയേക്കുറിച്ചല്ല ഞാൻ പറയുന്നത്. കൊടികളോടുകൂടിയ സൈന്യം പോലെ[2] ഭയാനകമാണത്. ആ സഭയുടെ ഒരൊറ്റ കാഴ്ച മതി നമ്മുടെ കൂട്ടത്തിലെ ഏറ്റവും ധീരനായ പരീക്ഷകൻപോലും വിറച്ചുപോകും. എന്നാൽ ഭാഗ്യം, മനുഷ്യർക്ക് ഈ സഭയെ അതിന്റെ തനിമയിൽ കാണാൻ കഴി

**സഭയിലുള്ള ആളുകൾ തന്റെ ഭാവനയിലുള്ളവരെപ്പോലെയല്ല എന്നു കാണുമ്പോൾ അത് അവനെ നിരാശനാക്കും.**



യുകയില്ല.[3] നിന്റെ കക്ഷി സഭയായി കാണുന്നത് പകുതി പണിതീർന്ന അനാകർഷകമായ ഒരു കെട്ടിടമാണ്. അതിനുള്ളിലേക്ക് ചെല്ലുമ്പോൾ അതാ നാട്ടിലെ പച്ചക്കറി വിൽപ്പനക്കാരൻ തന്റെ ഇളിഭ്യമായ മുഖത്ത് ഒരു വിഡ്ഢിച്ചിരിയോടെ നിൽക്കുന്നു. അയാൾ പുറന്താൾപോയ ഒരു പഴയ പാട്ടുപുസ്തകം എടുത്തുനീട്ടുന്നു. അത് തുറന്ന് നോക്കുമ്പോഴോ? വായിക്കാൻ വിഷമമുള്ള ചെറിയ റൈപ്പിലാണ് അച്ചടി. പോരെങ്കിൽ നിറയെ അക്ഷരത്തെറ്റും. നിന്റെ കക്ഷി തന്റെ സീറ്റിലിരുന്ന് ചുറ്റും കണ്ണോടിക്കുമ്പോൾ കാണുന്നതാകട്ടെ അവനിതുവരെ കാണാൻ താൽപര്യമില്ലാതെ ഒഴിവാക്കിയിരുന്ന ചിലരേയും!

ഇതുതന്നെയാണ് നിനക്ക് പ്രവർത്തിക്കാനുള്ള സമയവും. 'ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ' അവിടെക്കാണേണ്ട മഹത്വം- ഈ ചിന്ത ഒരു വശത്ത്. സഭയിൽ അവൻ കാണുന്ന തനിക്കിഷ്ടമില്ലാത്തവരുടെ അനാകർഷകമായ മുഖങ്ങൾ മറുവശത്ത്. ഇതുരണ്ടും മാറിമാറി അവന്റെ മനസ്സിലേക്ക് നീ ഇട്ടുകൊടുക്കണം. ഇതുരണ്ടും തമ്മിലുള്ള വൈരുദ്ധ്യം അവനെ വളരെ അസ്വസ്ഥനാക്കും. (സഭയിൽ അവൻ കാണുന്ന, അവന് ഒറ്റനോട്ടത്തിൽ ഇഷ്ടംതോന്നാത്ത ചിലർ സത്യത്തിൽ നമ്മുടെ ശത്രുവിന്റെ ശക്തരായ പോരാളികളാണെന്ന വിവരം നമുക്കല്ലേ അറിയൂ. ഈ മണ്ടൻ അതറിയുന്നില്ല)[4]

സഭയിൽ അവൻ കാണുന്ന മനുഷ്യരുടെ വേഷങ്ങളും ഭാവങ്ങളുമൊക്കെ അവന്റെ മനസ്സിൽ ചില സംശയങ്ങൾ ഉണ്ടാക്കുവാൻ തക്കവണ്ണം നീ പ്രവർത്തിക്കണം. നിന്റെ കക്ഷി ചില മുൻവിധികളോടെയാണ് സഭയിലേക്കു വന്നത്. ഒരു ക്രിസ്ത്യാനി ആത്മീയനാണ്. അവന്റെ വേഷങ്ങളും ഭാവങ്ങളുമൊക്കെ ഒരു പ്രത്യേകരീതിയിലായിരിക്കണം- ഇങ്ങനെയൊക്കെ ആയിരുന്നു അവന്റെ ചിന്ത. എന്നാൽ അവന്റെ സഭയിലുള്ള ആളുകൾ തന്റെ ഭാവനയിലുള്ളവരെപ്പോലെയല്ല എന്നു കാണുമ്പോൾ അത് നിന്റെ കക്ഷിയെ നിരാശനാക്കും. അടുത്തിരിക്കുന്ന ആൾ ഈണം തെറ്റിച്ചു പാടുന്നത്, അയാളുടെ ചെരുപ്പിന്റെ കിരുകിരുപ്പ്, അയാളുടെ വേഷത്തിലെ ചേർച്ചയില്ലായ്മ- ഇതെല്ലാം നിന്റെ കക്ഷിയെ അസ്വസ്ഥതപ്പെടുത്തും. ഈ ചേർച്ചയില്ലായ്മയെല്ലാം ഇവരുടെ ക്രിസ്തീയതയും ഇതുപോലെ അസംബന്ധമാണെന്ന നിഗമനത്തിൽ അവനെ എത്തിക്കും.[5] (വാസ്തവത്തിൽ ഇതു തമ്മിൽ ഒരു ബന്ധവുമില്ലല്ലോ). ഒരു കാര്യവും അവൻ വ്യക്തമായി കാണുവാനോ അറിയുവാനോ ഇടനൽകാതെ എല്ലാം ഒരു പുകമറയ്ക്കുള്ളിൽ എന്നവണ്ണം മാത്രം കാണ്മാൻ ഇടയാക്കുക. (ഈ മനുഷ്യരെ യഥാർത്ഥമായത് കാണിക്കാതെ സൂക്ഷിക്കുന്ന നമ്മുടെ അധോലോകത്തിലെ പിതാവിന്റെ പ്രവൃത്തിയെ ഈ സമയം നമുക്ക് നന്ദിയോടെ ഓർക്കാം.[6])

നിന്റെ ജോലി കഠിനമാകാൻ പോകുന്ന സമയമാണ് ഇനി വരാൻപോകുന്നത്. ക്രിസ്ത്യാനിയായ നിന്റെ കക്ഷി ചില നാളുകൾക്ക്ശേഷം അവന്റെ പ്രതീക്ഷയ്ക്കൊത്ത് കാര്യങ്ങൾ നടക്കാതെവരുമ്പോൾ നിരാശപ്പെടും. (ഈ മനുഷ്യർ അവരുടെ എല്ലാ ഉദ്യമങ്ങളും തുടങ്ങി അല്പം കഴിയുമ്പോൾ നിരാശപ്പെടുന്നവരാണ്). ക്രിസ്തീയ ജീവിതത്തിന്റേയും തുടക്കത്തിലുള്ള ഈ നിരാശ നമ്മുടെ ശത്രു അനുവദിക്കുന്നതാണ്. ഈ മനുഷ്യകൃമികളെ ആഴത്തിൽ സ്നേഹിക്കുന്ന നമ്മുടെ ശത്രുവിന് അവർതന്നെ തിരിച്ചും അതേ

പോലെ സ്നേഹിക്കുന്ന തന്റെ മക്കൾ ആകണം എന്നാണ് ആഗ്രഹം. ഒരു കാര്യവും അവൻ നിർബന്ധിച്ച് ചെയ്യിക്കുകയില്ല. താൻ ആവശ്യപ്പെടുന്ന കാര്യങ്ങൾ തന്നോടുള്ള സ്നേഹത്തിൽ അവർ അനുസരിക്കണം- ഇതാണ് അവന്റെ ആഗ്രഹം. (നമുക്ക് ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്തതാണ് നമ്മുടെ ശത്രുവിന്റെ ഈ വിചിത്ര സ്വഭാവം). നമുക്ക് ധാരാളം കാര്യങ്ങൾ ചെയ്യുവാനുള്ള സമയമാണിത്. അതോടൊപ്പം അപകടകരവുമാണ്. വളരെ സൂക്ഷിച്ചുവേണം നിന്റെ കക്ഷിയെ ഇപ്പോൾ കൈകാര്യം ചെയ്യുവാൻ. ആരംഭത്തിലുള്ള ഈ നിരാശയെ സ്വയം അതിജീവിക്കുവാൻ അവന് കഴിഞ്ഞാൽ പിന്നീടുള്ള നമ്മുടെ ജോലി വളരെ കഠിനമായിത്തീരും.

എന്നാൽ നമുക്ക് അനുകൂലമായ വേറെ ചിലതുണ്ടെന്ന വിവരം നിനക്കറിയാമോ? നിന്റെ കക്ഷി സഭയിൽ കാണുന്ന ചിലരുടെ രീതികളും സ്വഭാവവും കുറേക്കൂടി അടുത്ത് അവൻ അറിയാൻ ഇടയായാൽ നിന്റെ ജോലി (അവനെ അസ്വസ്ഥനും നിരാശനുമാക്കുക എന്നതാണല്ലോ നിന്റെ പണി)

**മുട്ടിന്മേൽ നിന്നുകൊണ്ട് താനൊരു പാപിയാണെന്ന് ഏറ്റുപറയുമ്പോൾപോലും ഉള്ളിന്റെ ഉള്ളിൽ തന്റെ മാനസാന്തരംവഴി ദൈവത്തിനായി താൻ എന്തോ ഔദാര്യം ചെയ്തവനാണെന്ന ഭാവമാണവനുള്ളത്**

കുറച്ചുകൂടി എളുപ്പമായിത്തീരും അതിനുപക്ഷേ ഒരുകാര്യം നീ എപ്പോഴും ചെയ്തുകൊണ്ടിരിക്കണം. അതായത് അവന്റെ മനസ്സിൽ ഒരിക്കലും ഇങ്ങനൊരു ചിന്തവരുവാൻ ഇടയാകരുത്. "എനിക്ക് ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ ദൈവസഭയിലേക്ക് വരാമെങ്കിൽ പിന്നെ കുറ്റങ്ങളും കുറവുകളുമുള്ള മറ്റാളുകൾക്കും അതിന് കഴിയും. അതിനാൽ ഞാൻ മറ്റുള്ളവരെ ഒരിക്കലും വിധിക്കുകയില്ല"[7] ക്രിസ്ത്യാനിയായിക്കഴിഞ്ഞ ഒരുവന്റെ മനസ്സിൽ ഇങ്ങനൊരു ചിന്തവരാതെ സൂക്ഷിക്കുവാൻ നമുക്കു കഴിയുമോ എന്ന സംശയം നിനക്കുണ്ടാകാം. എന്നാൽ എന്റെ പ്രിയമുള്ള കുട്ടിപ്പിശാചേ, നീ അവനേ ശരിക്കു കൈകാര്യം ചെയ്താൽ ഒരിക്കലും ഈ ചിന്ത അവന്റെ മനസ്സിലേക്ക് വരികയില്ല. കാരണം നാം ഭയപ്പെടുന്നവണ്ണം ചിന്തിക്കുവാനുള്ള താഴ്മയൊന്നും നിന്റെ കക്ഷിക്കില്ല (കുറച്ചുനാളല്ലേ ആയുള്ളൂ അവൻ നമ്മുടെ ശത്രുവിന്റെ കൂടെ ആയിട്ട്) മുട്ടിന്മേൽ നിന്നുകൊണ്ട് താനൊരു പാപിയാണെന്ന് ഏറ്റുപറയുമ്പോൾപോലും അവന്റെ ഉള്ളിന്റെ ഉള്ളിൽ തന്റെ മാനസാന്തരംവഴി ദൈവത്തിനായി താൻ എന്തോ ഔദാര്യം ചെയ്തവനാണെന്ന ഭാവമാണവനുള്ളത്.[8] നിസ്സാരരായ തന്റെ അയൽക്കാരുമൊത്ത് സഭയിൽ ഇരിക്കുന്നതിന് കാണിക്കുന്ന സന്മനസ്സുതന്നെ തന്റെ താഴ്മയുടെ ഒരു പ്രകടനമായിട്ടാണ് അവൻ കരുതുന്നത്. ഈ മനോഭാവത്തിൽ അവനെ എത്രകാലം നിർത്തുവാൻ കഴിയുമോ അത്രയും നല്ലത്.



*സ്നേഹപൂർവ്വം*
***അമ്മാവൻ പിശാച്***

## അടിക്കുറിപ്പുകൾ

1. ***'നമ്മുടെ ശത്രുവിന്റെ പാളയം'***- പിശാചിന്റെ പാളയത്തിൽതന്നെ തന്റെ മേൽനോട്ടത്തിലുള്ള ആളിനെ എങ്ങനേയും തളച്ചിടുക എന്നതായിരുന്ന കുട്ടിപ്പിശാചിന്റെ ജോലി. എന്നാൽ അതിൽ അവൻ പരാജയപ്പെട്ടു. ആ മനുഷ്യൻ ക്രിസ്ത്യാനിയായി. ഇതിനേയാണ് 'അയാൾ നമ്മുടെ ശത്രുവിന്റെ പാളയത്തിലേക്കു പോയി' എന്നുതുകൊണ്ട് അർത്ഥമാക്കുന്നത്. പിശാചുക്കളുടെ ശത്രു ദൈവമാണല്ലോ.

2. ***'കൊടികളോടുകൂടിയ സൈന്യംപോലെ'***- ഉത്തമഗീതം 6:10 ൽ നിന്നുള്ള ഉദ്ധരണി.

3. ***'എന്നാൽ ഭാഗ്യം... മനുഷ്യർക്ക് സഭയെ അതിന്റെ തനിമയിൽ കാണാൻ കഴിയില്ല'***- സഭയുടെ മഹത്വം അതിൽ അംഗങ്ങളായവർപോലും വേണ്ടവിധത്തിൽ കാണുന്നില്ല. അവർ സഹവിശ്വാസികളുടെ കുറ്റങ്ങളും കുറവുകളുമാണ് കാണുന്നത്. ഇതവരെ നിരാശരും അസ്വസ്ഥരുമാക്കുന്നു. ഇത് തങ്ങളുടെ ഭാഗ്യമായാണ് പിശാചുക്കൾ കണക്കാക്കുന്നത്!

4. ***'ഈ മണ്ടൻ അതറിയുന്നില്ല'***- കാഴ്ചയിലും, വേഷവിധാനത്തിലും, പെരുമാറ്റത്തിലും ഒട്ടും ആകർഷണീയരല്ലാത്ത സഹവിശ്വാസികളിൽ ചിലർ ദൈവത്തിന്റെ ശക്തരായ വിലയേറിയ പോരാളികളാണ്. അത് പിശാചുക്കൾക്ക് അറിയാം. പക്ഷേ സഭയിൽ അടുത്തിരിക്കുന്ന ക്രിസ്ത്യാനി അതറിയുന്നില്ല. അതുകൊണ്ട് അവനെ മടയൻ എന്ന് ഇവിടെ വിളിക്കുന്നു.

5. ***'ഈ ചേർച്ചയില്ലായ്മ... ഇവരുടെ ക്രിസ്തീയതയും അസംബന്ധമാണെന്ന നിഗമനത്തിൽ എത്തിക്കും'***- സഹവിശ്വാസികളുടെ പെരുമാറ്റവും വേഷവും പാട്ടും പ്രതീക്ഷയ്ക്കൊത്ത് ഉയരാതിരിക്കുമ്പോൾ അവരുടെ ആത്മീയതയും ഇതുപോലെ ചേർച്ചക്കുറവുള്ളതാണെന്ന് പുതിയ വിശ്വാസി ചിന്തിച്ചുപോവുകയാണ്!

6. ***'അധോലോകത്തിലെ പിതാവിന്റെ പ്രവൃത്തിയെ നന്ദിയോടെ ഓർക്കാം'***- 'സ്വർഗസ്ഥനായ പിതാവേ' എന്നു നാം ദൈവത്തെ വിളിക്കുന്നതുപോലെ പിശാചുക്കൾ 'അധോലോകത്തിലെ പിതാവേ' എന്ന് സംബോധനചെയ്യുന്നു! തരം കിട്ടുമ്പോഴൊക്കെ തങ്ങളുടെ പിതാവിനെ നന്ദിയോടെ ഓർക്കാനും സ്തുതിക്കാനും പിശാചുക്കൾ കാട്ടുന്ന വ്യഗ്രത നമുക്കും പാഠമാകട്ടെ

7. 'അതിനാൽ ഞാൻ മറ്റുള്ളവരെ വിധിക്കുകയില്ല'- 'എന്റെ ജീവിതത്തിൽ എത്രയോ കുറവുകളുണ്ട്. എന്നിട്ടും ദൈവം എന്നെ അംഗീകരിച്ചല്ലോ. അതുപോലെ കുറ്റങ്ങളും കുറവുകളുമുള്ള എന്റെ സഹവിശ്വാസികളും ദൈവത്താൽ അംഗീകരിക്കപ്പെട്ടവരാണ്'- ഈ സത്യം കണ്ടുകഴിഞ്ഞാൽ നാം മറ്റുള്ളവരെ വിധിക്കുകയില്ല. പക്ഷേ ഈ സത്യം കാണാതെ പിശാച് അനേകം വിശ്വാസികളുടേയും കണ്ണിനെ കുരുടാക്കുന്നു.

8. ***'താനൊരു പാപിയാണെന്ന് ഏറ്റു പറയുമ്പോഴും.... ദൈവത്തിനായി എന്തോ ഔദാര്യം ചെയ്തവനാണെന്ന ഭാവമാണവനുള്ളത്'***- വലിയ സാമൂഹിക നിലയുള്ള ചിലർ, അനുതപിച്ച് സഭയിൽ വന്നാലും തങ്ങളുടെ മാനസാന്തരംകൊണ്ടു ദൈവത്തിനും ദൈവസഭയ്ക്കും താൻ എന്തോ ഔദാര്യം ചെയ്തു എന്ന തോന്നലിലാണവർ. ഈ തോന്നലിൽ അവരെ തളച്ചിട്ട് കൂട്ടായ്മയെ തടസ്സപ്പെടുത്തുന്നത് പിശാചിന്റെ പ്രവൃത്തിയാണ്.

*ക്രിസ്തീയലോകത്തെ വാർത്തകൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ...*

# ആക്രമണം: സമാധാനശ്രമങ്ങൾക്ക് മങ്ങൽ

ഗാസാ മേഖലയിൽ പലസ്തീൻ തീവ്രവാദികൾ നടത്തിയ മനുഷ്യ ബോംബ് ആക്രമണങ്ങളും യിസ്രായേൽ പട്ടാള നടപടികളും പലസ്തീൻ-യിസ്രായേൽ സമാധാന ശ്രമങ്ങൾക്കു മങ്ങലേൽപ്പിച്ചു. സമാധാന ശ്രമങ്ങളുടെ ഭാഗമായി യിസ്രായേൽ പ്രധാനമന്ത്രി ഏരിയൽ ഷരോണും പലസ്തീനിയൻ പ്രധാന മന്ത്രി അഹമ്മദ് ക്വറെയും തമ്മിൽ നടത്താനിരുന്ന ചർച്ചകളാണ് ആക്രമണങ്ങളെ തുടർന്നു മാററിവച്ചത്. ഇരുവരും തമ്മിലുള്ള സംഭാഷണങ്ങൾക്കു കളമൊരുക്കാൻ ഇരുവിഭാഗത്തിലേയും ഉന്നത ഉദ്യോഗസ്ഥർ മുൻകൂട്ടി യോഗം ചേർന്ന് വിശദമായ ചർച്ച നടത്തേണ്ടതുണ്ടായിരുന്നു. പട്ടാളനടപടികളെയും ആക്രമണങ്ങളെയും തുടർന്ന് ഈ പ്രാഥമിക ഉദ്യോഗസ്ഥ തല ചർച്ച നടക്കാതെ പോയതിനെ തുടർന്നാണ് പ്രധാനമന്ത്രിമാർ തമ്മിലുള്ള കൂടിക്കാഴ്ച മാററിവച്ചത്. ഇതിനിടെ ഗാസാ മേഖലയിൽ യിസ്രായേൽ നടത്തുന്ന സുരക്ഷിത വേലിയുടെ നിർമ്മാണത്തിന്റെ സാംഗത്യം തന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. പലസ്തീനിയൻ മനുഷ്യബോംബുകൾക്ക് തന്ത്രപ്രധാനമായ മേഖലകളിൽ ഇപ്പോഴും യഥേഷ്ടം കടന്നു കയറാമെന്നിരിക്കെ സുരക്ഷിത വേലിയും തീരെ സുരക്ഷിതമല്ലെന്നും അതുകൊണ്ടുതന്നെ അതിന്റെ നിർമാണവുമായി യിസ്രായേൽ മുന്നേട്ടു പോകുന്നതിന് ഇനി പ്രസക്തിയില്ലെന്നുമാണു വാദം.



## യന്ത്രമനുഷ്യർ പെരുകുന്നു

യന്ത്രമനുഷ്യരുടെ നിർമ്മാണത്തിൽ ജപ്പാൻ കമ്പനികൾ മുന്നേറുന്നു. നടക്കുകയും കൈകൾ വീശുകയും കുനിയുകയും കാഹളം ഊതുകയും ചെയ്യാൻ കഴിവുള്ള നാലടി പൊക്കമുള്ള ഒരു യന്ത്രമനുഷ്യനെ ടയോട്ടാ കമ്പനി പുറത്തിറക്കി. പ്രായമായ ആളുകൾക്കു സഹായിയായും പി.എ ആയും പ്രവർത്തിക്കാൻ കഴിവുള്ള യന്ത്രമനുഷ്യർക്കു രൂപകൽപന നൽകുകയാണ് അടുത്ത ലക്ഷ്യമെന്നു ടൊയോട്ട കമ്പനി വൃത്തങ്ങൾ അറിയിച്ചു. 1996 ൽ തന്നെ യന്ത്രമനുഷ്യനെ നിർമിച്ച ഹോണ്ടാ കമ്പനി പരിചിത മുഖങ്ങൾ തിരിച്ചറിയുകയും ഡാൻസു ചെയ്യുകയും ലഘുചോദ്യങ്ങൾക്കു മറുപടി നൽകുകയും ചെയ്യുന്ന പുതിയയന്ത്രമനുഷ്യനെ നിർമിച്ചു കഴിഞ്ഞു. ജപ്പാനിലെ സോണി കമ്പനിയും കഴിഞ്ഞ വർഷം ഒരു യന്ത്രമനുഷ്യനെ പുറത്തിറക്കിയിരുന്നു. അതേ സമയം മനുഷ്യ വിജ്ഞാനത്തിന്റെയും സാങ്കേതിക വിദ്യയുടെയും ഈ നിലയിലുള്ള വിസ്ഫോടനം കർത്താവിന്റെ രണ്ടാം വരവിന്റെ ലക്ഷണങ്ങളിലൊന്നായി വേദപഠിതാക്കൾ ചൂണ്ടിക്കാട്ടുന്നു.

●

# വായനക്കാർ എഴുതുന്നു!

### ഓരോ വരിയും പ്രാർത്ഥനയോടെ...

അനേകം മാസികകൾ എനിക്ക് വരുന്നുണ്ട്. കൂണുപോലെ മുളച്ചു നിൽക്കുന്ന അനേകം മാസികകൾക്കിടയിൽ വേറിട്ടുനിൽക്കുന്ന ഒരു സുഗന്ധപുഷ്പമാണ് ജീവമൊഴികൾ. ഓരോ വരിയും ഞാൻ പ്രാർത്ഥനയോടുകൂടിയാണ് വായിച്ചത്.

*ജോസ് ഏബ്രഹാം*
*മോഴിയക്കാട്ട് പി.ഒ.,*
*മടത്തറ 691 317*

### വൈറ്റ്ഫീൽഡിന്റെ ജീവചരിത്രം

മാർച്ച്ലക്കം ജീവമൊഴി വായിച്ചു. അതിൽ പ്രസിദ്ധീകരിച്ചിരുന്നു 'ജോർജ് വൈറ്റ് ഫീൽഡ്: ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും എന്ന ജീവിതകഥ എന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ചു. ഏതൊരാൾക്കും ലളിതമായി വായിച്ചു മനസ്സിലാക്കാൻ പറ്റിയ ലേഖനം. ലോകത്തിൽ തന്റെ വേല ചെയ്യുവാൻ ദൈവം ഉപയോഗിച്ച ദൈവദാസന്റെ കഥ എത്ര വായിച്ചിട്ടും മതിവന്നില്ല. അതുപോലെ 'ജീവമൊഴികളിലെ' ഓരോ ലേഖനവും എന്നെ വളരെ ചിന്തിപ്പിച്ചു. 'നമ്മുടെ സഭകൾ നേരിടുന്ന ഭീഷണി' എന്ന എഡിറ്റോറിയലും അതീവ ശ്രദ്ധേയമായി.

*തറയിൽ തമ്പി, പെരുവ പി.ഒ*

### ഈടുറ്റ ലേഖനങ്ങൾ

ജീവമൊഴികളിലെ ഈടുറ്റ ലേഖനങ്ങളെ ഓർത്തു ദൈവത്തെ സ്തുതിക്കുകയും അണിയറ ശില്പികളെ അഭിനന്ദിക്കുകയും ചെയ്യുന്നു.

*ബിജി ഏബ്രഹാം,*
*കോലഞ്ചേരി-682 311*

### വരിക്കാരനാകാൻ ആഗ്രഹം

ജീവമൊഴികൾ മാസികയുടെ ചില പഴയ കോപ്പികൾ കിട്ടി വായിക്കാനിടയായി. ഞാനും വരിക്കാരനാകുവാൻ ആഗ്രഹിക്കുന്നു. ദയവായി കോപ്പി അയച്ചുതരിക.

*ജേക്കബ്ജോൺ, തിരുവല്ല 11*

### കൊച്ചുകുഞ്ഞ് ഉപദേശി

ജീവമൊഴികളിൽ സാധുകൊച്ചുകുഞ്ഞ് ഉപദേശിയുടെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയതു ഹൃദയസ്പർശിയായിരുന്നു. എന്റെ മാതാപിതാക്കൾ ഉള്ളപ്പോൾ അവരോടൊപ്പം അദ്ദേഹത്തിന്റെ മിക്ക പാട്ടുകളും ഞാൻ പഠിച്ചിരുന്നത് ഓർമിക്കുന്നു.

*ഡോ. എം.റ്റി. സ്കറിയ*
*സൂററ്റ്, 395 001*

Rs. 7/- per copy

JEEVAMOZHIKAL RNI/M2-36116/03

"Registred" No: KL/KTM/608/2003-05

# താങ്കൾക്ക് താങ്കളെ അറിയാമോ?

എ. ഡബ്ളിയു. ടോസർ

**നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണോ? എങ്കിൽ ഈ ഏഴു ചോദ്യങ്ങൾ സ്വയം ചോദിക്കുക. അവയുടെ സത്യസന്ധമായ ഉത്തരം നിങ്ങൾ ഏതുതരത്തിലുള്ള ആളാണെന്നു വ്യക്തമാക്കും.**

1. *നിങ്ങൾ ജീവിതത്തിൽ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതെന്താണ്?*

   നിങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യം എന്തെന്ന് ഈ ചോദ്യത്തിന്റെ ഉത്തരം വെളിവാക്കും. പണമാണോ? പേരാണോ? ജീവിത സുഖങ്ങളാണോ? നിങ്ങളുടെ കുടുംബത്തിന്റെ സുരക്ഷിതത്വമാണോ? ജോലിയിലുള്ള അഭിവൃദ്ധിയാണോ? ശുശ്രൂഷയിലുള്ള നേട്ടമാണോ?

   ഒരു യഥാർത്ഥ ആത്മീയൻ ദൈവത്തെ (ദൈവസാന്നിദ്ധ്യത്തെ)യായിരിക്കും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത്.

2. *നിങ്ങൾ ഏറ്റവും കൂടുതൽ ചിന്തിക്കുന്നത് എന്തിനെക്കുറിച്ചാണ്?*

   നിങ്ങളുടെ ചിന്തകൾ ഏറ്റവും കൂടുതൽ സമയവും വലംവയ്ക്കുന്നത് എന്തിനെയാണ്? നിങ്ങൾ ജോലിയുള്ള ആളാണെങ്കിൽ ജോലിസമയത്ത് തൊഴിൽപരമായ കാര്യങ്ങളിൽ മനസ്സു കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാനാവില്ല. എന്നാൽ അതിനുശേഷം, വലിച്ചു പിടിച്ചിരിക്കുന്ന ഒരു റബർ ബാന്റ് വിട്ടു കഴിയുമ്പോൾ പൂർവ്വ സ്ഥിതിയെ പ്രാപിക്കുന്നതു പോലെ, വേഗത്തിൽ ദൈവത്തിങ്കലേക്ക്, അവിടുത്തെ കാര്യങ്ങളിലേക്ക് മടങ്ങിവരുന്നുണ്ടോ?

3. *നിങ്ങൾ നിങ്ങളുടെ പണം എങ്ങനെയാണു ചെലവഴിക്കുന്നത്?*

   നിങ്ങളുടെ ആവശ്യങ്ങൾക്കും സൗകര്യങ്ങൾക്കും വേണ്ടി പണം ചെലവഴിക്കേണ്ടതുണ്ട്. എന്നാൽ അതിനുശേഷമുള്ളപണമോ? അത് എങ്ങനെയാണ് ചെലവഴിക്കുന്നത്?

4. *നിങ്ങളുടെ ഒഴിവു സമയത്ത് നിങ്ങൾ എന്താണ് ചെയ്യുന്നത്?*

   ഒഴിവു സമയത്ത് ചില കളികളോ, വിനോദങ്ങളോ നിങ്ങൾക്ക് ആവശ്യമായിരിക്കാം. എന്നാൽ ഒഴിവു സമയം മുഴുവൻ അത് അപഹരിച്ചാൽ നിങ്ങളുടെ ഹൃദയം ഏതിനാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്നതിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്.

5. *ആരുടെ സഹവാസമാണ് നിങ്ങൾ ഏറ്റവും കൂടുതൽ ആസ്വദിക്കുന്നത്?*

   ആരുടെ സഹവാസമാണ് നിങ്ങൾ ഏറ്റവും കൂടുതൽ 'സഹിക്കുന്നത്" എന്നല്ല ആരുടെ "കമ്പനി'യാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്, ആസ്വദിക്കുന്നത് എന്നാണ് ചോദ്യം. നിങ്ങളുടെ കൂട്ടുകാർ ആരാണെന്ന് അറിഞ്ഞാൽ നിങ്ങൾ എങ്ങനെയുള്ള ആളാണെന്ന് വേഗം മനസ്സിലാക്കാൻ കഴിയും.

6. *ആരെയാണ്, എന്തിനെയാണ് നിങ്ങൾ ഏറ്റവും കൂടുതൽ വിലമതിക്കുന്നത്?*

   യുവജനങ്ങൾ, കായികതാരങ്ങളെയോ, കലാകാരന്മാരെയോ, ധീരോദാത്ത നായകന്മാരായി കണ്ടു വിലമതിച്ചേക്കാം. എന്നാൽ ഒരു യഥാർത്ഥ ആത്മീയന്റെ കണ്ണിൽ ഏറ്റവും കൂടുതൽ വിലയേറിയ ആൾ കർത്താവായ യേശുക്രിസ്തു ആയിരിക്കും.

7. *ഏതുതരം തമാശയാണ് നിങ്ങളെ ഏറ്റവും കൂടുതൽ ചിരിപ്പിക്കുന്നത്?*

   ചിരിക്കാനുള്ള കഴിവും നർമ്മബോധവും ദൈവം തന്നെ തന്നതാണ് സംശയമില്ല. എന്നാൽ മറ്റുള്ളവരെ മുറിവേൽപ്പിക്കുന്നതോ, വൃത്തികെട്ടതോ ആയ തമാശകളാണ് നിങ്ങളെ രസിപ്പിക്കുന്നതെങ്കിൽ നിങ്ങൾ എങ്ങനെയുള്ള ആളാണെന്ന് അത് വ്യക്തമാക്കുന്നു.

   ജന്തുലോകത്തിൽ 'കാക്കകുളിച്ചാൽ കൊക്കാകുക'യില്ലായിരിക്കാം. എന്നാൽ ആത്മീയലോകത്ത് കാക്കയ്ക്ക് പ്രാവാകാൻ കഴിയും.

Printed & Published by T. Ipe, on behalf of Christian Fellowship Trust, Kumaranalloor P. O., Kottayam-16 Ph : 0481 - 2392753.
Printed and published from Udaya Press Kottayam, Editor: Geoji T. Samuel.